www.malankaralibrary.com

# കനലിൽ വിരിഞ്ഞ പൂവ്



ജോസ് മുണ്ടപ്ലാവില

www.malankaralibrary.com

# കനലിൽ വിരിഞ്ഞ പൂവ്

www.malankaralibrary.com

(Malayalam)
Kanalil Virinja Poovu
(Stories)

By Jose Mundaplavila
First Published: January 2019
Cover Design : R. Mahesh
Layout : Communiqué, Tvm
Printing at: Orange Press, Tvm
Price Rs. 80.00.

© All Rights Reserved
No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher

Publishers

M. S. Publications
St. Mary's Malankara Seminary
Nalanchira, TVM-15
0471-25311521, 2530084

www.malankaralibrary.com

# കനലിൽ വിരിഞ്ഞ പൂവ്

ജോസ് മുണ്ടപ്ലാവിള

**എം.എസ്. പബ്ളിക്കേഷൻസ്**
സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി
തിരുവനന്തപുരം

www.malankaralibrary.com

## ജോസ് മുണ്ടപ്ലാവിള

1991 ൽ ശ്രീമാൻ രാജന്റെയും ശ്രീമതി വൈജയന്തിയുടെയും രണ്ടാമത്തെ മകനായി തമലത്ത് ജനിച്ചു. തിരുവനന്തപുരം വിജ്ഞാൻ വിഹാർ സ്കൂളിലും എബ്രാഹാം മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലും സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലുമായി വിദ്യാഭ്യാസം. തുടർന്ന് പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലും നാലാഞ്ചിറ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലും വൈദിക പഠനം പൂർത്തിയാക്കി. 2019 ജനുവരി മാസം 4-ാം തീയതി വൈദികനായി .

ജോസ് മുണ്ടപ്ലാവിള

മുണ്ടപ്ലാവിള വീട്,

തമലം, തിരുവനന്തപുരം

മൊബൈൽ: 9497863430

www.malankaralibrary.com

# The Syro-Malankara Catholic Church

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION:
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel: + 91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: + 91-471-2533644, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com

24-12-2018

## അനുഗ്രഹാശംസ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ അതിരൂപതയിലെ തമലം മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ ഗുഡ്ഗാവ്-ഡൽഹി ഭദ്രാസത്തിനുവേണ്ടി ശുശ്രൂഷാ പൗരോഹിത്യം സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ഡീക്കൻ ജോസ് മുണ്ടപ്ലാവിള തന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സ്മരണികയായി **''കനലിൽ വിരിഞ്ഞ പൂവ്''**എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. എന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

തന്റെ ജീവിതാനുഭവങ്ങളും ആശംസകളും കഥാരൂപത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ ദൈവോന്മുഖമായി ചിന്തകൾ കേന്ദ്രീകരിക്കപ്പെടും എന്നതിൽ സംശയമില്ല. ബലിയാകുവാനും ബലിയേകുവാനുമായി തന്റെ പൗരോഹിത്യം ദൈവത്തിനും ദൈവജനത്തിനുമായി സമർപ്പിക്കപ്പെടുന്ന ഈ അനുഗ്രഹീത സന്ദർഭത്തിൽ പൗരോഹിത്യത്തിന്റെ അഗ്നിശോഭയിൽ ചുറ്റുപാടും പ്രകാശം നല്കുവാനും വിശുദ്ധിയുടെ പരിമളം വർഷിക്കുവാനും ഈ ശുശ്രൂഷ ഉപകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ബഹുമാനപ്പെട്ട ഡീക്കൻ ജോസ് മുണ്ടപ്ലാവിളയുടെ ഈ ഉദ്യമത്തെ ഞാൻ അഭിനന്ദിക്കുന്നു. തന്റെ പൗരോഹിത്യസ്വീകരണത്തിന്റെ ഉചിതമായ ഒരു സ്മരണികയായി **''കനലിൽ വിരിഞ്ഞ പൂവ്''** ഞാൻ അനുവാചകർക്ക് സമർപ്പിക്കുന്നു.

ഗ്രന്ഥകാരനെയും അനുവാചകരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

BASELIOS CARDINAL CLEEMIS ★ THE SYRO-MALANKARA CATHOLIC CHURCH ★ MAJOR ARCHBISHOP-CATHOLICOS

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിരൂപതയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

www.malankaralibrary.com

## ആശംസ

ഓരോ കഥാകാരനും കഥകൾക്ക് ഇതിവൃത്തമാക്കുന്നത് തങ്ങളുടെ ചുറ്റുപാടിൽ നടക്കുന്ന പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളെയാണ്. താൻ കണ്ടുമുട്ടുന്ന വ്യക്തികളും അനുഭവങ്ങളും കാഴ്ചകളും സൂക്ഷ്മ നീരിക്ഷണത്തിന് വിധേയമാക്കി മനസ്സിൽ ഒപ്പിയെടുത്ത് കടലാസിൽ പകർത്തുന്നതാണ് ജീവനുള്ള കഥയായി രൂപം കൊള്ളുന്നത്. ഒരു കഥയും പൊടുന്നനെ ജന്മം കൊള്ളുന്നതല്ല അത് ഒരു തപശ്ചര്യ പോലെയാണ്... ദിനങ്ങൾ നീളുന്ന ധ്യാനമനനങ്ങളുടെ ഫലമാണ്. ഇപ്രകാരം ജോസ് മുണ്ടപ്ലാവിള അച്ചനും, താൻ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വ്യക്തികളെയും സംഭവങ്ങളെയും ധ്യാന വിഷയങ്ങളാക്കി പകർത്തിയതാണ് ഈ ഗ്രന്ഥത്തിലെ ഓരോ കഥകളും. ഭാഷാ പഠനത്തിലും വായനയിലും പ്രത്യേകം ശ്രദ്ധയുള്ള ജീവിതത്തെ കുറിച്ച് വ്യക്തമായ നിലപാടുകളും വിലയിരുത്തലുകളുമുള്ള അച്ചന്റെ തൂലികയിലൂടെ ജന്മം കൊണ്ട കഥകൾക്ക് പച്ചയായ ജീവിതത്തിന്റെ ഗന്ധമുണ്ട്. നിരാശയുടെ പരിദേവനങ്ങളല്ല പിന്നെയോ പ്രത്യാശയുടെ സുവിശേഷമാണ് ഓരോ വരികൾക്കിടയിലൂടെയും നാം വായിച്ചെടുക്കുന്നത്. പൗരോഹിത്യത്തിലേക്ക് പ്രത്യാശയോടെ നടന്നടുക്കുന്ന ബഹുമാനപ്പെട്ട ജോസച്ചന്റെ കഠിനാധ്വാനത്തിന്റെ ഫലമായ ഈ ഗ്രന്ഥത്തിന് എല്ലാ പ്രാർത്ഥനകളും ആശംസകളും നേരുന്നു. ഇതുപോലെയുള്ള ഈടുറ്റ സംഭാവനകൾ തുടർന്നും അച്ചനിൽ നിന്നും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

**റവ.ഫാ.ജോസഫ് പൂവത്തുംതറയിൽ**
സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി
തിരുവനന്തപുരം

www.malankaralibrary.com

അവതാരിക

# സ്വർഗ്ഗസൗഭാഗ്യങ്ങളുടെ സ്വപ്നങ്ങൾ

ഡോ. ജോർജ് ഓണക്കൂർ

സമർപ്പിതവഴിയിൽ ജോസ് മുണ്ടപ്ലാവിള അച്ചന്റെ യാത്രാരംഭം. അതിന് സ്വർഗ്ഗചാരുത പകരുന്ന രചനകളാണ് ഈ സമാഹാരത്തിൽ. വേറിട്ട വായനാനുഭവം സംഭാവന ചെയ്യുന്ന കഥാഖ്യാനം ഹൃദയംഗമം. നന്മയുടെ പ്രകാശം പരത്തുന്ന കഥാനുഭവങ്ങൾ, കഷ്ടപ്പാടുകൾ, നഷ്ടപ്പെടലുകൾ, മരണം എന്നിവയൊക്കെ ജോസച്ചൻ ചിത്രീകരിക്കുന്നുണ്ട്. കഥാവസ്തുവിന്റെ അപൂർവതയും ആവിഷ്കാരത്തിലെ ലാളിത്യവും മൗലികവുമായ പ്രകാശലോകം സൃഷ്ടിക്കുന്നു.

ഒറ്റപ്പെടലാണ് ജീവിതത്തിലെ ഏറ്റവും വലിയ ദുഃഖം. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള മോഹം എല്ലാ മനുഷ്യരെയും ചൂഴ്ന്നുനിൽക്കുന്നു. 'എന്നെ ഒന്നു സ്നേഹിക്കാമോ' എന്ന കഥാനുഭവത്തിന്റെ മൗലികഭംഗി ശ്രദ്ധേയമാണ്. വെളിച്ചത്തിന്റെ കണികപോലും പ്രത്യക്ഷമാകാത്ത ഇരുണ്ടജീവിതം. ആ ഇരുട്ടിൽ കഴിയുമ്പോൾ അവന് ഒരപേക്ഷ മാത്രം. 'എന്നെ ഒന്നു സ്നേഹിക്കാമോ'.

ആരും അതിന് ചെവി കൊടുക്കുന്നില്ല. പറന്നുനടക്കുന്ന ചിത്രശലഭവും കടലിനുള്ളിൽ മറയാൻ പോകുന്ന സൂര്യനും അവഗണിച്ചു. 'ആർക്കും വേണ്ടാത്ത വെറുക്കപ്പെട്ട ജീവിതം എനിക്കുവേണ്ട', അവൻ പൊട്ടിക്കരഞ്ഞു. ഒടുവിൽ ജീവിതം നഷ്ടമായി എന്ന് ബോദ്ധ്യമായപ്പോൾ ദൂരെക്കണ്ട മലയിൽ ഓടിക്കയറി. അവിടെ നാട്ടിയിരുന്ന കുരിശിൽ തൂങ്ങിക്കിടക്കുന്ന മനുഷ്യന്റെ കാലിൽ പിടിച്ചുകുലുക്കി അവൻ ചോദിക്കുന്നു.

'ആർക്കും വേണ്ടാത്ത എന്നെ എന്തിനാ സൃഷ്ടിച്ചത്?'

മുകളിൽ നിന്ന് തലയിൽ വീണ ചുടുകണ്ണീർ. അവൻ തലയുയർത്തി നോക്കിയപ്പോൾ ക്രിസ്തുവും കരയുന്നു.

'ആരു പറഞ്ഞു നീ ആർക്കും വേണ്ടാത്തവനാണെന്ന്'?

ക്രിസ്തുവിന്റെ സ്വരം പതറുന്നുണ്ടായിരുന്നു; 'ഇത്രയും നാളും ഈ

www.malankaralibrary.com

ഉള്ളം കൈയ്യിലല്ലേ നിന്നെ ഞാൻ വളർത്തിയത്. നീ ഉറങ്ങുമ്പോൾ താരാട്ട് പാടിതന്നത് ഞാനല്ലേ? നിനക്കെന്നും ചോറു വാരിതന്നത് ഞാനല്ലേ? ആരും നിന്നെ സ്നേഹിച്ചില്ലെങ്കിലും ഞാനില്ലേ നിന്റെ കൂടെ?'

അന്നു വൈകുന്നേരം അതുവഴി പോയവരെല്ലാം കണ്ടു, കുരിശിൽ തൂങ്ങികിടക്കുന്ന ക്രിസ്തുവിന്റെ തോളിൽ ഒരാളെ........................

കരുണയുടെ, കരുതലിന്റെ ഹൃദയാർദ്രചിത്രം. ഇത് ഒരു പുതിയ ഒരു എഴുത്തുകാരൻ വരഞ്ഞിടുന്ന കലാശില്പമെന്ന് വിശ്വസിക്കുക പ്രയാസം. അത്രയ്ക്ക് അപൂർവ്വ സുന്ദരം; ഭാവനാപൂർണ്ണം.

സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന മനുഷ്യാവസ്ഥയെക്കുറിച്ച് വേറെയുമുണ്ട് കഥകൾ. യാന്ത്രികമായ സുഖസൗകര്യങ്ങൾ വീട്ടിൽ, അവിടെ ഒറ്റപ്പെടുന്ന വാർദ്ധക്യം. മരണം തരണീയമെന്ന് നിശ്ചയിച്ച് രാമക്കൽമേട്ടിൽ എത്തുന്ന വൃദ്ധനെ രക്ഷപ്പെടുത്തുന്ന ചെറുപ്പക്കാരൻ അവനോട് അടക്കാനാവാത്ത ദേഷ്യം; മരിക്കാനും സമ്മതിക്കില്ല!

പക്ഷേ ചെറുപ്പക്കാരന്റെ വാക്കുകളിൽ ദൈവസ്നേഹം തുളുമ്പുന്നു:

'ഞങ്ങളുടെ കല്യാണം കഴിഞ്ഞ മാസമായിരുന്നു. ഞങ്ങൾ രണ്ടുപേരും ഐ.ടി. കമ്പനിയിൽ ജോലി ചെയ്യുന്നു. തെരുവിലാണ് ഞങ്ങളുടെ ജനനം. അനാഥാലയത്തിലാണ് ഞങ്ങൾ വളർന്നത്. അപ്പനെന്നും അമ്മയെന്നും വിളിക്കാൻ ഒത്തിരി കൊതിച്ചിട്ടുണ്ട്. പക്ഷേ സാധിച്ചിട്ടില്ല. അപ്പച്ചന്റെ മക്കൾ പറയുന്നതെല്ലാം ഞങ്ങൾ കേട്ടു. ചോദിക്കാൻ അനുവാദമില്ലെന്ന് അറിയാം. പറയുന്നത് തെറ്റാണെന്നുമറിയാം. എങ്കിലും ചോദിച്ചോട്ടെ. വിരോധമില്ലെങ്കിൽ ഞങ്ങളുടെ കൂടെ പോരാമോ, ഞങ്ങൾ പൊന്നു പോലെ നോക്കിക്കൊള്ളാം. വീട്ടിൽ ഒരപ്പനായിട്ടല്ല, ദൈവത്തെപ്പോലെ ഞങ്ങൾ നോക്കും .......'

ഹൃദയംഗമായ വാക്കുകൾ, ഈ കഥകളിൽ ദൈവം സംസാരിക്കുന്നത് നാം കേൾക്കുന്നു. മരണം പോലും ശാന്തി പകരുന്നു. സ്വർഗീയ കാന്തി പരത്തുന്നു. ദൈവത്തിന്റെ വഴി തെരഞ്ഞെടുത്തവനെ ആർക്കും തോൽപ്പിക്കാനാവില്ല. ഒഡീഷയിലെ വൈദികന്റെ അനുഭവം:

'കണ്ണ് തുറന്നപ്പോൾ ഞാൻ ആരുടെയോ മടിയിലാണ്. ചുറ്റും നിന്ന് തൂവെള്ള വസ്ത്രം ധരിച്ച ഒത്തിരിപ്പേർ നല്ല ഈണത്തിലും താളത്തിലും അവരുടെ ചിറക് വീശിക്കൊണ്ട് പാടുന്നു. അവരുടെ പാട്ടിന് ഒരു വാക്കു മാത്രമേയുള്ളു. 'ഹല്ലേലൂയാ' എന്റെ നെറുകയിൽ തടവിക്കൊണ്ട് ഒരു മൃദുല സ്വരം ചോദിച്ചു.

'അവർ അടിച്ചപ്പോൾ മോന് വേദനിച്ചോ'

'ഇല്ല എനിക്കുറപ്പായിരുന്നു. ഞാൻ നിശ്ചയമായും എന്റെ അപ്പന്റെ മടിയിൽ കിടക്കുമെന്ന്.''

മരണം ദൈവാനുഗ്രഹമാണ്. വാത്സല്യം അനുഭവിക്കലാണ്. സ്വന്തം മരണം മധുരതരമായി സ്വീകരിക്കുന്ന വൈദികൻ, മകന്റെ അന്ത്യം പ്രാർത്ഥനാപൂർവ്വം സ്വീകരിക്കുന്ന അമ്മ, എങ്കിലും ഒരു ചോദ്യം അവ ശേഷിക്കുന്നു; ദൈവസന്നിധിയിൽ ഏത് അമ്മയ്ക്കും ചോദിക്കാൻ അവകാശപ്പെട്ടത്, അമ്മയ്ക്കുമാത്രം....

www.malankaralibrary.com

'ദൈവത്തിന്റെ അടുത്തെത്തുമ്പോൾ ചോദിക്കാൻ അമ്മയൊരു ചോദ്യം കരുതി വച്ചിട്ടുണ്ട്. തിരിച്ചുപിടിക്കാൻ ആയിരുന്നെങ്കിൽ ദൈവമേ, നീ എന്തിന് എനിക്കൊരു മകനെ തന്നു മോഹിപ്പിച്ചു? ദൈവത്തോട് വാഗ്വാദം നടത്താൻ കേവലം മനുഷ്യപ്പുഴുവായ അമ്മയ്ക്കാകില്ലെന്ന് അറിയാഞ്ഞിട്ടല്ല. ആത്മാവിന്റെ അഗാധത്തിലെവിടെയോ തിളച്ചുമറിയുന്ന സങ്കടം അണപൊട്ടി ഒഴുകുമ്പോൾ ചോദിച്ചുപോകുന്നതാണ്.'

ദുഃഖങ്ങൾ നിറയുന്ന ജീവിതത്തിലും പ്രത്യാശപൂർണ്ണമായ സ്വർഗഭാഗ്യങ്ങളാണ് ഈ യുവകഥാകാരന്റെ സ്വപ്നം. അത് സാന്ത്വനമാണ്, സന്തോഷമാണ്. ഒരു സമർപ്പിതന് മാത്രം സ്വന്തമാക്കാൻ കഴിയുന്ന ആത്മീയത. ദുഃഖിതരെ കണ്ടെത്തുക; അവരിൽ ദൈവസാന്നിദ്ധ്യം തിരിച്ചറിയുക, സഹോദരങ്ങളിൽ, കൂട്ടുകാരിൽ, ബന്ധു ജനങ്ങളിൽ, മാതാപിതാക്കളിൽ, രോഗികളിൽ ദൈവകൃപ ചൊരിയാൻ മനസ്സു തുറക്കുന്നവർക്ക് മുന്നിൽ ശാന്തിയുടെ കവാടം തുറക്കപ്പെടും. 'എനിക്ക് നിന്നെ അറിയില്ല' എന്ന നീരസത്തിന്റെ വാക്കുകൾ ഒരിക്കലും ശ്രദ്ധിക്കേണ്ടിവരികയില്ല.

നന്മയുടെ പരിമളം ചൊരിയുന്ന, പുഞ്ചിരി തൂകുന്ന കഥാമഞ്ജരിയാണ് ജോസ് മുണ്ടപ്ലാവിള അച്ചന്റെ പുസ്തകം, നേർവഴി തെറ്റിയ ജീവിതങ്ങളെ കരുണാർദ്രമായ കണ്ണുകളോടെയാണ് ഈ യുവവൈദികൻ നോക്കികാണുന്നത്. പ്രകാശത്തിന്റെ വഴിയിലേക്ക് അവരെ നയിക്കാനുള്ള പ്രതിജ്ഞാബദ്ധത എങ്ങും പ്രകടമാകുന്നു.

സന്തോഷപൂർവ്വം പറയട്ടെ, അനുപമസുന്ദരമായ വായനാനുഭവമാണ് ജോസച്ചന്റെ കഥകൾ സമ്മാനിച്ചത്. പുതിയ കർമ്മപഥത്തിൽ യാത്ര തുടരുമ്പോൾ വൈവിധ്യമാർന്ന ജീവിതാനുഭവങ്ങൾ തേടിവരും. അപ്പോഴൊക്കെ ഇടറാതെ നന്മകൾ മാത്രം ദർശിച്ച്, അവ ഹൃദ്യതരമായി ആവിഷ്കരിക്കാനുള്ള നിയോഗം ഈ നവ വൈദികനൊപ്പം നിത്യം ശക്തിദായകമായി ഭവിക്കട്ടെ എന്ന ആശംസയാണ് എന്റെ അവതരണം.

'സുദർശന'
നാലാഞ്ചിറ, തിരുവനന്തപുരം – 695015
ഡിസംബർ 15 , 2018

www.malankaralibrary.com

## മുഖമൊഴി

ചന്ദനം പോലെ മറ്റുള്ളവർക്ക് സുഗന്ധം പരത്തുന്ന ചില ജീവിതങ്ങളെ കണ്ടുമുട്ടിയപ്പോൾ അത് പകർത്താതിരിക്കാൻ കഴിഞ്ഞില്ല. ആകൃതി വരുത്തി അടുക്കി വച്ചിരിക്കുന്ന അക്ഷരങ്ങളുടെയും വാക്കുകളുടെയും അകക്കാമ്പുകളിൽ ഇപ്പോഴും അവരുടെ ജീവിത ഓട്ടത്തിന്റെ കിതപ്പുകൾ കേൾക്കാം. ജീവിതത്തിന്റെ ഒരറ്റം നമ്മുടെ കൈയ്യിലും മറ്റേയറ്റം ദൈവത്തിന്റെ കൈയിലുമാണ്. ദിശമാറിയുള്ള സഞ്ചാരത്തിൽ ദൈവം യഥാർത്ഥ പാതയിലേക്ക് മനുഷ്യനെ കൊണ്ടുവരുവാനുള്ള പിടിവലികൾക്കിടയിൽ സംഭവിക്കുന്നതാണ് ചില വേദനകളും പരാജയങ്ങളും, ഒടുവിലെത്തുന്ന വിജയങ്ങളും. ഇതിനെ കുറിച്ചിടാനുള്ള എളിയ ശ്രമമാണ് ഞാനിവിടെ നടത്തുന്നത്.

ആരോ കുറിച്ചതുപോലെ ഓരോ പുസ്തകവും അമ്മയുടെ ഉദരത്തിൽനിന്ന് കുഞ്ഞ് പിറക്കുന്നതുപോലെയാണ്. ആദ്യം ആശയങ്ങളായി രൂപപ്പെട്ട് പിന്നെയത് കടലാസിൽ പകർത്തി പുസ്തകമായി കൈയിലെത്തുമ്പോൾ അതിന്റെ പിന്നിൽ ഒരു ഈറ്റ്നോവുണ്ട്. പത്ത് വർഷത്തെ കഠിനപ്രയത്നമാണ് ഈ കുഞ്ഞ് പുസ്തകം. ആശയസമൃദ്ധിയോ, സന്ദേശസമ്പത്തോ അവകാശപ്പെടുന്നില്ല. എങ്കിലും ആധുനിക ലോകത്തിന്റെ യാത്രയിൽ ഈ കുഞ്ഞ് പുസ്തകം ഒരു നുറുങ്ങുവെട്ടം പരത്തുമെന്ന് പ്രതീക്ഷിക്കുന്നു.

നന്ദി....

പരിമിതികളെയും പാളിച്ചകളെയും പരിഗണിക്കാതെ ചേർത്തുപിടിക്കുന്ന പൊന്ന് തമ്പുരാന് ....

അറുതിയില്ലാത്ത സ്നേഹം ചൊരിഞ്ഞ്, വളർത്തിവലുതാക്കിയ പപ്പയ്ക്കും അമ്മയ്ക്കും ....

മലയാളഭാഷയാകുന്ന മഹാസാഗരത്തിന്റെ തീരത്തേയ്ക്ക്
കൈപിടിച്ച് നടത്തിയ അധ്യാപകർക്ക്....

സ്ക്കൂൾ കാലഘട്ടത്തിൽ, വായിച്ചിട്ട് കളയേണ്ട ബാലരമ എനിക്ക് വായിക്കാൻ തന്നു സന്മനസ് കാണിച്ച കളിക്കൂട്ടുകാരനായ റിയോണിന്....

സാഹിത്യത്തെ സ്നേഹിക്കുകയും, സെമിനാരിയിൽ
വരുമ്പോഴൊക്കെ എഴുതണമെന്ന് എല്ലാവരോടും ആവശ്യപ്പെടുകയും, എന്നും
ഞങ്ങൾക്ക് മാതൃകയും പ്രോത്സാഹനവും ആയിരിക്കുന്ന, ഇന്ന് എന്റെ ഈ എളിയ അക്ഷരവിരുന്നിന് അനുഗ്രഹസന്ദേശം എഴുതി

www.malankaralibrary.com

അനുഗ്രഹിച്ച അഭിവന്ദ്യ ബാവാ പിതാവിന്....

സമീപിച്ചപ്പോൾ തിരക്കിലായിരുന്നെങ്കിലും സന്തോഷത്തോടെ
അവതാരിക എഴുതി പ്രോത്സാഹനത്തിന്റെ വാക്കുകൾ
മാത്രം പറഞ്ഞ്, വേണ്ടുന്ന ഉപദേശവും,
നിർദ്ദേശങ്ങളും പറഞ്ഞ് തരികയും, സ്നേഹിക്കുകയും ചെയ്യുന്ന
ഓണക്കൂർ സാറിന് ....

സാഹിത്യത്തിന്റെ ലോകത്തിൽ ഒരു തുരുത്തിലും പെട്ട്
പോകാതെ, അതിന്റെ വിശാലതയിലേക്ക്
അഹങ്കരിക്കാതെ ഊളിയിട്ട് ചെല്ലണമെന്ന് പറഞ്ഞ്
വഴിതെളിച്ച് തന്ന പെരുമ്പടവം ശ്രീധരൻ സാറിന്....

ജീവിതയാത്രയുടെ വഴിവക്കിലാണ് കണ്ടുമുട്ടിയതെങ്കിലും ഒരു സഹോദര തുല്യമായ സ്നഹം തന്ന്, കൂടെ കൊണ്ട് നടന്ന്, തെറ്റുകൾ തിരുത്തി തന്ന ഉണ്ണി അമ്മയമ്പലം സാറിന് ....

മൈനർ സെമിനാരിയിലെ കുഞ്ഞ് ലോകത്തിൽ, ചെറിയ പ്രായ ത്തിൽ തന്നെ, നീ ഒരു പുസ്തകമെഴുതണമെന്ന് ആദ്യം പറഞ്ഞ് പ്രോത്സാഹിപ്പിച്ച്, പത്ത് വർഷങ്ങൾക്കിപ്പുറം ഇന്ന് ആശംസ എഴു തി അനുഗ്രഹിച്ച ബഹുമാനപ്പെട്ട ജോസഫ് പൂവത്തുംതറയിലച്ചന്....

മലങ്കര സെമിനാരിക്ക് എന്നും അത്ഭുതമായി നിലകൊള്ളുന്ന അറി വിന്റെ ലോകത്ത് വിരാജിക്കുകയും അറിവ് പകുത്ത് കൊടുക്കുക യും ചെയ്യുന്ന, സന്തോഷത്തോടെ എം.എസ്.പബ്ലിക്കേഷൻ വഴി ഈ കുഞ്ഞ് പുസ്തകം പ്രസിദ്ധീകരിക്കാൻ അനുവദിച്ച സ്നേഹബഹു മാന്യനായ ഫിലിപ്പ് ചെമ്പകശ്ശേരിയച്ചന്....

കളിയാക്കലുകളിലൂടെയും തിരുത്തലുകളിലൂടെയും എന്നും പ്രോത്സാഹനമായി നിലകൊണ്ട എന്റെ ബാച്ചുകാർക്കും സെമിനാ രിക്കാർക്കും....

ഒടുവിൽ സഹോദരാ .... നിന്റെ വീട്ടിലും ഹൃദയത്തിലും എനിക്ക് ഒരിടം തന്നതിന് നിനക്കും ....

**ജോസ് മുണ്ടപ്ലാവിള**

www.malankaralibrary.com

## ഉള്ളടക്കം


| | |
|---|---|
| ദൈവത്തിന് ഒരു കഴുത | 15 |
| എന്റെ പൊന്നോമനയ്ക്ക് | 23 |
| മോന് വേദനിച്ചോ | 32 |
| കനലിൽ വിരിഞ്ഞ പൂവ് | 35 |
| തണുത്ത താഴ്‌വരയിലെ  പൊടിപിടിച്ച ഓർമ്മകൾ | 42 |
| എനിക്ക് നിന്നെ അറിയില്ല | 47 |
| നിങ്ങളെന്നെ ദൈവമാക്കി | 50 |
| ഹൃദയകോവിലിന്റെ വികാരി | 55 |
| സ്വാതന്ത്ര്യം | 60 |
| നിന്റെ ഇഷ്ടം നിറവേറട്ടെ | 63 |
| യജമാനൻ വരുമന്നേരത്ത് ഉണർവ്വുള്ളോർ | 72 |
| ശരീരം ഒരോർമ്മയാണ് | 78 |
| മുല്ലപ്പൂചൂടിയ ആകാശം | 83 |
| പാതിരാവിൽ പെയ്തിറങ്ങിയ സംഗീതം | 90 |
| എന്നെ ഒന്ന് സ്നേഹിക്കാമോ | 93 |

www.malankaralibrary.com

# സമർപ്പണം

സഭയുടെ മണവാളന്മാർക്ക്

ക്രിസ്തുവിന്റെ മണവാട്ടിമാർക്ക്

പപ്പയ്ക്കും അമ്മയ്ക്കും

ചേട്ടനും ചേച്ചിക്കും

പിന്നെ എന്റെ അക്ഷരങ്ങൾ

ഹൃദയം കൊണ്ടു സ്വീകരിക്കുന്ന

നിങ്ങൾ ഓരോരുത്തർക്കും....

www.malankaralibrary.com

www.malankaralibrary.com

# ദൈവത്തിന് ഒരു കഴുത

എത്ര നാളിങ്ങനെ ഒളിച്ച് ജീവിക്കും.ഓടി ഓടി എവിടം വരെ പോകും. എത്ര പേരുടെ കണ്ണിൽ പൊടി വാരിയിടാൻ കഴിയും. എനിക്ക് എന്നോട് തന്നെ ഇന്ന് വെറുപ്പാണ്. കാറ്റിന്റെ ഇഷ്ടങ്ങൾക്കൊത്തും ഓളങ്ങളുടെ താളത്തിനൊത്തും ചലിക്കുന്ന കപ്പലുപോലെയാണ് ജീവിതം. ലക്ഷ്യങ്ങളില്ലാത്ത യാത്ര, നേട്ടങ്ങളില്ലാത്ത പോരാട്ടം, ജീവിതം മടുത്തു. ഇനിയേറിയാൽ പത്തോ ഇരുപതോ വർഷം കൂടി, അത് കഴിയുമ്പോൾ കാലമെന്നെ മണ്ണോട് ചേർത്തു കിടത്തും. അപ്പോഴും അന്ത്യ നാളുവരെ യുദ്ധം ചെയ്ത് വിജയവും പരാജയവും ഇല്ലാത്തവനായി മടങ്ങുന്നവനായിരിക്കും ഞാൻ

എല്ലാം നഷ്ടപ്പെട്ടവനായി തെരുവിൽ ലക്ഷ്യങ്ങളില്ലാതെ നിർത്താതെ ജീവിതം തുഴഞ്ഞു കൊണ്ടിരിക്കുമ്പോഴാണ് ആകസ്മികമായി അബ്ദുവിനെ പരിചയപ്പെടുന്നത്. ഞാൻ പറഞ്ഞ നുണകളിൽ ഞാൻ അവന്റെ ഹൃദയത്തെ കുരുക്കിയിട്ടു. എന്റെ കള്ളക്കഥയിൽ മനം നൊന്ത അബ്ദു അവന്റെ സ്വന്തം പലവ്യജ്ഞനക്കടയിൽ സഹായിയായി എന്നെ ജോലിക്കെടുത്തു. ഞാൻ അവന് ജോലിക്കാരനല്ലായിരുന്നു, കൂട്ടുകാരനായിരുന്നു. പലയാവർത്തി സത്യമെല്ലാം തുറന്നു പറയാൻ മുതിർന്നതാണ്, പക്ഷെ അത് അവന്റെ നിഷ്കളങ്ക ഹൃദയത്തിലെ തിരിവിളക്കുകളെ തല്ലിക്കെടുത്തുമോ എന്നൊരു ഭയം.

ജീവിതത്തിന്റെ കച്ഛിതുമ്പ് കുറച്ചൊന്നു മുറുകെ പിടിച്ചു തുടങ്ങുമ്പോഴാണ് അയാളുടെ കടന്ന് വരവ്. പുരോഹിതൻ പൂജാരി എന്നൊക്കെ പറയുമ്പോൾ എന്റെ ചോര തിളക്കും. അറപ്പാണെനിക്ക് പുരോഹിത വർഗ്ഗത്തോട്. അയാളെ കാണുന്നതു തന്നെയെനിക്ക് ദേഷ്യമാണ്.

ഫാ. ജോൺ ബുദ്ധിമാന്ദ്യം സംഭവിച്ച പിള്ളേരുടെ പുതിയ അനാഥാ

www.malankaralibrary.com

ലയം തുടങ്ങിയതാണിവിടെ. അബ്ദുവിന്റെ കടയിൽ നിന്നാണ് അയാളുടെ അനാഥാലയത്തിലെ പിള്ളേർക്കുവേണ്ടിയുള്ള ഭക്ഷണത്തിന്റെ സാധനങ്ങൾ വാങ്ങുന്നത് . ആഴ്ചയിൽ രണ്ട് പ്രാവശ്യം അയാൾ അബ്ദുവിന്റെ കടയിൽ വരും. ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് നാട്ടുകാരുടെയൊക്കെ ദൈവമായി അയാൾ. അയാളെ ഇഷ്ടമില്ലാത്തവരായി ഒരാളുപോലുമില്ലായിരുന്നു ആ നാട്ടിൽ, ഞാനൊഴികെ. എന്നോട് മിണ്ടാൻ പലയാവർത്തി അയാൾ ശ്രമിച്ചു ഞാൻ വഴങ്ങിയില്ല. വല്ലവരുടേയും കടത്തിണ്ണ നെരങ്ങി കിട്ടുന്ന കാശ്കൊണ്ട് പളളവീർപ്പിക്കുന്നവരെ എനിക്കിഷ്ടമില്ലെന്ന് ആദ്യം കണ്ട ദിവസം തന്നെ ഞാൻ അയാളുടെ മുഖത്ത് നോക്കി പറഞ്ഞിരുന്നു. അയാൾ അന്ന് മറുത്തൊന്നും പറഞ്ഞിരുന്നില്ല. പക്ഷെ പിന്നീട് വരുമ്പോഴെല്ലാം എന്നോട് ലോഹ്യം കൂടാൻ അയാൾ ശ്രമിച്ചിരുന്നു. അയാളുടെ ഓരോ കുഞ്ഞു ചോദ്യങ്ങളും ഉത്തരം കിട്ടാതെ എന്റെ മുന്നിൽ കിടന്നു കറങ്ങിയതല്ലാതെ അയാൾക്ക് ഞാൻ മറുപടി ഒന്നും നല്കിയില്ല, കാരണം എനിക്കയാളുടെ ഹൃദയത്തെ ഇങ്ങനെ മാത്രമേ മുറിവേൽപ്പിക്കാൻ സാധിക്കുമായിരുന്നുള്ളൂ.

ഞാൻ അയാളുടെ മുന്നിൽ പൊട്ടിതെറിച്ച ഒരു സംഭവമുണ്ടായി. അയാൾ സാധനം വാങ്ങാൻ വന്നതായിരുന്നു. അന്നും പതിവ് പോലെ എന്നോട് വന്ന് സംസാരിച്ചു. ഒന്നും കേട്ടു കേട്ടില്ലായെന്ന് വരുത്തി ഞാൻ മിണ്ടാതെ നിന്നു. അപ്പോഴാണ് അയാൾ പറഞ്ഞത് എന്റെ മുഖത്ത് നിഗൂഢതകൾ തളം കെട്ടി കിടക്കുന്നുണ്ടെന്ന്. ഈ കാണുന്ന ഞാനല്ല യഥാർത്ഥ ഞാനെന്ന്. ഞാൻ എന്തൊക്കെയോ ഒളിച്ചു വയ്ക്കുന്നുണ്ടെന്ന്. ഇതൊക്കെ കേട്ടപ്പോൾ എന്റെ തന്നെ ഉള്ളിൽ എവിടെയൊക്കെയോ ഒളിഞ്ഞിരുന്ന സകല ദേഷ്യവും പുറത്ത് വന്നു.

'എന്റെ ഉള്ളിൽ നിഗൂഢതകൾ ഉണ്ടെങ്കിൽ ഞാൻ സഹിച്ചു അത് താനറിയേണ്ട കാര്യമില്ല. കണ്ട വീടുകളിൽ എല്ലാം കയറി എച്ചിലു തിന്നുന്നവന്മാരൊന്നും എന്നെ ഉപദേശിക്കാൻ വരണ്ട. താൻ തന്റെ കാര്യം മാത്രം നോക്കിയാൽ മതി'.

ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോഴാണ് ഞാനൊന്ന് ചുറ്റുപാടും നോക്കിയത്. കടയിൽ സാധനം വാങ്ങാൻ വന്നവരെല്ലാം എന്നെ തന്നെ നോക്കി നിൽക്കുന്നു. ഞാൻ ഏതോ മഹാപരാധം ചെയ്തതുപോലെയാണ് അബ്ദുവിന്റെ നോട്ടം. ഫാ. ജോൺ ഒന്നും പറയാതെ വാങ്ങിയ സാധനത്തിന് കാശ് നൽകി മടങ്ങി. അബ്ദു അയാളുടെ പുറകെ ചെന്ന് ഞാൻ പറഞ്ഞതിന് മാപ്പ് ചോദിച്ചു.

അന്ന് പകൽ മുഴുവൻ അബ്ദു എന്നോട് ഒരു വാക്ക് പോലും മിണ്ടിയില്ല. ഞാനും ഒന്നും മിണ്ടിയില്ല. വൈകുന്നേരം കടപൂട്ടി വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ അബ്ദു പറഞ്ഞു.

www.malankaralibrary.com

'നീ ചെയ്തത് തെറ്റാണ്. അയാളുടെ പൗരോഹിത്യത്തെ നിനക്ക് വെറുപ്പാണെന്നറിയാം. അയാളുടെ പ്രായത്തെയെങ്കിലും നിനക്ക് ബഹുമാനിക്കാമായിരുന്നു. കുറഞ്ഞപക്ഷം അയാളുടെ ഉള്ളിലെ മനുഷ്യത്ത്വത്തെ നിനക്ക് ആദരിക്കാമായിരുന്നു. അയാൾ ചെയ്യുന്ന മഹത്തായ സേവനം ഇന്ന് ലോകത്ത് ഒരാളും ചെയ്യില്ല.....'

അബ്ദുവിന്റെ ഉപദേശം കേട്ട് തലപെരുത്തപ്പോൾ ഞാൻ പറഞ്ഞു.

'അയാൾക്ക് അയാളുടെ കാര്യം നോക്കിയാൽ പോരെ എന്തിനാണ് എന്റെ കാര്യത്തിൽ ഇടപെടുന്നത്. ഇന്ന് ഇത്രയും പറഞ്ഞതുകൊണ്ട് കുറച്ച് ദിവസത്തേയ്ക്കെങ്കിലും അയാൾ മിണ്ടാതെ നടക്കും'.

'നിനക്ക് തെറ്റി, വീണ്ടും അയാൾ നാളെ നിന്റെയടുത്ത് വന്നു മിണ്ടും'.

അബ്ദുവിന്റെ മറുപടി പെട്ടെന്നായിരുന്നു. അയാളുടെ വരവിന്റെ കാര്യത്തിൽ പന്തായം വച്ച് ഞങ്ങൾ അന്ന് കിടന്നു. പിറ്റെദിവസം അബ്ദു പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. അച്ചൻ കടയിൽ വന്ന് ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ എന്നോട് പെരുമാറി. അയാൾ സാധനം വാങ്ങി മടങ്ങുമ്പോൾ ഇന്നുവരെ തോന്നിയിട്ടില്ലാത്ത കുറ്റബോധം എനിക്ക് ആദ്യമായി തോന്നി. ജീവിതത്തിൽ ആദ്യമായി ഒരാളോട് മാപ്പ് ചോദിക്കാൻ ഞാൻ തീരുമാനിച്ചു. അതും ഞാനേറ്റവും കൂടുതൽ വെറുക്കുന്ന പൗരോഹിത്യ വർഗ്ഗത്തിൽപ്പെട്ട ഫാ.ജോണിനോട്. മനസ്സിന്റെ അകകോണുകളിലെവിടെയോ നിന്ന് മാപ്പ് ചോദിക്കരുതെന്നും അത് നിന്നെ തരം താഴ്ത്തുമെന്നുമുള്ള പ്രതിധ്വനികൾ കേൾക്കുന്നുണ്ട്, എങ്കിലും രണ്ടും കല്പിച്ച് ഞാൻ അച്ചനെ കാണാൻ പോയി.

ഫാ. ജോണിന്റെ അനാഥാലയത്തിൽ ചെല്ലുമ്പോൾ അയാൾ കുട്ടികളോടൊത്ത് കളിക്കുകയായിരുന്നു. ഞാനാദ്യമായി അയാളെയൊന്ന് നന്നായി നോക്കി. എൺപതോളം വയസ്സ് പ്രായം തോന്നിക്കുന്ന വയോധികനായ പുരോഹിതൻ. സദാസമയം അധരത്തിൽ വിരിയിച്ചു വച്ചിരിക്കുന്ന പുഞ്ചിരി. ആവുന്ന കാലത്ത് എല്ല് മുറിയെ പണിയെടുത്തതിന്റെ സകല വടിവുകളും അയാളുടെ ശരീരത്തിൽ നിഴലിക്കുന്നുണ്ട്. എല്ലാറ്റിനുമുപരി അയാളുടെ മുഖത്ത് തെളിഞ്ഞു നിൽക്കുന്ന ദൈവകൃപയും നിഷ്കളങ്കതയും.

ഫാ. ജോൺ കുട്ടികളോടൊത്ത് കണ്ണ് കെട്ടി കളിക്കുകയാണ്. അയാൾ കണ്ണുകളുടെ കെട്ടഴിക്കുമ്പോഴാണ് എന്നെ കണ്ടത്. കണ്ട മാത്രയിൽ എന്റെയടുത്ത് തിടുക്കത്തിൽ വരാൻ ശ്രമിക്കുമ്പോൾ കാലിൽ കല്ല് തട്ടി വീഴാൻ പോയി. പെട്ടെന്ന് കുറച്ച് കുട്ടികൾ അച്ചന്റെ മുന്നിൽ കിടന്ന കല്ലിൽ പിടിച്ചു, കുറച്ചുപേർ അച്ചനെയും, രക്ഷപ്പെട്ട് എന്റെയടുത്ത് വന്ന് അച്ചൻ പറഞ്ഞു.

www.malankaralibrary.com

'ബുദ്ധിയില്ലാത്ത പിള്ളേരാ ഞാൻ വീഴുമ്പോൾ എനിക്കൊന്നും പറ്റാതിരിക്കാൻ അവർ കൈകളെ ഞാൻ വീഴേണ്ടിയിരുന്ന കല്ലിൻമേൽ വച്ചു. താൻ വന്നിട്ട് ഒത്തിരി നേരമായോ. എന്തായാലും വന്നതല്ലേ ചോറുകഴിച്ചിട്ടുപോകാം'.

അയാൾ പറഞ്ഞ ഒരു കാര്യത്തിനും, അയാൾ മറുപടിക്ക് വേണ്ടി കാത്ത് നിന്നില്ല, എന്റെ കൈയും പിടിച്ച് അകത്തേയ്ക്ക് കൊണ്ടു പോയി. ഒരു വികൃതി കുട്ടിയെ കൈയിൽ പിടിച്ചുകൊണ്ട് പോകുന്നതുപോലെ എന്റെ കൈയും പിടിച്ചുകൊണ്ട് പോകുമ്പോൾ എനിക്ക് ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടില്ലെന്ന് പറയണമെന്നുണ്ടായിരുന്നു. പക്ഷെ ഹൃദയത്തിന്റെ വക്കുകളിലെവിടെയോ തട്ടി ആ വാക്കുകൾ ചിന്നി ചിതറിപോയി.

ഫാ. ജോൺ ഊണ് മേശയിലെ മണിയടിച്ചപ്പോൾ, ബല്ല് അടിച്ച് സ്കൂൾ വിട്ടത്പോലെ ബഹളം വച്ച് എല്ലാ കുട്ടികളും ഓടിവന്നു. ഫാ.ജോൺ കൈകൂപ്പിയപ്പോൾ എല്ലാവരും മിണ്ടാതെ നിന്നു. പ്രാർത്ഥന കഴിഞ്ഞ് അയാൾ തന്നെയാണ് എല്ലാവർക്കും ഭക്ഷണം വിളമ്പിയത്. ഞാൻ അവിടെ നോക്കുകുത്തിയെപ്പോലെ നിന്നു. അയാൾ എനിക്ക് ഭക്ഷണം വിളമ്പികൊണ്ടിരിക്കുമ്പോഴാണ് രണ്ട് കുട്ടികൾ വഴക്കുണ്ടാക്കി ഭക്ഷണം കഴിക്കുന്നില്ലെന്ന് വാശി പിടിച്ചത്. ബുദ്ധി സ്ഥിരതയില്ലാത്ത പിള്ളേരോട് അരിശപ്പെട്ടിട്ടുകാര്യമില്ലെന്നു അറിയാവുന്നതു കൊണ്ടാവണം ഫാ. ജോൺ രണ്ടു പേർക്കും വാരി കൊടുക്കാൻ തീരുമാനിച്ചത്. രണ്ടു പേരുടേയും പിണക്കം മാറ്റി ഭക്ഷണം വാരി കൊടുത്തു തുടങ്ങിയപ്പോഴാണ് ബാക്കി എല്ലാവർക്കും അച്ചൻ വാരികൊടുക്കണമെന്ന് പറഞ്ഞ് എല്ലാവരും കരഞ്ഞ് തുടങ്ങിയത്. അച്ചൻ ഓരോരുത്തർക്കായി മാറി മാറി വാരികൊടുത്തു. അവിടെയിരുന്നു എനിക്ക് കഴിക്കാൻ തോന്നിയില്ല. പാതി വിളമ്പിയ ചോറ് ആരും കാണാതെ തിരികെ പാത്രത്തിൽ തട്ടിയിട്ട് ഞാൻ മെല്ലെ പുറത്തിറങ്ങി മാതാവിന്റെ രൂപത്തിന്റെ മുന്നിൽ പോയിരുന്ന് കരഞ്ഞു.

ജോണച്ചൻ കുട്ടികൾക്ക് ഭക്ഷണം കൊടുത്തു കഴിഞ്ഞ് എന്റെയടുത്ത് വന്ന് നിറഞ്ഞ പുഞ്ചിരിയോടെ ചോദിച്ചു.

'കഴിച്ചില്ല അല്ലേ? എന്തേ .... ഞങ്ങളുടെ ഭക്ഷണം ഇഷ്ടപ്പെട്ടില്ലേ?'

ഞാൻ എഴുന്നേറ്റ് നിന്ന് അച്ചന്റെ കൈയിൽ പിടിച്ചു കൊണ്ട് പറഞ്ഞു.

'അച്ചാ, എനിക്കൊന്നു കുമ്പസാരിക്കണം'.

അന്നുവരെ മനസ്സിൽ നിറഞ്ഞു കിടന്നിരുന്ന, അഴുക്കു ചാലിൽ കൂമ്പാരം കൂട്ടിയതുപോലെയുള്ള പാപമാലിന്യങ്ങൾ ഓരോന്നും പറഞ്ഞ് കുമ്പസാരിച്ചു. ഇന്നുവരെ ചെയ്ത പാപങ്ങളെല്ലാം ഈശോ

www.malankaralibrary.com

മോചിക്കുന്നുവെന്ന് ജോണച്ചൻ പറഞ്ഞപ്പോഴാണ് മനസ്സിലെ ഭാരമെല്ലാം ഇറക്കിവച്ചതുപോലെ ആശ്വാസം കിട്ടിയത്.

കുമ്പസാരം കഴിഞ്ഞ് പുറത്തിറങ്ങിയത് ഒരു നവജാത ശിശു പുറത്തുവന്ന് ആദ്യം ലോകം കാണുന്ന സന്തോഷത്തോടുകൂടിയാണ്. ഞാൻ ജോണച്ചനോട് ചോദിച്ചു.

'അച്ചന് എന്നെ ഒന്ന് കേൾക്കാൻ സമയമുണ്ടാകുമോ?'

അച്ചൻ പഴയ പുഞ്ചിരി മുഖത്ത് വിരിയിച്ച് പള്ളിക്ക് പുറത്തിറങ്ങി കുട്ടികളോട് പറഞ്ഞു.

'മക്കളെല്ലാവരും പോയി കിടന്നോ അച്ചൻ ഉടനെ വന്നേക്കാം'

ആരും പോയില്ലാന്ന് മാത്രമല്ല അവർ കരയാനും തുടങ്ങി

'ആ......കരയണ്ട കരയണ്ട'.

എല്ലാവരേയും ചേർത്ത് പിടിച്ചുകൊണ്ട് അച്ചൻ പറഞ്ഞു.

'അച്ചനിന്ന് ദൈവത്തെ കൊണ്ട് നടന്ന കഴുതയുടെ കഥ പറഞ്ഞു തരും എന്റെ നല്ല മക്കളെല്ലാവരും പോയി കട്ടിലിൽ കിടക്കുമ്പോഴേക്കും അച്ചൻ പറന്നെത്തും മക്കൾ പോയി കിടന്നോ'.

പോകാൻ താത്പര്യമില്ലാതെ അവർ പോയി.

അരുടെ മുന്നിലും തുറക്കാതിരുന്ന എന്റെ ജീവിതകഥയുടെ വാതിൽ ഞാൻ ജോണച്ചന്റെ മുന്നിൽ മലർക്കെ തുറന്നിട്ടു കൊടുത്തു. കയറുന്നതിനു മുമ്പ് ഞാൻ അച്ചനോട് പറഞ്ഞു.

'സൗഭാഗ്യവും സന്തോഷവും അനുഭവിച്ചത് വളരെ കുറച്ചു കാലം മാത്രം, ബാക്കി മൊത്തം മാറാല നിറഞ്ഞതും ചിതലരിച്ചതുമായിരുന്നു ജീവിതം'.

ഒരു മൂലയിൽ നിന്നും ഞാൻ പറഞ്ഞു തുടങ്ങി.

സെമിനാരിയിൽ ചേരുമ്പോൾ യേശു ക്രിസ്തുവിനെപ്പോലെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കണമെന്നായിരുന്നു ഞാൻ മനസ്സിനെ പറഞ്ഞു പഠിപ്പിച്ചിരുന്നത്. ഒരാൾ പോലും എന്റെ ഹൃദയത്തിന്റെ പുറത്ത് നിൽക്കാൻ പാടില്ല, എല്ലാവരും അകത്തുണ്ടാവണം പാവങ്ങൾക്ക് ചെയ്തു കൊടുക്കാൻ കഴിയുന്ന സകല സഹായങ്ങളും ചെയ്തു കൊടുക്കണം. തിന്മ കണ്ടാൽ ശക്തമായി എതിർക്കണം. പന്ത്രണ്ട് വർഷം സെമിനാരി പഠിത്തം കഴിഞ്ഞ് അച്ചനായി പുറത്തിറങ്ങുമ്പോഴും എന്റെ ഹൃദയബോധ്യങ്ങൾക്ക് മാറ്റമൊന്നും ഉണ്ടായിരുന്നില്ല. എല്ലാവരേയും ഞാൻ ഓടി നടന്ന് സ്നേഹിച്ചു. ഒരാളെപ്പോലും എന്റെ ഹൃദയത്തിൽ

www.malankaralibrary.com

നിന്ന് മാറ്റി നിർത്തിയില്ല. അമ്മച്ചിമാരെയും അപ്പച്ചൻമാരെയും ചേട്ട ന്മാരെയും ചേച്ചിമാരെയും കുഞ്ഞ് അനുജന്മാരെയും അനുജത്തിമാ രെയും എല്ലാവരേയും ഞാൻ എന്റെ പൂർണ്ണ ഹൃദയത്തോടെ ക്രിസ്തു സ്നേഹിച്ചതുപോലെ സ്നേഹിച്ചു.

നിങ്ങൾ പ്രാവുകളെപ്പോലെ നിഷ്കളങ്കരായിരിക്കുവിൻ എന്ന ക്രിസ്തുവിന്റെ പ്രബോധനം മാത്രമേ ഞാൻ കാര്യമായിട്ടെടുത്തുള്ളൂ, അതിനു അനുബന്ധമായി വരുന്ന നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേ കികളും ആയിരിക്കണമെന്നത് ഞാൻ ഒരു കാര്യമായി പരിഗണിച്ചില്ല.

പട്ടം കിട്ടി ആദ്യം അസിസ്റ്റന്റ് വികാരിയായി ചെല്ലുന്നത് രൂപത യിലെ ഏറ്റവും വലിയ ദേവാലയത്തിലാണ്. ആ പള്ളിക്ക് ഇരുന്നൂറ് ഏക്കർ റബർതോട്ടവും നൂറ് ഏക്കർ ഏലതോട്ടവും ഉണ്ടായിരുന്നു. റബറിന്റെയും ഏലത്തിന്റേയും കണക്ക് കൈകാര്യം ചെയ്തിരുന്നത് പള്ളിയിലെ സെക്രട്ടറിയും ട്രസ്റ്റിയും കൂടിയായിരുന്നു. എന്റെ പ്രധാന ഉത്തരവാദിത്വങ്ങളിലൊന്നായിരുന്നു ഈ രണ്ട് തോട്ടങ്ങൾ. കണക്കും കാര്യങ്ങളും പഠിച്ചു കഴിഞ്ഞപ്പോഴാണ് ഒരു സത്യം ഞെട്ടലോടെ ഞാനറിയുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങൾ കൊണ്ട് ഏതാണ്ട് ഒരു കോടി രൂപയുടെ ക്രമക്കേട് കണക്കിൽ വന്നിട്ടുണ്ട്. എന്നിലെ പ്രവാചക ശബ്ദം ഉണർന്നു. പള്ളിയിലെ സെക്രട്ടറിയെയും ട്രസ്റ്റി യേയും വിളിച്ചു ഞാൻ കാര്യം പറഞ്ഞു. അവരുടെ നാട്ടിലെ മാന്യത കണക്കിലെടുത്തും അവരെ അപമാനിക്കാൻ മനസ്സ് അനുവദിക്കാത്തത് കൊണ്ടുമാണ് എടുത്ത പൈസ തിരിച്ചു തരണമെന്ന് മാത്രം പറഞ്ഞ് ഞാൻ അവിടെ ആ അധ്യായം അടച്ചത്.

പിറ്റെ ദിവസം രാവിലെ ഞാൻ ഉണരുന്നത് മേടയിൽ പാചകത്തി നു വരുന്ന ഭർത്താവ് ഉപേക്ഷിച്ച സ്ത്രീയുമായി ഞാൻ കിടക്ക പങ്കി ടുന്ന ഫോട്ടോ കണ്ടാണ്. ഫേസ്ബുക്കിലും വാട്സ്ആപ്പിലും ഫോട്ടോ വൈറലായി. അന്ന് തന്നെ പിതാവ് എന്നെ അരമനയിലേക്ക് വിളി പ്പിച്ചു. കൈയിൽ ഒരു കത്ത് തന്നിട്ട് പറഞ്ഞു.

'കഴിഞ്ഞ ഒരു വർഷം കൊണ്ട് ഒരു കോടി രൂപ തട്ടിയെടുത്ത തിനും ആറാം പ്രമാണം ലംഘിച്ചതുകൊണ്ടും അച്ചനെ സസ്പെന്റ് ചെയ്തിരിക്കുന്നു. ഇന്നു മുതൽ ഒരറിയിപ്പു ഉണ്ടാകുന്നതുവരെ അച്ചനു കൂദാശകൾ പരികർമ്മം ചെയ്യാൻ അനുവാദമുണ്ടായിരിക്കുന്നതല്ല'.

സത്യമെല്ലാം ഞാൻ പിതാവിനോട് തുറന്നു പറഞ്ഞു. പിതാവ് അത് വിശ്വസിച്ചില്ല. ഞാൻ ഉള്ള് തുറന്ന് സ്നേഹിച്ച പള്ളിക്കാരെല്ലാം അര മനയിൽ എന്നെ അടിക്കാൻ വന്നു. ആരൊക്കെ തള്ളിപറഞ്ഞാലും ഒറ്റപ്പെടുത്തിയാലും എന്റെ പപ്പയും അമ്മയുമെല്ലാം എന്നെ മനസ്സി ലാക്കുമെന്ന് കരുതി പക്ഷെ നീ ഞങ്ങളുടെ മോനായി തന്നെ പിറന്ന

www.malankaralibrary.com

ല്ലോടാ എന്ന് പറഞ്ഞ് അവരും കുറ്റപ്പെടുത്തി.

കുരിശ്ശിന്റെ വഴിയിൽ ക്രിസ്തുവിന് ആശ്വാസമായി കൂടെ തന്നെ അമ്മയുണ്ടായിരുന്നു. എന്റെ കുരിശ്ശു യാത്രയിൽ ആശ്വാസമായി ആരും വന്നില്ല. സ്വന്തം അമ്മപോലും. ഒരു ശിമയോനും എന്റെ കുരിശ്ശിന്റെ ഭാരം കുറയ്ക്കാൻ വയലിൽ നിന്ന് കയറി വന്നില്ല. ആകെ കൂട്ടിനുണ്ടായിരുന്നത് കുറെ ഒറ്റപ്പെടുത്തലുകളും പിന്നെ പല മൂലകളിൽ നിന്നുയരുന്ന കുത്ത് വാക്കുകളും.

വൈകാതെ തന്നെ പോലീസ് അറസ്റ്റ് ചെയ്തു, എങ്ങനെയൊക്കെയോ കേസ് ഒരുവർഷം കഠിന തടവിൽ ഒതുങ്ങി തീർന്നു. ജയിലിൽ ആരും വന്നെന്നെ കണ്ടില്ല. കൂടെ പന്ത്രണ്ട് വർഷം ഒരുമിച്ചുപഠിച്ച ഒരച്ചനും വന്ന് ഒരാശ്വാസവാക്കും പറഞ്ഞില്ല. ശിക്ഷയുടെ കാലാവധി കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ എനിക്കെന്നോട് തന്നെ വെറുപ്പായിരുന്നു. കൈയിലിരുന്ന കുപ്പായങ്ങളെല്ലാം ഞാൻ കത്തിച്ചു കളഞ്ഞു. പരിശുദ്ധ കുർബ്ബാന ചൊല്ലി കൊതി തീരുന്നതിനു മുമ്പേ എന്നിൽ നിന്നും പറിച്ചെറിയപ്പെട്ട പൗരോഹിത്യത്തെ ഞാൻ വെറുത്തു. ഒരായുഷ്കാലം മുഴുവൻ നിനക്ക് വേണ്ടി മാത്രം ജീവിച്ചുകൊള്ളാമെന്ന് പറഞ്ഞുമാറ്റിവച്ചിട്ടും, എന്റെ തകർച്ച കണ്ട് കൈകെട്ടി നിന്ന ദൈവത്തെയെനിക്ക് പുച്ഛമായി.

പല നാടുകളിൽ പോയി പല ജോലികൾ ചെയ്തു. ഓരോ സ്ഥലവും മടുക്കുമ്പോൾ പുതിയ സ്ഥലങ്ങളിൽ പോകും അങ്ങനെ ഒടുവിലെത്തിയതാണ് അബ്ദുവിന്റെ കടയിൽ. ജീവിതകഥ മുഴുവൻ പറഞ്ഞു കഴിഞ്ഞപ്പോഴാണ് മനസ്സിലായത് ആരോ കാലിൽ മുറുകെ പിടിച്ചിരിക്കുന്നു. തല കുമ്പിട്ട് നോക്കുമ്പോൾ വാർദ്ധക്യം വേട്ടയാടുന്ന ഫാ.ജോൺ. ഞാൻ അച്ചനെ പിടിച്ചെഴുന്നേൽപ്പിച്ചപ്പോൾ അച്ചൻ പറഞ്ഞു.

'സഭയ്ക്കും പിതാവിനും വേണ്ടി, ആ സെക്രട്ടറിക്കും ട്രസ്റ്റിയ്ക്കും വേണ്ടി ഞാൻ അച്ചനോട് മാപ്പ് ചോദിക്കുന്നു'.

ജോണച്ചൻ അകത്ത് പോയി ഒരു കുപ്പായമെടുത്തുകൊണ്ട് പുറത്തു വന്നപ്പോൾ അച്ചന്റെ മുഖമാകെ മാറിയിരുന്നു, നിറഞ്ഞൊഴുകിയ കണ്ണുകൾക്കുള്ളിൽ ചോരത്തുള്ളികൾ തെളിഞ്ഞുകാണാം, ചുവന്നു തുടുത്ത മുഖം അസാധാരണമായി എന്തോ സംഭവിക്കാൻ പോകുന്നതിനെ തോന്നിപ്പിച്ചു. എന്റെ കൈയിൽ കുപ്പായം തന്നിട്ട് അച്ചൻ ആജ്ഞാപിക്കുകയായിരുന്നു.

'അച്ചൻ ഇന്നു തന്നെ രൂപതയിൽ തിരിച്ചുപോകണം പിതാവിനെ കണ്ട് കാര്യം പറയണം, ക്രിസ്തുവിനെ വഹിക്കേണ്ടവൻ ക്രിസ്തുവിനെ തന്നെ വഹിക്കണം'.

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

ഇത്രയും പറഞ്ഞ് അച്ചൻ അകത്തേയ്ക്ക് പോയി. ഇത്രയും നാൾ ഞാൻ കണ്ട ജോണച്ചനല്ല ഇത് പറഞ്ഞത്. ഒരു പ്രവാചകന്റെ ആജ്ഞയും ആഹ്വാനവും ആ വാക്കുകളിലുണ്ടായിരുന്നു. ളോഹ യും കൈയിൽ പിടിച്ച്, ശൂന്യത കൊണ്ട് മൂടപ്പെട്ട മനസ്സുമായി ഞാൻ തിരിഞ്ഞു നടക്കുമ്പോൾ, അകത്ത് അച്ചൻ കുഞ്ഞുങ്ങൾക്ക് പറഞ്ഞു കൊടുക്കുന്ന കഥ കേട്ടു.

'ദൈവത്തിന് ഒരു കഴുതയെ കൊണ്ട് ആവശ്യമുണ്ടായിരുന്നു. എന്തി നെന്നോ? ദൈവത്തിനു ലോകം മുഴുവൻ സഞ്ചരിക്കാൻ, ദൈവത്തിന്റെ മക്കളെല്ലാവരെയും കാണാൻ. അങ്ങനെ ഒത്തിരി കഴുതകളിൽ നിന്ന് ഒരു കഴുതയെ ദൈവം തിരഞ്ഞെടുത്തു. അതിൽ യാത്രയും തുടങ്ങി. വഴിയിൽ വച്ച് ആരൊക്കെയോ ചേർന്ന് കഴുതയെ പേടിപ്പിച്ചു. ആ കഴുത ദൈവത്തെ തള്ളിയിട്ടിട്ട് ഓടി രക്ഷപ്പെട്ടു, ദൈവം വിടുമോ..........'

■

www.malankaralibrary.com

# എന്റെ പൊന്നോമനയ്ക്ക്

**നീ** അടുത്തില്ലാതെ അമ്മയ്ക്ക് ഉറക്കം വരില്ലാന്ന് നിനക്കറിയാലോ. തിരിഞ്ഞും മറിഞ്ഞും കിടന്നു നോക്കി കണ്ണ് അടയ്ക്കാനേ കഴിയുന്നില്ലാ. എന്നാ പിന്നെ നിനക്കൊരു കത്ത് എഴുതിയേക്കാമെന്ന് വിചാരിച്ചു. കത്തൊക്കെ ഔട്ട് ഓഫ് ഫാഷൻ ആണെന്ന് അമ്മയ്ക്കറിയാം പിന്നെ എന്തിനാണെന്ന് ചോദിച്ചാൽ അമ്മയുടെ ഒരു മനസ്സമാധാനത്തിന്. സമയം പന്ത്രണ്ടര കഴിഞ്ഞു. നിന്റെ പപ്പയിപ്പോൾ ഉറങ്ങിയതേയുള്ളൂ. ഓഫീസിൽ നല്ല വർക്കുണ്ടായിരുന്നെന്ന് തോന്നുന്നു. താമസിച്ചാ വന്നത്. ആഹാരം കഴിച്ച് പെട്ടെന്ന് ഉറങ്ങി. പുറത്ത് നല്ല നിലാവുണ്ട്. ജനാലയിലെ കണ്ണാടി ചില്ലുകൾക്കിടയിലൂടെ വ്യക്തമായി കാണാം. നിലാവിന്റെ ചെറിയ വെട്ടത്തിൽ മരങ്ങളെല്ലാം പഴയ ഇതിഹാസകഥകളിലെ ഭീകരസത്വങ്ങളായി തോന്നുന്നു. പുറത്ത് കുറുക്കന്മാർ നന്നായി ഓലിയിടുന്നുണ്ട്. അയ്യോ.... ഒരു കാര്യം വിട്ടുപോയി, നിനക്ക് സുഖമാണോയെന്ന് ഞാൻ ഇതുവരെ ചോദിച്ചില്ലാ. മനസുനിറയെ വിഷമങ്ങളും സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളും ഞെരുക്കുന്നതു കാരണം അമ്മ മറന്നുപോയി. നീ അമ്മയോട് ക്ഷമിക്ക്. നിനക്ക് സുഖമാണോ? ഈ ചോദ്യം അപ്രസക്തമാണെന്നറിയാം കാരണം കർത്താവിന്റെ കരങ്ങളിൽ നീ സുരക്ഷിതനും സന്തോഷവാനുമായിരിക്കുമെന്ന് അമ്മയ്ക്കുറപ്പുണ്ട്.

നീ മരിച്ചിട്ട് ഇന്ന് ഒരു മാസം തികയുന്നു. ജീവച്ചവങ്ങളായി ഞാനും നിന്റെ പപ്പയും ജീവിതം തള്ളി നീക്കുന്നു. പ്രാണൻ കൊടുത്തു വളർത്തിയ ഏക മകന് ഇനി അമ്മേയെന്ന് വിളിക്കാൻ ഉള്ളിൽ പ്രാണവായു ഇല്ലായെന്ന സത്യം അറിഞ്ഞപ്പോൾ കണ്ണിൽ നിന്ന് അടർന്നു വീണത് കണ്ണുനീരായിരുന്നില്ല, ചുടുചോര കലർന്ന ഹൃദയത്തിന്റെ അടരുകളായിരുന്നു. ഹൃദയമിടിപ്പ് നിലച്ച നിന്റെ ശരീരത്തെ ആംബു

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

ലൻസിൽ കൊണ്ടിറക്കി വീടിന്റെ തിണ്ണയിലേക്ക് എടുത്തു വച്ചപ്പോൾ, നിന്നെ കാണാൻ ഞാൻ ഓടി വന്നു. തറയിൽ ചമ്രം പടഞ്ഞിരുന്ന് നിന്റെ ചലിക്കാത്ത ശരീരം ഞാൻ എന്റെ മടിയിൽ കിടത്തി. ആരൊക്കെയോ അത് എതിർക്കുന്നുണ്ടായിരുന്നു, ഞാനത് വകവച്ചില്ല. നിന്റെ കൊഞ്ചലുകൾ കേൾക്കാൻ വേണ്ടി തലയിലെ കെട്ടഴിച്ചു. അപ്പോഴും ആരൊക്കെയോ എതിർപ്പുമായി വന്നു. അതും ഞാൻ വിലയ്ക്കെടുത്തില്ലാ. നിന്നെ എന്റെ മടിയിൽ കിടത്തി വയറിൽ മെല്ലെ തട്ടി താളം പിടിച്ച്, നിന്നെ പാടി ഉറക്കാറുള്ള ആ പാട്ട് ഞാനുറക്കെ പാടി.

രാരിരം പാടിയുറക്കാൻ
താലോലം ആട്ടിയുറക്കാൻ
അരുതെന്ന് ചൊല്ലുമോ നീ
വിണ്ണിലെ രാജകുമാരാ......

വാനിലെ മാലാഖമാരൊന്നായ്
പാടിക്കളിക്കുന്നൊരുണ്ണിയല്ലേ
തൂമഞ്ഞിൻ വിരിപ്പും ചൂടി ഈ പാരിൽ
മെല്ലെയുറങ്ങുമീ ഓമനപ്പൈതൽ.....

അമ്മയുടെ പാട്ട് തീർന്നു. സാധാരണ ഞാൻ പാട്ട് പാടുമ്പോൾ നീ അമ്മയുടെ പാട്ട് ഒട്ടും കൊള്ളില്ലായെന്ന് പറയുമായിരുന്നു. പക്ഷേ അന്ന് നീ പറഞ്ഞില്ല. അമ്മയുടെ പാട്ട് നന്നായത് കൊണ്ടാണോ അതോ നിന്റെ നാവിനി ചലിക്കാത്തത് കൊണ്ടാണോ. ഞാൻ വീണ്ടും വീണ്ടും പാടി.... എന്നിട്ടും നീ ഒന്നും പറഞ്ഞില്ല. അമ്മയെ നീ ഇന്നേവരെ തോല്പിച്ചിട്ടില്ല മോനേ. പക്വെഷ അമ്മയിന്നു തോറ്റു. നീ തോല്പിച്ചതല്ല. അമ്മ തോറ്റു പോയതാണ്.

നിന്റെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ടത് വൈദ്യശാസ്ത്രം സ്ഥിരീകരിച്ച് ആദ്യം പറഞ്ഞത് നിന്റെ പപ്പയോടാണ്. നിന്റെ പപ്പ അത് എന്നോട് പറയുമ്പോൾ ആ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. നിന്റെ മൃതശരീരം രണ്ട് കൈകളിൽ ഏറ്റുവാങ്ങുമ്പോഴും, വീടിന്റെ തിണ്ണയിൽ കിടത്തിയിരിക്കുന്ന നിന്നെ മിഴിചിമ്മാതെ നോക്കി തൂണും ചാരി നില്ക്കുമ്പോഴും, പള്ളിയുടെ നടുവിൽ നിന്നെ കിടത്തി പുരോഹിതൻ ഹൃദയത്തിലേയ്ക്ക് ആഞ്ഞു തറയ്ക്കുന്ന പ്രാർത്ഥനകൾ ചൊല്ലുമ്പോഴും, ശവപ്പറമ്പിലേയ്ക്കുള്ള അന്ത്യ യാത്രയിൽ നിന്റെ പിന്നിൽ കൂടി നടക്കുമ്പോഴും ഒടുവിൽ മോന്റെ ദേഹത്ത് ഒരു പോറൽ പോലും ഏൽക്കരുതെന്ന് ആഗ്രഹിച്ച മനസ്സിനെ അമർത്തി പിടിച്ച് ഒരു പിടി മണ്ണ് വാരി കുഴിയിലിടുമ്പോഴും അവസാനമായി പെട്ടിയിൽ ആണിയടിക്കുന്നതിനു മുമ്പ് നിന്റെ പുഞ്ചിരി വിടർന്ന മുഖത്ത് ഒന്ന് ചുംബിക്കുമ്പോഴും, നിറഞ്ഞു നിന്നിരുന്ന നിന്റെ പപ്പയുടെ കണ്ണുനീർ തുളുമ്പിയില്ല. പുറത്തേയ്ക്ക് ഒഴുകാൻ തയ്യാറായി നിൽക്കുന്ന ലാവ

www.malankaralibrary.com

കണക്കെ അത് അങ്ങനെ തന്നെ നിന്നു. പിന്നീടുള്ള ദിനങ്ങളിലാണ് അത് മനസ്സിലായത്, ഉള്ളിൽ കത്തിയമരുന്ന സങ്കടതീച്ചൂളയുടെ ചൂടിൽ ആ കണ്ണുനീരുകൾ ആവിയായി പോവുകയായിരുന്നെന്ന്.

നീ കണ്ടായിരുന്നോ, നിന്നെ കാണാൻ വന്നവരെ? ഇല്ലായിരിക്കും അല്ലേ, നീ കണ്ണുകളടച്ചു കിടക്കുകയായിരുന്നല്ലോ. സ്കൂളിൽ നിന്ന് പ്രിൻസിപ്പാളും ടീച്ചർമാരും പിന്നെ നിന്റെ ക്ലാസിലെ കുട്ടികളും വന്നു. പ്രിൻസിപ്പാൾ മാറി നിന്ന് നിന്റെ പപ്പയോട് എന്തൊക്കെയോ സംസാരിച്ചു. നീ എന്നോട് പറഞ്ഞിട്ടില്ലേ ദേഷ്യപ്പെടാനും അടിക്കാനുമറിഞ്ഞുകൂടാത്ത നിന്റെ ക്ലാസ് ടീച്ചറിനെപ്പറ്റി. ടീച്ചർ എന്റെയടുത്ത് വന്നിരുന്നു, ഒന്നും മിണ്ടിയില്ല. എഴുന്നേറ്റ് പോകാൻ നേരത്ത് ആ കണ്ണുകളെ ഞാൻ ശ്രദ്ധിച്ചു. ആരോ അതിൽ കനൽ വാരിയിട്ടത് പോലെ ചുമന്നിരിക്കുന്നു. ഉള്ള് കലുഷിതമായിരുന്നത് കൊണ്ടായിരിക്കണം കണ്ണുകൾ ചുമന്നത്. നിന്റെ ക്ലാസിലെ കൂട്ടുകാരെല്ലാവരും ചലനം നഷ്ടപ്പെട്ടു പോയ നിന്റെ ശരീരത്തിൽ ഓരോ റോസാ പുഷ്പം വച്ചു. അപ്പോൾ അമ്മയൊന്ന് ഞെട്ടി അതിന്റെ മുള്ളുകളെങ്ങാനും നിന്റെ ശരീരത്തിൽ കൊണ്ടാൽ, അമ്മയ്ക്ക് അത് ഓർക്കാൻ കൂടി വയ്യ. പെട്ടെന്ന് ഞാൻ ചാടിയെഴുന്നേറ്റു; പക്ഷെ ആരൊക്കെയോ പിടിച്ചിരുത്തി. അവരെന്നെ വിട്ടില്ല. ഞാൻ ബഹളമുണ്ടാക്കി എന്നിട്ടും വിട്ടില്ല. പൂവച്ചുകൊണ്ടിരുന്ന കുട്ടികൾ പേടിച്ചിട്ടുണ്ടാകും. നീ ഇപ്പോൾ വിചാരിച്ചു കാണും അമ്മയെത്ര മണ്ടിയാണെന്ന്. ജീവൻ നഷ്ടപ്പെട്ടുപോയ നിന്റെ ശരീരത്തിന് ഇനിയൊരിക്കലും വേദനിക്കാനാകില്ലെന്ന് വിശ്വസിക്കാൻ മാത്രം അമ്മയ്ക്ക് ബുദ്ധിയില്ലായിരുന്നു. എന്നും അങ്ങനെ തന്നെ. ഞാൻ കുനിഞ്ഞിരുന്നു. അത് കണ്ട് നിൽക്കാൻ മാത്രം ത്രാണിയില്ലാ അമ്മയ്ക്ക്. കുറച്ച് കഴിഞ്ഞ് നിന്റെ കൂട്ടുകാരും ടീച്ചർമാരും നിറമിഴികളോടെ തിരികെപ്പോയി. നാട്ടുകാരെല്ലാവരും നമ്മുടെ വീടിന്റെ ഓരോ മൂലയിൽ കൂട്ടം കൂടി നിന്ന് നിന്നെക്കുറിച്ച് അടക്കം പറയുന്നുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്ക് ബന്ധുക്കളും രാഷ്ട്രീയ പാർട്ടിക്കാരും പപ്പയുടെ കൂട്ടുകാരും വന്നും പോയും നിന്നു.

ഉച്ച കഴിഞ്ഞ് ഏതോ ഒരു നേരത്ത് അവർ വന്നു. നീ എപ്പോഴും കളിക്കുമ്പോൾ അടിയുണ്ടാക്കാറുള്ള അയൽപക്കത്തുള്ള ഷംനാദും ഉമ്മയും ബാപ്പയും. ഷംനാദ് നിന്റെയടുത്ത് തന്നെ മാറാതെ നിന്നു. ഐഷ എന്റെ അടുത്ത് വന്നിരുന്നു. അവന്റെ ബാപ്പ ആൾക്കാരുടെ കൂട്ടത്തിൽ പോയിരുന്നു. ക്രിക്കറ്റ് കളിച്ച് കൊണ്ടിരുന്നപ്പോൾ നീയുമായി വഴക്കായിയെന്ന് പറഞ്ഞാണ് ആദ്യമായി ഷംനാദ് എന്റെ മുന്നിൽ വരുന്നത്. നീ ഔട്ട് ആയപ്പോൾ സമ്മതിച്ചു കൊടുത്തില്ലായെന്നായിരുന്നു പരാതി. പിന്നീടും പല പ്രാവശ്യം വന്നു. കേൾക്കുമ്പോൾ നിസ്സാരമായി തോന്നുമെങ്കിലും അവൻ ഓരോ പ്രാവശ്യവും പറഞ്ഞത് സീരിയസ്സായിട്ടായിരുന്നു.

www.malankaralibrary.com

ഒരു ദിവസം അവൻ വന്നപ്പോൾ ഞാൻ അവനെ വീട്ടിനകത്ത് വിളിച്ച് ഒരു ഐസ്ക്രീം കൊടുത്തു. അന്ന് അവൻ എന്നോട് നന്ദി പറഞ്ഞ് മടങ്ങി. അതിനുശേഷം നിന്റെ കുറ്റം പറയാൻ വേണ്ടി അവൻ വന്നിട്ടേയില്ല.

അന്നു നിന്റെ മൃതദേഹത്തിനുമുൻപിൽ കണ്ണിമചിമ്മാതെ ഒരു പക്ഷെ ശ്വാസം പോലും വിടാതെ ഷംനാദ് നിന്റെ മുഖത്ത് തന്നെ നോക്കി നിന്നു. അവൻ അഞ്ച് മിനിറ്റ് തികച്ച് നിന്നില്ലാ, സൈഡിൽ കസേരയിൽ ഇരുന്നവരുടെ ദേഹത്തേയ്ക്ക് മറിഞ്ഞു വീണു. അവന്റെ ഉമ്മ നിലവിളിച്ച് കൊണ്ട് അവന്റെ അടുത്തേയ്ക്ക് ഓടി. എല്ലാവരും കൂടെ അവനെയെടുത്ത് വണ്ടിയിൽ കയറ്റി ആശുപത്രിയിലേയ്ക്ക് പോയി. കഴിഞ്ഞ ദിവസം ഞാൻ അവനെ വഴിയിൽ വച്ച് കണ്ടിരുന്നു. അവൻ വല്ലാതെ ക്ഷീണിച്ച് അസ്ഥികൂടം പോലായി. എന്നോട് വന്ന് സോറി ചോദിച്ചു. എന്തിനെന്ന് ചോദിച്ചപ്പോൾ പലപ്പോഴും കള്ളക്കളി കളിച്ച് വഴക്കുണ്ടാക്കിയത് നീയല്ലാ അവനായിരുന്നെന്ന് പറഞ്ഞ് അവൻ പൊട്ടിക്കരഞ്ഞു. അതൊന്നും സാരമില്ലായെന്ന് പറഞ്ഞ് തോളിൽ തട്ടി ഞാൻ അവനെ ആശ്വസിപ്പിച്ചു.

വൈകുന്നേരമായപ്പോൾ അച്ചന്മാരും സിസ്റ്റർമാരും വന്നു. പൂർവ്വ പിതാക്കന്മാരുടെ പ്രാർത്ഥനകളും, പാട്ടുകളും താളത്തിലും ഈണത്തിലും ഇടമുറിയാതവർ ചൊല്ലി. പ്രാർത്ഥനകളുടെ അവസാനം പള്ളിയിലെ കൊച്ചച്ചനായ ജോസഫ് കുന്നുംപുറത്തച്ചൻ മുന്നോട്ട് കയറി നിന്ന് പ്രസംഗിക്കാൻ തുടങ്ങി. ആദ്യമൊക്കെ അമ്മ ശ്രദ്ധിച്ചില്ലാ, നിന്നെക്കുറിച്ച് എന്തൊക്കെയൊ ചിന്തിച്ചുകൊണ്ടിരുന്നു. പക്ഷേ അച്ചൻ പറഞ്ഞ ഒരു വാചകം അമ്മയുടെ ഹൃദയത്തിൽ തുളച്ചു കയറി. അൾത്താരയിൽ ആരും അഴുകിയ പൂവ് വയ്ക്കാറില്ല. പൂന്തോട്ടത്തിലെ ഏറ്റവും മനോഹരമായ പൂവാണ് വയ്ക്കാറുള്ളത്. അത് പോലെ ദൈവം കാത്ത് പരിപാലിക്കുന്ന ലോകമാകുന്ന പൂന്തോട്ടത്തിലെ ഏറ്റവും സുന്ദരമായ പൂവിനെ സ്വർഗ്ഗം അലങ്കരിക്കാൻ വേണ്ടി ദൈവം പറിച്ചെടുത്താൽ കാവൽക്കാരനും കാര്യസ്ഥനും എന്തുകൊണ്ടെന്ന് ചോദിക്കാൻ അധികാരവും അവകാശവുമില്ലാ, കാരണം ദൈവമാണ് ഉടമസ്ഥൻ.

ഇത് കേട്ടപ്പോൾ അമ്മയുടെ കുറച്ച് വിഷമങ്ങൾക്ക് ശമനമുണ്ടായി. നീ സർവ്വശക്തനായ ദൈവത്തിന്റെ കൈയിലാണല്ലോയെന്ന ആശ്വാസം. എന്നിരുന്നാലും ഉത്തരമില്ലാത്ത ആയിരം ചോദ്യങ്ങളിൽ ഒരുത്തരം കിട്ടിയതിന്റെ സമാധാനം മാത്രം. ബാക്കിയുള്ളത് അമ്മയുടെ കണ്ണുനീർകൊണ്ടും ഉപവാസം കൊണ്ടും അമ്മ ഉത്തരം കണ്ടുപിടിക്കുകയാണ്.

പ്രാർത്ഥനകൾക്കും പ്രസംഗത്തിനുമൊടുവിൽ നിന്നെയെല്ലാവരും ചേർന്ന് പള്ളിയിലേയ്ക്ക് കൊണ്ട് പോകാനായി ആംബുലൻസിൽ

www.malankaralibrary.com

കയറ്റി. പള്ളിയിലും ദീർഘമായ പ്രാർത്ഥനയുണ്ടായിരുന്നു. ഞാൻ നിന്നെയും നോക്കി നിന്റെ പപ്പയുടെ തോളിൽ ചാരി നിന്നു. ഇനി യെന്തെന്ന് അറിഞ്ഞുകൂടാതെ ഒരു കൊക്കയുടെ വക്കിൽ പകച്ചു നിൽക്കുന്ന കൊച്ചുകുട്ടിയെപ്പോലെ അമ്മയുടെ മനസ്സ് ശൂന്യമായി രുന്നു. എന്നിട്ടും നിന്റെ പപ്പയുടെ ഒരു ചോദ്യം അമ്മയുടെ മന സ്സിലേയ്ക്ക് തികട്ടി തികട്ടി വന്നുകൊണ്ടേയിരുന്നു. ഒരു രാത്രിയിൽ ഞങ്ങളുടെ നടുവിൽ കിടക്കുന്ന നിന്റെ നെറ്റിയിൽ തടവികൊ ണ്ട് നിന്റെ പപ്പ ചോദിച്ചു. നമ്മുടെ മോന് കളിക്കാനും കുസൃതി കാട്ടാനും കുറ്റം പറയാനും കൂടെ കരയാനും കൂട്ടിന് ഒരാളെ കൊടുക്കണ്ടേയെന്ന്. എന്റെ പൊന്നോമന മകന് കൊടുക്കേണ്ട മുഴുവൻ സ്നേഹവും പങ്കുവയ്ക്കാനോ, പകുത്ത് നല്കാനോ അമ്മയുടെ മനസ്സ് അന്ന് സന്നദ്ധമല്ലായിരുന്നു. ഇന്നും അതിനൊട്ടും മാറ്റമില്ലാ. പക്ഷെ അത് സ്വീകരിക്കാൻ നീ മാത്രമില്ല. ഇങ്ങനെ ചിന്തകൾ കുന്നും കാടും മലകളും കയറിക്കൊണ്ടിരിക്കുമ്പോൾ അമ്മ നിന്റെ പപ്പയുടെ നെഞ്ചിൽ ചാരി കിടന്ന് ഒരു കാര്യം ശ്രദ്ധിച്ചു. കൈവിട്ടുപോയ നിന്റെ പപ്പയുടെ ഹൃദയമിടിപ്പിന്റെ താളം. താളം തെറ്റിയ ഹൃദയവും തകർന്ന മനസ്സും തളർന്ന ശരീരവും നിന്റെ പപ്പയെ തട്ടി വീഴിച്ചില്ലാ. മനസ്സിനുള്ളിൽ മെനഞ്ഞെടുത്ത മനക്കരുത്തിന്റെ മതിലുകൾ മണ്ണടിയുന്നത് മണിനാദം പോലെ ആ മാറിൽ ചാരി കിടക്കുമ്പോൾ അമ്മയ്ക്ക് കേൾക്കാമായി രുന്നു. എന്നിട്ടും നിന്റെ പപ്പ പതറിയില്ല, പാളിയില്ല.

പള്ളിയിലേയും പ്രാർത്ഥനകൾ അവസാനിച്ചു. തൂവെള്ള തുണിയിൽ പൊതിഞ്ഞ നിന്നെ പെട്ടിയിലടച്ച് സെമിത്തേരിയിലേയ്ക്ക് കൊണ്ട് പോകുവാൻ ആംബുലൻസിൽ കയറ്റുമ്പോൾ അമ്മയ്ക്ക് ഒരു വിഷമ വും തോന്നിയില്ല. എല്ലാവർഷവും നിന്നെ സ്കൂളിലെ പിക്നിക്കിന് തെല്ല് വൈമനസ്യത്തോടെ യാത്രയാക്കുന്ന പ്രതീതിയായിരുന്നു. പക്ഷെ സെമിത്തേരിയിലെത്തി ഒരോ സെല്ലും കണ്ടപ്പോൾ അമ്മയുടെ സമനില തെറ്റി. പിന്നെ കാട്ടിക്കൂട്ടിയത് എന്തൊക്കെയെന്ന് നിന്റെ പപ്പ പിന്നീട് പറഞ്ഞപ്പോഴാണ് അറിയുന്നത്. കരഞ്ഞ് നിലവിളിച്ച് ബഹളമുണ്ടാ ക്കി നിന്നെ സെമിത്തേരിയിൽ അടക്കാൻ സമ്മതിച്ചില്ലത്രേ. പെട്ടിയി ലും കെട്ടിപ്പിടിച്ച് കിടക്കുകയായിരുന്നെന്ന്. കുറച്ച് നേരം എല്ലാവരും കാത്തിരുന്നു എന്നിട്ട് എന്നെ പിടിച്ച് മാറ്റി നിർത്തിയിട്ട് അവസാന പ്രാർത്ഥനകൾ ചൊല്ലി. ഒടുവിൽ അന്ത്യ ചുംബനം നൽകുന്ന സമ യത്ത് അമ്മ ശ്രദ്ധിച്ചു. നിന്റെ നെറ്റിയിൽ ചെറിയ ചൂടുണ്ടായിരുന്നു. പെട്ടിയടയ്ക്കുന്നതിന് മുമ്പ് അമ്മ ഒരിക്കൽകൂടി നിന്നെ നോക്കി. എന്നിട്ട് എന്നും ജീവിക്കുന്ന ഒരിക്കലും മരിക്കാത്ത നിനക്ക് എന്റെ മനസ്സിൽ ഞാൻ ജന്മം കൊടുത്തു.

ഇന്നും അമ്മയെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത് നിന്റെ ഓർമകളുടെ സുഗന്ധമാണ്. നീ തന്നിട്ടുപോയ നല്ല നിമിഷങ്ങളാണ്. ഉമ്മറത്തെ

www.malankaralibrary.com

പൂന്തോട്ടത്തിലെ റോസാപ്പൂക്കളുടേയും ഓർക്കിഡുകളുടേയും ഇട യിലൂടെ നീ ഓടി കളിച്ചതും, റിമോട്ടും പിടിച്ച് ടി.വി യുടെ മുന്നിലി രുന്ന് സച്ചിൻ സിക്സർ പറത്തുന്നത് കണ്ട് എഴുന്നേറ്റ് നിന്ന് തുള്ളി ച്ചാടിയതും, ഒരുമ്മ ചോദിക്കുമ്പോൾ രണ്ടുകവിളിലും കെട്ടിപ്പിടിച്ച് ഉമ്മതന്നതും, സ്കൂളിലേയ്ക്ക് യാത്രയാകുമ്പോൾ തിരിഞ്ഞ് നോക്കി നോക്കി ബസ്സിൽ കയറി റ്റാറ്റാ തന്ന് സ്കൂളിലേയ്ക്ക് പോകുന്നതും, അമ്മ കാണാതെ അടുക്കളയിൽ നിന്നും പലതും കട്ടെടുത്തിട്ട് ഒരു കള്ളചിരി ചിരിച്ച് എന്നെ വലയിൽ വീഴ്ത്തി തടിതപ്പുന്നതും, സൈ ക്കിൾ വാങ്ങിതരില്ല എന്നു പറഞ്ഞതിന് പപ്പയോട് പിണങ്ങി ഒടുവിൽ വാശിപിടിച്ച് ഒരു സൈക്കിൾ പപ്പയെക്കൊണ്ട് വാങ്ങിപ്പിച്ചതും, ഞാൻ നിന്നെ എണ്ണ തേയ്പ്പിച്ചു കുളിപ്പിക്കുമ്പോൾ പലപ്രാവശ്യം നീ എന്നെ കുളിപ്പിച്ചതും, ഓരോ ഉരുള ഉരുട്ടി ചോറുവാരി തരുമ്പോൾ എന്റെ വിരലിൽ കടിച്ചതും, ഞാൻ പാട്ട് പാടി നിന്നെ ഉറക്കാൻ ശ്രമിക്കുമ്പോൾ അമ്മയുടെ പാട്ട് ഒട്ടും കൊള്ളില്ലായെന്ന് പറഞ്ഞ് എന്റെ മടിയിൽ കിടന്നുറങ്ങിയതും, രാത്രികളിൽ കൊള്ളിയാൻ മിന്നുമ്പോൾ പേടി ച്ച് അമ്മയോട് ചേർന്ന് കിടന്നുറങ്ങിയതുമെല്ലാം ഇന്നലെ നടന്നതു പോലെ തോന്നുന്നു.

കൂട്ടുകാരുടെ കൂടെ കളിക്കാൻ വിടാത്തതുകൊണ്ട് എന്റെ കണ്ണ് വെട്ടിച്ച് നീ ഒരുദിവസം കളിക്കാൻ പോയി. തിരികെ വന്നത് വലിയ കുപ്പി ചില്ല് കൊണ്ട് ചോരയിൽ കുളിച്ച കാലും നിറഞ്ഞു കവിയുന്ന കണ്ണുകളുമായാണ്. വാതിൽ പടിക്കൽ ഞാനെന്ത് പറയുമെന്ന് ഓർത്ത് പേടിച്ച് നിൽക്കുന്ന നിന്റെ ചിത്രം എന്റെ ഓർമ്മയുടെ താളുകളിൽ നിറം മങ്ങാതെ ഇന്നും നിൽക്കുന്നു. അമ്മയ്ക്ക് അന്ന് അരിശവും വേദനയും വന്നു. രക്തം വാർന്നൊഴുകുന്ന കാല് കണ്ടപ്പോൾ അമ്മയുടെ അരിശം അതിൽ അലിഞ്ഞുപോയി, കാരണം ആ ചില്ല് തറഞ്ഞിരുന്നത് നിന്റെ കാലിലായിരുന്നില്ല, എന്റെ നെഞ്ചിലായിരു ന്നു. ഉടനെ തന്നെ ആശുപത്രിയിൽ കൊണ്ട് പോയി മരുന്നു വച്ച് തിരികെ വീട്ടിലെത്തിയപ്പോൾ നീ അമ്മയോട് സോറി പറഞ്ഞു. പെ ട്ടെന്ന് ഞാൻ നിന്റെ കിടക്കയിൽ നിന്ന് എഴുന്നേറ്റു പോയപ്പോൾ നീ വിചാരിച്ചുകാണും അമ്മയ്ക്ക് ദേഷ്യം വന്നിട്ടാണെന്ന്; സത്യത്തിൽ നിന്റെ മുന്നിലിരുന്ന് കരയാൻ മടിച്ചിട്ട് അടുക്കളയിൽ പോയതാണ്. ആരും കാണാതെ ഒന്ന് പൊട്ടികരയാൻ.

ഒരു ദിവസം സൂര്യൻ തലയ്ക്ക് മുകളിൽ നിൽക്കുമ്പോൾ നിന്റെ ക്ലാസ് ടീച്ചർ സ്കൂളിലേയ്ക്ക് വിളിപ്പിച്ചു. കാര്യം എന്താണെന്ന് സൂച നപോലും തരാതെ പെട്ടെന്ന് വരണമെന്ന് മാത്രം പറഞ്ഞ് ഫോൺ കട്ട് ചെയ്തു. കാര്യമെന്താണെന്നറിയാത്ത ടെൻഷനിൽ സാരി ഉടുത്തു ഉടുത്തില്ലായെന്ന് വരുത്തി, സ്കൂളിലേയ്ക്ക് വന്നപ്പോൾ പ്രിൻസിപ്പാളി

www.malankaralibrary.com

ന്റെ കാറിൽ ആശുപത്രിയിലേയ്ക്ക് കൊണ്ട് പോയി. ആശുപത്രിയിൽ കണ്ട കാര്യം അമ്മയ്ക്കോർക്കാൻ കൂടി വയ്യ. ഡോക്ടർമാർ ചുറ്റും നിന്ന് നിന്റെ തലയിൽ സ്റ്റിച്ചിടുന്നു. അമ്മയുടെ ബോധം നഷ്ടപ്പെട്ടു തുടങ്ങി. ഒരു വിധം സൈഡിലെ കസേരയിലിരുന്നു. ഒഴുകുന്ന കണ്ണുനീർ കണ്ടിട്ട് പ്രിൻസിപ്പാൾ അടുത്ത് വന്ന് പറഞ്ഞു. കുട്ടികൾ കളിക്കുന്നതിനിടയിൽ സംഭവിച്ചതാണ്. പ്രശ്നമൊന്നും ഉണ്ടാക്കരുത്. തിരികെ വീട്ടിലെത്തി ഓരോ തവണയും നിന്നെ കാണുമ്പോൾ ആയിരം സ്റ്റിച്ചുകളാണ് എന്റെ ചങ്കിൽ കുത്തിക്കയറിയത്. ഒരാഴ്ച കഴിഞ്ഞ് നിന്റെ തലയിലെ സ്റ്റിച്ച് ഡോക്ടർമാർ ചേർന്ന് അഴിച്ചുമാറ്റി. പക്ഷെ എന്റെ ചങ്കിലെ സ്റ്റിച്ച് ആര് അഴിക്കും. ഇന്നും അഴിയാതെ അഴിക്കാതെ അത് അങ്ങനെ തന്നെയുണ്ട്.

വേറൊരു ദിവസം, സൂര്യൻ മേഘങ്ങൾക്കിടയിൽ ഒളിച്ചനേരത്ത് പെട്ടെന്ന് പെയ്ത മഴയിൽ കുതിർന്ന് വീട്ടിൽ വന്ന നിന്നോട് ഞാനറിയാതെ ദേഷ്യപ്പെട്ടു. ആ രാത്രിയിൽ നിനക്ക് പനി പിടിച്ചു. ഡിസംബറിലെ തണുപ്പുള്ള രാത്രിയിലായിരുന്നെങ്കിലും നിന്റെ ശരീരം തിളയ്ക്കുന്ന കനൽ കട്ടയായിരുന്നു. നിന്റെ പപ്പയാണ് നെറ്റിയിൽ വെള്ളം നനച്ച് തുണി വച്ച് തന്നതും നിന്നെ പരിചരിച്ചതും. വേട്ടക്കാരന്റെ തോക്കിനുമുന്നിൽ പിടിക്കപ്പെട്ട് ഇനിയെന്തെന്നറിയാതെ പകച്ചു നിൽക്കുന്ന മാൻപേടയെ കണക്ക് ഞാൻ നിന്റെ കട്ടിലിനരികിൽ തന്നെയിരുന്നു. എന്റെ സംഘർഷം നിറഞ്ഞ മനസ്സിനെ അറിഞ്ഞിരുന്നിട്ടായിരിക്കണം നിന്റെ പപ്പയെല്ലാം ചെയ്തത്. ആ രാത്രി നിനക്ക് വേണ്ടി ഞങ്ങൾ പകലാക്കി മാറ്റി. അബോധാവസ്ഥയിൽ നീ പുലമ്പിയവാക്കുകളെ ശ്രവിച്ച് ചിലപ്പോൾ പേടിച്ചും ചിലസമയത്ത് വേദനിച്ചും നേരം വെളുപ്പിച്ചു. പ്രഭാതം വിരിയുമ്പോൾ നിന്റെ പനി പമ്പകടന്നിരുന്നു. അടുത്ത രാത്രിയിൽ അതെ പനി തിരികെ മടങ്ങിവന്ന് നിന്റെ പപ്പയെ പിടികൂടി. മന:ശക്തി എവിടെനിന്ന് കിട്ടിയെന്നറിയില്ല ഒരു നിമിഷം പോലും പകച്ചു നിൽക്കാതെ പതറി പോകാതെ എല്ലാം ചെയ്തത് ഞാൻ തന്നെയായിരുന്നു.

നീ അറിഞ്ഞില്ലല്ലോ, ഇന്നലെ അമ്മ അടവച്ചിരുന്ന കോഴി കുഞ്ഞുങ്ങളെ വിരിയിച്ചു. മഞ്ഞ, വെള്ള, കറുപ്പ്, കാപ്പിപ്പൊടി തുടങ്ങിയ നിറങ്ങളിലുള്ള, കാണാൻ നല്ല ഭംഗിയുള്ള കോഴിക്കുഞ്ഞുങ്ങൾ. അത് അമ്മക്കോഴിയുടെ ചുറ്റും ഓടി നടന്ന് അമ്മക്കോഴി കൊത്തികൊടുക്കുന്ന ആഹാരം കൊത്തി കഴിച്ച്, കളിച്ച് നടക്കുന്ന കോഴിക്കുഞ്ഞുങ്ങളെ നോക്കിയിരുന്ന് നേരം കളയലാണ് അമ്മയുടെ ഇപ്പോഴത്തെ പണി. ഒരു ദിവസം ഒരു കഴുകൻ വന്ന് കോഴിക്കുഞ്ഞിനെ കൊക്കിലൊതുക്കാൻ ശ്രമിച്ചു. അമ്മയുടെ നെഞ്ചൊന്ന് പിടഞ്ഞു. ചങ്കിൽ കൈവച്ച് പറഞ്ഞു പോയി.

www.malankaralibrary.com

ദൈവമെ കണ്ട് കൊതിതീരും മുമ്പേ, ഒന്ന് സ്നേഹിച്ചു തുടങ്ങുന്നതിനുമുമ്പേ നീ ഈ മിണ്ടാപ്രാണികളുടെ ജീവൻ അപഹരിക്കുകയാണോ?

ഭാഗ്യത്തിന് ഒരു വിധം ആ കോഴിക്കുഞ്ഞുങ്ങളെല്ലാം രക്ഷപ്പെട്ടു. വീണ്ടും കോഴിക്കുഞ്ഞിനെ റാഞ്ചാൻ പരുന്ത് വന്നു. അപ്പോഴേയ്ക്കും, കുഞ്ഞുങ്ങളെല്ലാം അമ്മക്കോഴിയുടെ ചിറകിൻ കീഴിൽ സുരക്ഷിത സ്ഥാനത്ത് എത്തിയിരുന്നു. അപ്പോൾ ഒരു നിമിഷം ഞാൻ ചിന്തിച്ചു. നിന്നെ ആർക്കും വിട്ടുകൊടുക്കാതെ ഒരു കഴുകനും റാഞ്ചാൻ അനുവദിക്കാതെ സുരക്ഷിതമായി എന്റെ തണലിൻ കീഴിൽ വളർത്തി. എന്നിട്ടും നിന്റെ ശരീരത്തിൽ നിന്ന് ആത്മാവ് വേർപ്പെടുന്നത് അമ്മയ്ക്ക് നിസ്സഹായതയോടെ നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ. എവിടെയാണ് അമ്മയുടെ കണക്കുകൾ പിഴച്ചത്? എവിടെയാണ് അമ്മയ്ക്ക് തെറ്റു പറ്റിയത്? അറിയില്ല.... നിന്നെ കൊതി തീരെ ഒന്ന് കണ്ട് തീർന്നിരുന്നില്ല. സ്നേഹിച്ച് മതിവന്നിരുന്നില്ല.

അരുതുകളുടെ ഒരു സാഗരം തീർത്ത് നിന്റെ ജീവിത ഓട്ടത്തിന്റെ ഗതിയെ നിയന്ത്രിച്ചതിന് നീ അമ്മയോട് ക്ഷമിക്കണം. ഈ ലോകത്തുള്ള നിന്റെ ജീവിതം ചുരുങ്ങിയതാണെന്ന് ഞാനറിഞ്ഞിരുന്നില്ല പൂന്തോട്ടത്തിൽ പൂവുകൾക്കിടയിലൂടെ ഒടിക്കളിക്കാൻ ഞാൻ നിന്നെ അനുവദിച്ചില്ല. നീ വീഴുമെന്ന് ഞാൻ ഭയപ്പെട്ടു. നിന്റെ കൂട്ടുകാരുടെ കൂടെ കളിക്കാൻ ഞാൻ വിട്ടില്ല, അവരുടെ കൂടെ കൂടി നീ വഴി തെറ്റുമോയെന്ന് ഞാൻ പേടിച്ചു. നിനക്കിഷ്ടമുള്ള ഡ്രെസ്സ് ഇടുവാൻ നിന്നെ സമ്മതിച്ചില്ല. എല്ലാചെറുക്കന്മാരെയും പോലെ നീ ആകരുതെന്ന് ഞാനാഗ്രഹിച്ചു. നിന്റെ സ്വപ്നങ്ങളെ അറിയാനോ ആഗ്രഹങ്ങളെ സാധിച്ചു തരുവാനോ, ഇഷ്ടങ്ങളെ കാണുവാനോ, അമ്മയ്ക്ക് കഴിയാതെ പോയി. സ്വാർത്ഥതായെന്ന മഹാസർപ്പം അമ്മയെ പൂർണ്ണമായി വിഴുങ്ങിയിരുന്നതിനാൽ, ചുറ്റും അന്ധകാരമായിരുന്നു. നീയായിരുന്നു എന്റെ സ്വാർത്ഥത. എന്നിട്ടും നീ എന്തിനാണ് അമ്മയോട് ഒരു വാക്ക് പോലും മറുത്ത് പറയാതെ ഞാൻ വരച്ച വരയിൽ കൂടെ മാത്രം നടന്നത്, ഞാൻ സ്ഥാപിച്ച അരുതുകളുടെ മുന്നിൽ സിശബ്ദനായി നിന്നത്? നിന്റെ മുഖമൊന്ന് കറുപ്പിച്ചിരുന്നെങ്കിൽ, ഒരക്ഷരം എതിർത്ത് ഉരിയാടിയിരുന്നെങ്കിൽ ഒരു പക്ഷെ അമ്മയുടെ കണ്ണ് തുറക്കുമായിരുന്നേനെ. അമ്മ പറഞ്ഞ കാര്യങ്ങൾക്ക് മുന്നിൽ നീ ചിരിച്ചു കാണിച്ചു. എന്റെ താളത്തിനൊത്ത് ഒരു മുറുമുറുപ്പും കൂടാതെ നീ തുള്ളി. അമ്മ ഒരു ദുഷ്ടസ്ത്രീയായിരുന്നെന്ന് നിന്റെ മനസ്സിൽ വെറുതെയാണെങ്കിൽ പോലും വിചാരിക്കരുത്. നീ എന്നും എന്റെ ചാരത്ത് ചെറുവിരലിന്റെ അറ്റത്ത് ഉണ്ടാകണമെന്ന് അമ്മ ആഗ്രഹിച്ചിരുന്നു.

www.malankaralibrary.com

സന്തോഷത്തോടെ നിന്റെ മടിയിൽ കിടന്ന് മരിക്കുന്നത് അമ്മ പലപ്പോഴും സ്വപ്നം കണ്ടിട്ടുണ്ട്. പക്ഷെ നീയെന്റെ മടിയിൽ കിടന്ന് മരിച്ചു. അമ്മയ്ക്കും പപ്പയ്ക്കും ഇപ്പോൾ ഒരു പ്രാർത്ഥനയേയുള്ളൂ എത്രയും പെട്ടെന്ന് നിന്റെ അടുത്തെത്തുക. ദൈവത്തിന്റെ അടുത്തെത്തുമ്പോൾ ചോദിക്കാൻ അമ്മയൊരു ചോദ്യം കരുതി വച്ചിട്ടുണ്ട്. തിരിച്ച് പിടിച്ചുമേടിക്കാനായിരുന്നെങ്കിൽ ദൈവമേ നീ എന്തിന് എനിക്കൊരു മകനെ തന്ന് മോഹിപ്പിച്ചു? ദൈവത്തോട് വാഗ്വാദം നടത്താൻ കേവലം മനുഷ്യപുഴുവായ അമ്മയ്ക്കാകില്ലായെന്ന് അറിയാൻ മേലാഞ്ഞിട്ടല്ല. ആത്മാവിന്റെ അഗാധത്തിലെവിടെയോ തിളച്ചു മറിയുന്ന സങ്കടം അണപൊട്ടി ഒഴുകുമ്പോൾ ചോദിച്ചു പോകുന്നതാണ്.

എഴുതി എഴുതി സമയം പോയതറിഞ്ഞില്ലാ, നേരം വെളുക്കാറായി അഞ്ചു മണിയുടെ അലാറം കേൾക്കുന്നു. പുറത്ത് നിലയ്ക്കാത്ത ഇടിയും മഴയും കൊടുങ്കാറ്റുമാണ് അമ്മയുടെ മനസ്സിലും നിലയ്ക്കാത്ത ഇടിയും മഴയും കൊടുങ്കാറ്റും കൊള്ളിയാനുമാണ്. നമുക്ക് എത്രയും പെട്ടെന്ന് കാണാമെന്ന് പ്രാർത്ഥിച്ചുകൊണ്ട് ചുരുക്കുന്നു.

എന്ന്

എന്റെ മോന്റെ മാത്രം സ്വന്തം അമ്മ

■

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

# മോന് വേദനിച്ചോ

ഏക്കാലവും ഓർമ്മയുടെ വസന്തത്തിൽ നിറഞ്ഞു നിൽക്കുന്നത് പട്ടം കിട്ടിയ ആദ്യ ദിവസമാണ്. എല്ലാവരും വന്ന് കൈ തന്ന് ആശംസകളേകിയിട്ട് മടങ്ങുന്നത് ഇന്നും മനസ്സിൽ പച്ചപ്പായി തന്നെ നിറഞ്ഞ് നിൽക്കുന്നു. പുത്തനച്ചനായി ബാച്ച്കാരോടൊപ്പം പിതാവുമായുള്ള കൂടിക്കാഴ്ചയിൽ, പിതാവ് പറഞ്ഞു, നിങ്ങളിൽ ഒരാൾ മിഷനിലേക്ക് പോകണം, ഞാൻ പിന്നിലേയ്ക്ക് തിരിഞ്ഞ് നോക്കുമ്പോൾ ആരും കൈപൊക്കിയിട്ടില്ല. പക്ഷെ എന്റെ കൈ ആരോ പിടിച്ച് പൊക്കിയിരിക്കുന്നു. ഞാൻ സ്വന്തമായി പൊക്കിയതല്ലാ, സഹ-വൈദികർ ആരും തന്നെ പിടിച്ച് പൊക്കിയതല്ലാ. പിന്നെ ആരാ എന്റെ കൈ പിടിച്ചുയർത്തിയത്.... അറിയില്ല, ഇന്നും ചുരുളഴിയാത്ത രഹസ്യമായി അത് അവശേഷിക്കുന്നു.

ആദ്യമായി ഒഡീഷായിൽ കാലുകുത്തി, തെരുവിലൂടെ നടന്നു സൂര്യന്റെ താപം അണുവിട തെറ്റാതെ സകലതും ഏറ്റുവാങ്ങി പെട്ടിയും തൂക്കി നടന്നു നീങ്ങുമ്പോൾ ഞാനോർത്തത്, എന്റെ നാടും, വീടും വീട്ടുകാരെയുമാണ്. ചുറ്റും സ്നേഹിക്കുന്നവർ മാത്രമുള്ള ആ നാട് വിട്ട് എന്തിന് അന്യനാട്ടിലേയ്ക്ക് ചേക്കേറി എന്ന ചോദ്യം നെഞ്ചിൽ തിളച്ചു മറിയുമ്പോൾ തെരുവിന്റെ കോണിൽ വെറും മാംസ പിണ്ഡങ്ങളെയും അസ്ഥികൂടങ്ങളെയുമാണ് ഞാൻ കണ്ടത്. ജീവിത ഭാരം മുഴുവൻ ചുമലിൽ വഹിച്ചിരിക്കുന്ന ഒരു കൂട്ടം മനുഷ്യർ. വീടില്ല, വിദ്യാഭ്യാസമില്ല, വസ്ത്രമില്ല, നല്ല സാഹചര്യങ്ങൾ ഒന്നും തന്നെയില്ലാത്ത അസ്തിയിൽ തൊലി ചേർത്ത് വച്ചിരിക്കുന്ന കുറെ മനുഷ്യ കോലങ്ങൾ. എന്നിൽ നിന്ന് ഓടിയകലാൻ ശ്രമിച്ച മനസ്സിനെ തിരികെ പിടിച്ച് സ്ഥലകാലബോധം വീണ്ടെടുത്തപ്പോൾ, കണ്ണിൽ നിറഞ്ഞത് ചങ്കിൽ നിന്നുള്ള ചോരയാണെന്നു തിരിച്ചറിഞ്ഞു. നെഞ്ചിൽ കൈ

www.malankaralibrary.com

വച്ച് ദൈവമേ എന്ന് ആ തെരുവിന്റെ നടുവിൽ നിന്ന് അറിയാതെ വിളിച്ചു പോയി. വെറും ശൂന്യമായ മനസ്സുമായി ഈ ഒഡീഷായിലേയ്ക്ക് കടന്നു വന്ന എന്റെ ദൗത്യം ആ തെരുവിൽ നിന്ന് ഞാൻ തിരിച്ചറിഞ്ഞു. അന്ധകാരത്തിൽ ജീവിതത്തെ തള്ളി നീക്കുന്ന ഈ മക്കളെ പ്രകാശത്തിന്റെ മക്കളാക്കി മാറ്റുക.

എവിടെയോ അലഞ്ഞു തിരിഞ്ഞു നടന്ന മനസ്സ് ഇപ്പോഴാണ് തിരിച്ച് എന്നിലേക്ക് തന്നെ മടങ്ങി വന്നത് ... ഞാൻ എവിടെയാണെന്ന് മാത്രം മനസ്സിലാകുന്നില്ല..... എനിക്ക് എന്താണ് പറ്റിയത്..... ചുറ്റും ഇരുട്ടാണ്, അവ്യക്തമായി ചില തടിക്കമ്പുകളും തകരപെട്ടികളും കാണാം; പിന്നെ അടക്കിപ്പിടിച്ച ചില പരുക്കൻ സംസാരങ്ങളും. ആരൊക്കെയോ മുന്നിലൂടെ നടക്കുന്നു. പെട്ടെന്നാണ്.... ഉപബോധ മനസ്സിൽ കൊള്ളിയാൻ മിന്നിയത്. പൗരോഹിത്യം സ്വീകരിച്ചിട്ട് അതായത്, ഒഡീഷയിൽ കാലുകുത്തിയിട്ടെന്ന് പറയുന്നതാകും ശരി, പത്ത് വർഷം തികഞ്ഞത് ആഘോഷമാക്കണമെന്ന് അച്ചന്മാരും സിസ്റ്റേഴ്സും പറഞ്ഞു. എന്നാൽ നടത്തിയേക്കാം എന്ന് ഞാനും വിചാരിച്ചു. കൊർഷഹണ്ടിയിലെ വലിയ മൈതാനത്ത് ആഘോഷമായ കുർബാനസംഘടിപ്പിച്ചു. പരിശുദ്ധ കുർബ്ബാന നടക്കുന്നതിനിടയ്ക്ക് വാളും കത്തിയുമായി വന്ന ഒരു സംഘം മുഖം മൂടി ധരിച്ചവർ ആൾക്കാരെ തുരത്തി ഓടിച്ചു. തലയ്ക്ക് പുറകിൽ കിട്ടിയ ആദ്യ അടിയിൽ തന്നെ എന്റെ ബോധം പോയിരുന്നു. ബാക്കിയുള്ളവർ എവിടെയാണെന്ന് അറിയില്ല. ഞാൻ ഈ തടികൾക്കിടയിൽ ഇരുട്ടറയിലാണെന്ന് മാത്രം അറിയാം.

വീണ്ടും എന്റെ കണ്ണുകൾ മെല്ലെ അടഞ്ഞു. മനസ്സ് കയറൂരിവിട്ട കുഞ്ഞാടിനെപ്പോലെ ഓടി നടന്നു. മനസ്സുനിറയെ എന്റെ സകല ഊർജ്ജവും നഷ്ടപ്പെടുത്തി ഞാൻ പ്രകാശം നൽകി വളർത്തിയ എന്റെ ഒഡീഷായിലെ മക്കളാണ്. ഓരോ ജന്മിയുടേയും വീട്ട് മുറ്റത്ത് പോയി ആട്ടും തുപ്പും പിന്നെ കുറെ തെറി വിളികളും കേട്ട് പൈസ സ്വരൂപിച്ച് ആദ്യം ചെറിയൊരു ക്ലിനിക്ക് തുടങ്ങി. പിന്നെ പഴയ സ്നേഹിതന്മാരെയൊക്കെ തപ്പിപിടിച്ച് അവരെ കൊണ്ട് ഒരു സ്കൂൾ തുടങ്ങിപ്പിച്ചു. കുണ്ടും കുഴിയും നിറഞ്ഞ റോഡുകൾ മുഴുവൻ വയലിലെ കർഷകരെ കൊണ്ട് നിരപ്പാക്കി. മന്ത്രിയെ കണ്ട് സംസാരിച്ച് വൈദ്യുതി ലഭ്യമാക്കി. അങ്ങനെ ചെറുതായി ചെറുതായി അന്ധകാരം നിറഞ്ഞു നിന്ന അവരുടെ ജീവിതത്തിനു പ്രകാശം നൽകി ഞാൻ.

വീണ്ടും മനസ്സ് ഇരുട്ട് നിറഞ്ഞ ആ കെട്ടിടത്തിലേയ്ക്ക് തിരികെ വന്നു. തലയൊന്ന് അല്പം ചരിച്ച് നോക്കിയപ്പോൾ എന്റെ മുന്നിൽ കുറച്ച് പേർ നിരന്ന് നിൽക്കുന്നു, ഞാൻ പെട്ടെന്ന് ചാടി എഴുന്നേറ്റ് അവരെ എല്ലാം തള്ളി മാറ്റി സർവ്വ ശക്തിയുമെടുത്ത് ഓടി, കാട്ടിനിടയിലൂടെ അരുവികൾക്ക് നടുവിലൂടെ ഞാനൊരു റോഡിന്റെ മുന്നിലെത്തി.

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

ഭാഗ്യം അവരാരും തന്നെ എന്റെ പുറകിലില്ല. ഏതെങ്കിലും വണ്ടിക്ക് കൈ കാണിക്കാമെന്ന് കരുതി ഞാനൊരു മരത്തിന്റെ ചുവട്ടിലിരുന്നു. അപ്പോഴാണ് ഞാനോർത്തത് എന്റെ ശരീരം എന്റെ കൂടെ വന്നിട്ടില്ല, ഇപ്പോഴും ആ ഇരുട്ടറയിലാണ്.

മുന്നിൽ നിരന്ന് നിന്നവരിൽ ഒരാൾ വാൾ കൊണ്ട് എന്റെ കാല് വെട്ടി, അമ്മേ എന്ന് ഉറക്കെ വിളിക്കണമെന്ന് തോന്നി പക്ഷെ വേദന തോന്നിയില്ല. അപ്പോഴാണ് ഞാൻ എന്റെ ശരീരത്തെ കുറിച്ചോർത്തത്, ഞാൻ വെള്ളളോഹയാണ് അണിഞ്ഞിരുന്നത്, പക്ഷെ അത് ചുവന്നിരിക്കുന്നു. കൈ കുത്തി ഒന്ന് എഴുന്നേറ്റിരിക്കാം എന്ന് വിചാരിച്ച് കൈ നോക്കിയപ്പോൾ കൈ കാണുന്നില്ലാ. ആരോ അതിനെ കുറച്ചപ്പുറത്ത് മാറ്റിയിട്ടിരിക്കുന്നു. ഞാൻ തല ഭൂമിയോട് ചേർത്ത് വച്ച് പതുക്കെ കണ്ണുകൾ അടച്ചു. പപ്പയുടേയും അമ്മയുടേയും മുഖം ടി.വി യിലെന്നപോലെ തെളിഞ്ഞ് വന്നു. അവർ ഇത് ഒരിക്കലും അറിയരുതെന്ന് മനസ്സിനെ പഠിപ്പിച്ചു. പുറത്ത് ശരീരത്തോട് അവർ എന്തൊക്കെയോ കാട്ടികൂട്ടികൊണ്ടിരുന്നു. ഞാൻ ഒന്നും പറയാൻ നിന്നില്ലാ കാരണം അവർക്കെന്നെ തോല്പിക്കാനാവില്ല എന്നെനിക്കുറപ്പുണ്ട്.

കണ്ണ് തുറന്നപ്പോൾ ഞാൻ ആരുടെയോ മടിയിലാണ്. ചുറ്റും നിന്ന് തൂവെള്ള വസ്ത്രം ധരിച്ച ഒത്തിരിപ്പേർ നല്ല ഈണത്തിലും താളത്തിലും അവരുടെ ചിറക് വീശികൊണ്ട് പാടുന്നു. അവരുടെ പാട്ടിന് ഒരു വാക്ക് മാത്രമേയുള്ളൂ 'ഹാല്ലേലൂയാ'. എന്റെ നെറുകയിൽ തടവികൊണ്ട് ഒരു മൃദുല സ്വരം എന്നോട് ചോദിച്ചു.

'അവർ അടിച്ചപ്പോൾ മോന് വേദനിച്ചോ?'

ഞാൻ പറഞ്ഞു.

'ഇല്ലാ .... എനിക്ക് ഉറപ്പായിരുന്നു. ഇന്ന് ഞാൻ നിശ്ചയമായും എന്റെ അപ്പന്റെ മടിയിൽ കിടക്കുമെന്ന്'.

■

www.malankaralibrary.com

# കനലിൽ വിരിഞ്ഞ പൂവ്

നഷ്ടസ്വപ്നങ്ങളുടെ കൂമ്പാരമായിരുന്നു എന്റെ ജീവിതം. ആഗ്രഹിച്ചതൊന്നും കിട്ടിയിട്ടില്ല. നേടിയെടുക്കാൻ ശ്രമിച്ചതൊക്കെ കൈവെള്ളയിൽ വന്ന് മോഹം ജനിപ്പിച്ചിട്ട് എന്നെന്നേക്കുമായി മാഞ്ഞു പോയി. ഞാനൊരു വൻ പരാജയമാണെന്ന് എനിക്ക് തന്നെ ചെറുതായിട്ടാണെങ്കിലും തോന്നി തുടങ്ങി. പക്ഷെ തോറ്റുകൊടുക്കാൻ ഞാൻ തയ്യാറല്ല. എന്റെ ദൈവമാണ് എന്നെ വിളിച്ചത്. നിനക്ക് ദൈവവിളി ഇല്ലായെന്ന് അവൻ പറയാത്തിടത്തോളം കാലം മുന്നോട്ടു വച്ച കാല് അണുവിട പോലും പിന്നോട്ട് വയ്ക്കില്ല. പക്ഷെ നിസ്സഹായനായ എന്നെ കൊണ്ട് എന്ത് ചെയ്യാൻ കഴിയും.

സ്ട്രെച്ചസിൽ നിന്ന് മെല്ലെ ഞാൻ തല പൊക്കി നോക്കി. പപ്പയും അമ്മയും സെമിനാരിയിലെ അച്ചന്മാരും ഓപ്പറേഷൻ തീയറ്ററിന്റെ പുറത്ത് നില്പുണ്ട്. പെട്ടെന്ന് ഓപ്പറേഷൻ തീയറ്ററിലെ ലൈറ്റുകളെല്ലാം തെളിഞ്ഞു. പല ജോലികളിലായിരുന്ന ഡോക്ടർമാരും നേഴ്സുമാരും എന്റെ ചുറ്റും കൂടി. നടുവിനു നൽകിയ ഇൻജക്ഷൻ എന്റെ കണ്ണുകളെ നിർബന്ധിച്ച് അടപ്പിച്ചു. ഡോക്ടർമാർ എന്തൊക്കെയോ ചോദിച്ചു കൊണ്ടിരുന്നു. കൃത്യമായി മനസ്സിലാകാത്ത ചോദ്യങ്ങൾക്ക് ഞാൻ അവ്യക്തമായി ഉത്തരം പറഞ്ഞു. പിന്നെ ബോധം എന്റെ അനുവാദമില്ലാതെ എന്നെ വിട്ട് എവിടെയൊക്കെയോ പറന്ന് നടന്നു.

കുഞ്ഞുന്നാളിൽ പുത്തൻ ശുശ്രൂഷ കുപ്പായമിട്ട് അൾത്താരയിൽ കയറുമ്പോൾ മുതലുണ്ടായിരുന്ന എന്റെ സ്വപ്നമായിരുന്നു ഒരു വൈദികനാകണമെന്നത്. സ്കൂളിൽ, പഠിക്കുന്ന കാര്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ആളിന്റെയും പിന്നിലായിരുന്നു ഞാൻ. പലപ്പോഴും ക്ലാസ് ടീച്ചർമാർ അമ്മയെ സ്കൂളിൽ വിളിപ്പിച്ച് പറയുമായിരുന്നു.

www.malankaralibrary.com

ബിജോയി ആള് പാവമാണ്, പഠിത്തം മാത്രം അല്പം ബുദ്ധിമുട്ടാണ്. പത്താം ക്ലാസ് ജയിച്ചത് ക്ലാസ്ടീച്ചറിനും കൂട്ടുകാർക്കും എനിക്കും ഒരു അത്ഭുതമായിരുന്നു. ടീച്ചർമാർ സ്കൂളിൽ പത്താം ക്ലാസ് തോല്ക്കുന്നവരുടെ ലിസ്റ്റ് എടുത്തതിൽ ഒന്നാം സ്ഥാനം എനിക്കായിരുന്നു. അപ്രതീക്ഷിത വിജയം വച്ചു നീട്ടിയ ദൈവത്തിന് നന്ദി പറഞ്ഞ് ഞാൻ തിരുവനന്തപുരത്തെ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു.

ഇതുവരെയും കണ്ടിട്ടില്ലാത്ത പുതിയ മുഖങ്ങളാണ് ചുറ്റും. ആരോട് എന്തൊക്കെ പറയണമെന്നറിയാതെ നട്ടം തിരിഞ്ഞു. പതുക്കെ ഓരോരുത്തരെയായി പരിചയപ്പെട്ടു. ജോഷ്വാ, ബോസ്കോ, മത്തായി, ജസ്റ്റിൻ, ജറോം, ജിതിൻ, ജോർജ്, ജിനു, സിറിൽ, എബി, വിമൽ, ഷൈജു, ക്രിസ്റ്റി, അബ്രാഹാം, ജോസ് ഇവരാണ് എന്റെ ബാച്ചുകാർ. എല്ലാവരും ഹൃദയത്തിൽ നന്മ സൂക്ഷിക്കുന്നവരാണെന്ന് അടുത്തറിഞ്ഞപ്പോഴാണ് മനസ്സിലായത്. ക്രിസ്തുവിന്റെ വാക്കുകളെ ലോകത്തിന്റെ കോണുകളിൽ എത്തിക്കാൻ ധൈര്യം പ്രകടിപ്പിച്ച് വന്നവർ.

നാല് വർഷത്തെ മൈനർ സെമിനാരി ജീവിതം സമ്മാനിച്ച ഓർമ്മകൾ ചെറുതൊന്നുമല്ല. ചെറിയ പിണക്കങ്ങൾ, വാക്ക് തർക്കങ്ങൾ, പിന്നീട് സോറി ഡാ എന്ന് പറഞ്ഞുള്ള ഇണക്കങ്ങൾ, അധികാരികളിൽ നിന്ന് കേൾക്കേണ്ടി വന്ന വഴക്കുകൾ, ബാച്ച് ഡേയിലെ കുറവുകളെ കുറിച്ച് കുറ്റം പറഞ്ഞ് അങ്ങോട്ടുമിങ്ങോട്ടുമുള്ള സംസാരങ്ങൾ, പരീക്ഷാ സമയത്ത് ഒരുമിച്ചുള്ള പഠിത്തം, ഇതൊക്കെ അവസാന ശ്വാസം വലിക്കുന്നതിന്റെ അവസാന മില്ലി സെക്കൻഡ്വരെ ഓർമയിൽ നിന്ന് മങ്ങില്ല.

സെമിനാരിയിൽ ചേർന്നിട്ട് ആദ്യമായി ഒരു വിഷയത്തിനു തോല്ക്കുന്നത് സുറിയാനി ഭാഷയ്ക്കായിരുന്നു. അതൊരു തുടക്കം മാത്രമായിരുന്നു. പിന്നെ മാലപ്പടക്കം പോലെ ഓരോന്നായി പൊട്ടി. എങ്ങനെയൊക്കെയോ പ്ലസ് ടു ജയിച്ചു. അച്ചന്മാരുടെ കാരുണ്യം കൊണ്ടും പ്രാർത്ഥനയിൽ ആരൊക്കെയോ ഓർത്തിരുന്നതുകൊണ്ടും മൈനർ സെമിനാരി ഒരുവിധം പൂർത്തിയാക്കി.

മൈനർ സെമിനാരി പൂർത്തിയാക്കിയാൽ, ഇനിയെല്ലാം എളുപ്പമായിരിക്കും എന്നു വിചാരിച്ചാണ് തിരുവനന്തപുരത്തെ മലങ്കര മേജർ സെമിനാരിയിൽ ചേരുന്നത്. പക്ഷേ താലസും, കാണ്ഡും, ഹൈഡഗറും, നീഷേയും എന്നെ ചതിച്ചു. മൂന്നു വർഷത്തെ എന്റെ ഫിലോസഫി ജീവിതം ഇരുണ്ട കാലഘട്ടമായിരുന്നു. രാവിലെ എഴുന്നേൽക്കുക, ക്ലാസിൽ പോകുക, പ്രതിമപോലെ ഇരിക്കുക, ക്ലാസു കഴിയുമ്പോൾ ഒരു ഹൊറർ സിനിമ കണ്ടവനെപ്പോലെ ഇറങ്ങിവരിക. ഇന്നും എന്റെ മനസ്സിൽ ഒരു ചോദ്യചിഹ്നമായി തന്നെ നിൽക്കുന്നു. ഈ താലസും

www.malankaralibrary.com

ഹൈഡഗറും നീഷേയുമൊക്കെ, ബൈബിൾ ആദ്യം മുതൽ അവസാനം വരെ വായിച്ചിട്ടും ഇവരെ ആരെയും ഞാൻ അതിൽ ഇതുവരെ കണ്ടില്ലാ.

മുപ്പത്തിയൊമ്പതരയും നാല്പതും വാങ്ങി തട്ടിയും മുട്ടിയും പാസ്സ്മാർക്കിൽ ഞാൻ എന്റെ മാർക്ക് ഷീറ്റിലെ മാർക്കിനെ മുട്ടിച്ചിരുന്നു. പക്ഷെ എല്ലാം തകിടം മറിഞ്ഞത് അവസാന ഓറൽ പരീക്ഷയ്ക്കായിരുന്നു. മൂന്നുവർഷം ഫിലോസഫി പഠിച്ചതിൽ എവിടെ നിന്നു വേണമെങ്കിലും ചോദ്യം വരും. അര മണിക്കൂറാണ് മൂന്ന് അച്ചന്മാരുടെ മുന്നിലിരിക്കേണ്ടത്.

എന്റെ ബുദ്ധിയുടെ ആഴവും വ്യാപ്തിയും നീളവും അറിയാവുന്ന അച്ചൻ എന്നോട് ആദ്യം ചോദിച്ചത്. മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം. ചോദ്യം തീരേണ്ട താമസം എന്റെ മനസ്സ് ഉത്തരങ്ങൾ കൊണ്ട് നിറഞ്ഞു. മൃഗങ്ങൾക്ക് കൊമ്പുണ്ട് വാലുണ്ട് നാല് കാലുണ്ട് പക്ഷെ ഇതൊന്നും മനുഷ്യനില്ല. ഇതല്ലാ ഉത്തരമെന്നറിയാമെങ്കിലും മനസ്സിൽ ഇതുമാത്രമാണ് തെളിയുന്നത്. ഞാൻ ഒരക്ഷരം പോലും ഉരിയാടാതെ രോമം കത്രിക്കാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ ഇരുന്നുകൊടുത്തു. അന്നാണ് ഞാനാദ്യമായി മനസ്സിലാക്കുന്നത് മില്ലി സെക്കന്റിനും സെക്കന്റിനും നമ്മൾ വിചാരിക്കുന്നതിലും ദൈർഘ്യം ഉണ്ടെന്ന്. പിന്നെയും മൂന്ന് അച്ചന്മാർ മാറി മാറി എന്തൊക്കെയോ ചോദിച്ചു. ഇരുട്ട് നിറഞ്ഞു നിന്നിരുന്ന എന്റെ ബുദ്ധിയിൽ മിന്നി തെളിഞ്ഞത് മുക്കിയും മൂളിയും പറഞ്ഞു വച്ചു. അര മണിക്കൂർ അര നൂറ്റാണ്ട് പോലെ ഞാൻ തള്ളി നീക്കി. തോറ്റു എന്ന് മനസ്സിൽ ഉറപ്പിച്ചാണ് ഞാൻ പരീക്ഷാ ഹാൾ വിടുന്നത് പക്ഷെ എനിക്ക് തെറ്റി. അച്ചന്മാർ എന്നോട് കരുണ കാണിച്ചു. അത് എന്തിനാണെന്ന് എനിക്കറിയില്ലാ, ഞാൻ ജയിച്ചു.

കാതോലിക്കേറ്റിൽ ഒരു വർഷത്തെ റീജൻസി കഴിഞ്ഞ് ഞാൻ വീണ്ടും ദൈവശാസ്ത്രം പഠിക്കാനായി മലങ്കര സെമിനാരിയുടെ മടിത്തട്ടിലേയ്ക്ക് മടങ്ങിവന്നു. ഇപ്രാവശ്യം സെമിനാരിയിൽ വന്നത് എന്തെന്നില്ലാത്ത ആനന്ദത്തിലായിരുന്നു. കാരണം ഞാൻ ഇത്രയും നാൾ കൊതിയോടെ കാത്തിരിക്കുകയായിരുന്നു ബൈബിൾ പഠിക്കാൻ. ദൈവം സ്നേഹമാണെന്നും, ദൈവം കരുണയാണെന്നുമൊക്കെ പഠിക്കാൻ എളുപ്പമാണ്. ഇനി ഞാൻ ഒരു വിഷയത്തിലും തോല്ക്കില്ലായെന്ന് വിചാരിച്ചു. കണക്കു കൂട്ടലുകളെ കുരുക്കിലാക്കി കൊണ്ടാണ് ഞാനന്ന് ഒന്നാം വർഷം പഠിക്കേണ്ട വിഷയങ്ങളുടെ ലിസ്റ്റ് വായിച്ചത്. ലിസ്റ്റ് വായിക്കുന്നതിൽ നിന്നു തന്നെ ഞാൻ തോറ്റു തുടങ്ങിയിരുന്നു. ഗ്രീക്ക്, ഹീബ്രു, കാനൻ ലോ, സിനോപ്റ്റിക് പ്രോബ്ലം, പാട്രോളജി ഇത്രയും വായിച്ചപ്പോൾ തന്നെ പതിവില്ലാതെ കണ്ണ് നിറഞ്ഞു പോയി.

www.malankaralibrary.com

ഞെട്ടലോടെയാണ് ഞാൻ വേറെ രണ്ട് സത്യങ്ങൾ അറിഞ്ഞത്. ഒന്ന് തിയോളജിക്ക് ഒരു വിഷയത്തിന് നൂറിൽ ജയിക്കാൻ അറുപത് മാർക്ക് വേണം. രണ്ട്, ഒരു വർഷം ആകെയുള്ള വിഷയങ്ങളിൽ നിന്ന് പകുതിയിൽ കൂടുതൽ വിഷയങ്ങൾ തോറ്റാൽ വർഷം റിപ്പീറ്റ് ചെയ്യണം. പുതിയ അച്ചന്മാരായി പുറത്തിറങ്ങുന്ന പലർക്കും ബൈബിൾ പരിജ്ഞാനം കുറവാണത്രേ, അതുകൊണ്ട് അൻപത്തൊൻപത് മാർക്ക് കിട്ടിയവരെപ്പോലും ഒരു മാർക്ക് കൊടുത്ത് ജയിപ്പിക്കണ്ടാ എന്ന് സെമിനാരി കൗൺസിൽ തീരുമാനിച്ചു.

ക്ലാസുകൾ തുടങ്ങി ഒപ്പം പരീക്ഷകളും, ഫിലോസഫി കാലത്ത് കത്തിതീരാത്ത ഏതോ ഒരു പടക്കത്തിന്റെ തിരി കിടപ്പുണ്ടായിരുന്നു. ഗ്രീക്ക് ഭാഷയിൽ തുടങ്ങിയ പൊട്ടൽ കാതടപ്പിക്കുന്നതും കണ്ണുകളെ മങ്ങിപ്പിക്കുന്നതും ആയിരുന്നു. ഒരു അറുതിയില്ലാതെ പിന്നെ പൊട്ടലോട് പൊട്ടൽ ആയിരുന്നു. രണ്ടും മൂന്നും പ്രാവശ്യം റീ-എക്സാം എഴുതി ഒരു വിധം ഒന്നാം വർഷത്തിന്റെ കരപറ്റി. രണ്ടാം വർഷം തുടക്കം മുതൽ തന്നെ ശൂന്യതയായിരുന്നു. ക്ലാസുകൾ പലതും ഞാൻ തൊടാതെയും എന്നെ തൊടാതെയും കടന്നുപോയി. തോല്ക്കുന്ന വിഷയങ്ങളുടെ എണ്ണം കൂടി കൂടി വന്നു. വർഷാവസാന പരീക്ഷയ്ക്ക് മുമ്പുള്ള ആനിമേറ്റർ അച്ചനുമായുള്ള കൂടിക്കാഴ്ചയിൽ അച്ചൻ പറഞ്ഞു.

'ഈ വർഷത്തിൽ ആകെയുള്ള വിഷയങ്ങളിൽ നിന്ന് പകുതിയിലേറെ വിഷയങ്ങൾ ഇപ്പോൾ തന്നെ തോറ്റിട്ടുണ്ട്. അതുകൊണ്ട് വർഷാവസാന പരീക്ഷയിലെ എല്ലാ വിഷയങ്ങളും ആദ്യ അവസരത്തിൽ തന്നെ ജയിക്കണം'.

അച്ചന്റെ മുറിവിട്ടിറങ്ങുമ്പോൾ ഞാൻ നിശ്ചയിച്ചിരുന്നു. എന്തു വിലകൊടുത്തും ഞാൻ പരീക്ഷയ്ക്ക് പഠിച്ച് നല്ല മാർക്ക് വാങ്ങിക്കും. രാത്രി പകലാക്കിയും ഭക്ഷണസമയം പഠനസമയമാക്കിയും ഞാൻ പഠിച്ച് പരീക്ഷ എഴുതി. എന്റെ നിഗമനത്തിൽ പരീക്ഷകൾ ഞാൻ മോശമില്ലാതെ എഴുതി. പരീക്ഷകൾ നന്നായി എഴുതാൻ കഴിഞ്ഞതിന്റെ ആത്മസംതൃപ്തിയിലാണ് ആ വർഷത്തെ വലിയവധിക്ക് ഞാൻ വീട്ടിലേയ്ക്ക് തിരിച്ചത്.

വേനൽക്കാല അവധി സമയത്തുള്ള എം.ബി.ഒ.സി. ക്യാമ്പിന് ഇടയ്ക്കാണ് തൊണ്ടയിൽ കലശലായ വേദന അനുഭവപ്പെട്ടത്. ആദ്യം കാര്യമായിട്ട് എടുക്കാതിരുന്നു. വേദന കൂടുതലായപ്പോൾ ഡോക്ടറെ കാണിച്ചു. ടെസ്റ്റുകൾക്കൊടുവിൽ ഡോക്ടർ വിധിയെഴുതി. തൊണ്ടയിൽ ഒരു മുഴയുണ്ട്. ഉടനെ തന്നെ ഒരു മേജർ സർജറി വേണം. പക്ഷെ ഒരു പ്രശ്നമുണ്ട്, മുഴ മുറിച്ചു മാറ്റുമ്പോൾ ശബ്ദം നഷ്ടപ്പെടാൻ തൊണ്ണൂറു ശതമാനം സാധ്യതയുണ്ട്. അന്ന് വൈകുന്നേരമാണ്

www.malankaralibrary.com

ഞാൻ മറ്റൊരു കാര്യം അറിയുന്നത് വർഷാവസാന പരീക്ഷയിൽ എട്ട് വിഷയങ്ങളിൽ അഞ്ച് എണ്ണത്തിനു ഞാൻ തോറ്റുപോയെന്ന്. ഇടിവെട്ടേറ്റവന്റെ തലയിൽ പാമ്പുകടിച്ചത് പോലെയായി എന്റെ അവസ്ഥ. അച്ചനാവുകയെന്ന സ്വപ്നം ഹൃദയത്തിൽ തന്നെ കുഴിച്ചുമൂടുകയല്ലാതെ വേറെ വഴിയില്ല. ഇനിയൊരു ജീവിതമാർഗ്ഗം തിരഞ്ഞെടുക്കണം.

'ഹലോ ബ്രദർ എഴുന്നേൽക്കൂ... ഹലോ ബ്രദർ എഴുന്നേൽക്കൂ.......'

ഡോക്ടർ എന്റെ കവിളുകളിൽ മൃദുവായി സ്പർശിച്ചുകൊണ്ട് അദ്ദേഹം എന്നെ വിളിച്ചുണർത്തി.

'സർജറി കഴിഞ്ഞു, സക്സസ് ആയിരുന്നു. മുഴയുടെ പൊടി പോലും അവിടെ ഉണ്ടാവില്ല, ശബ്ദത്തിന്റെ കാര്യം ഒരു മാസം കഴിഞ്ഞേ പറയാനാകൂ. വെറുതേ സംസാരിക്കാനൊന്നും നോക്കണ്ട'.

ഡോക്ടർമാരുടേയും നേഴ്സ്മാരുടേയും മുഖത്ത് സർജറി വിജയിച്ചതിന്റെ ചിരി വിരിഞ്ഞ് നിൽക്കുന്നു. ജീവിതം, സമ്മാനിക്കാൻ വേണ്ടി കരുതി വച്ചിരിക്കുന്ന പരാജയത്തിന്റെ വക്കിൽ ചാഞ്ചാടി നിൽക്കുന്ന എനിക്ക് ചിരിക്കാനോ സന്തോഷിക്കാനോ കഴിയുന്നില്ല. ഐ.സി.യുവിന്റെ തണുപ്പിൽ കിടക്കുമ്പോഴും എന്റെ ഉള്ള് കത്തുകയാണ്. ഒന്ന് പൊട്ടിക്കരയണമെന്നുണ്ട് പക്ഷെ ഞാൻ കരയില്ല. ബാവാ പിതാവിന്റെ തീരുമാനം എന്തായാലും സന്തോഷത്തോടെ സ്വികരിക്കും. ഇതെല്ലാം പറയുമ്പോഴും മനസ് എന്റെ കൂടെയില്ല. വേറെ എവിടെയോ ആണ് പിന്നെ ഞാനെങ്ങനെ ശക്തി സംഭരിക്കും, പ്രശ്നങ്ങളെ അഭിമുഖീകരിക്കും.

പരിഭവം മുഴുവൻ ദൈവത്തോടാണ്. ഞാൻ മണ്ടനാണെന്നും പൊട്ടനാണെന്നും ഈ ദൈവത്തിനറിയാം. ഇരുപത്തഞ്ചാമത്തെ വയസ്സിൽ ശബ്ദം നഷ്ടപ്പെട്ടു പോയേക്കാവുന്ന സർജറി ഉണ്ടാകുമെന്ന് ഈ ദൈവത്തിനറിയാം. എല്ലാം അറിയാമായിരുന്നിട്ടും ഒന്നിനും കൊള്ളാത്ത എന്നെ ഈ ദൈവം എന്തിനാണ് വിളിച്ചത്. ഒരു പൊട്ടനെപ്പോലെ എന്നെ ഇത്രയും നാൾ വട്ട് കളിപ്പിച്ചത്, പത്ത് വർഷം കഴിയുമ്പോൾ തിരികെ പറഞ്ഞു വിടാനായിരുന്നോ? ഈ ദൈവത്തിന് എന്നോട് ഒരു വാക്ക് പറയാമായിരുന്നില്ലേ. നിനക്ക് ദൈവവിളി ഇല്ലായെന്ന്. അല്ലെങ്കിൽ ഞാൻ വന്ന ആദ്യ വർഷം തന്നെ അധികാരികളിലൂടെ പറഞ്ഞു വിടാമായിരുന്നല്ലോ.

ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പത്ത് വർഷം ഞാൻ നിനക്ക് വേണ്ടി പാഴാക്കി കളഞ്ഞു. നിനക്കറിയോ.... മിന്നിത്തിളങ്ങുന്ന കാപ്പാ എടുത്തണിയുന്ന ദിവസം സ്വപ്നം കണ്ട്, നീ കുരിശിൽ മരിച്ച വെള്ളിയാഴ്ച ദിവസങ്ങളിൽ ഞാൻ ഉമിനീര് പോലുമിറക്കാതെ ഉപവസിച്ചിരുന്നു. നിന്റെ അൾത്താര മുത്താതെ ഞാൻ ഒരു രാത്രി പോലും

www.malankaralibrary.com

കിടക്കയിലേയ്ക്ക് പോയിരുന്നില്ല. ഒരു പ്രാർത്ഥന പോലും അറിഞ്ഞു കൊണ്ട് ഞാൻ മുടക്കിയിട്ടില്ല. ഓരോ ദിവസവും നീ എന്റെ നാവിൽ വരുമ്പോൾ ഞാൻ നിന്നോട് പറഞ്ഞിരുന്നത് ഒന്നേയുള്ളൂ. എന്നെ വിശുദ്ധനായ വൈദികനാക്കണമെന്ന്. എല്ലാ പരീക്ഷകൾക്കും മുമ്പ് ഞാൻ നിന്റെ ബലിപീഠത്തിന്റെ മുന്നിൽ മുട്ടുകുത്തി ചോദിച്ചിട്ടുണ്ട്. ഒരു അറുപത് മാർക്കെങ്കിലും എനിക്ക് തരണമെന്ന്. എല്ലാവർക്കും തൊണ്ണൂറും നൂറും കിട്ടുമ്പോൾ കഷ്ടിച്ച് ജയിക്കാൻ വേണ്ടി ഞാൻ അറുപത് മാർക്ക് മാത്രമേ നിന്നോട് ചോദിച്ചിട്ടുള്ളൂ. എന്നിട്ടും നീ തന്നില്ല. തോറ്റ പേപ്പറും പിടിച്ച് നിന്റെ ബലിക്കല്ലിന്റെ ഓരത്ത് തല ചേർത്ത് വച്ചിരുന്ന് ആരും കാണാതെ കരഞ്ഞപ്പോൾ ഞാൻ സ്വയം ആശ്വസിച്ചത് നീ എന്റെ കൂടെ എന്നും ഉണ്ടാകുമെന്നായിരുന്നു. പക്ഷെ നീ എന്റെ കൈ കുടഞ്ഞെറിഞ്ഞ് പോകുന്നത് ഞാനറിയുന്നു.

ജീവിതത്തിൽ ഒരിക്കലും കേൾക്കരുതെന്ന് ആഗ്രഹിച്ച വാർത്ത ഞാനിന്ന് കേൾക്കും. അഭിവന്ദ്യ ബാവാ പിതാവും റെക്ടറച്ചനും ഇന്ന് കാണാൻ വരുന്നുണ്ട്. ആർസിലെ പുരോഹിതനോട് കാണിച്ച കരുണയൊന്നും ഈ ആധുനിക കാലത്ത് അധികാരികൾ കാണിക്കില്ല. എത്ര ശ്രമിച്ചിട്ടും കണ്ണ് അറിയാതെ നിറഞ്ഞ് കവിയുന്നു.

കണ്ണുനീര് തുടച്ചിട്ട്, മനസ്സിൽ ഞാൻ ചില കണക്കുകൂട്ടലുകൾ നിരത്തി വച്ചു. ഹോസ്പിറ്റലിൽ നിന്നിറങ്ങുമ്പോൾ സെമിനാരിയിൽ പോയി പെട്ടിയെല്ലാം അടുക്കി വീട്ടിൽ കൊണ്ടുവരണം, കൂടെ പഠിച്ചവരെയെല്ലാം ഒന്നു കൂടെ കണ്ട് യാത്ര പറയണം, പഠിപ്പിച്ച അച്ചന്മാരെയെല്ലാം ഒന്ന് പോയി കണ്ട് യാത്ര ചോദിക്കണം, അവസാനമായി ആ ചാപ്പലിൽ ഒന്നു കൂടെ കയറണം. ദൈവത്തോട് ചെറുതായിട്ട് ഒന്ന് പിണങ്ങണം പിന്നെ ബാഗെടുത്ത് വീട്ടിലേയ്ക്ക് മടങ്ങണം.

ചിന്തകൾ ഹിമാലയ പർവ്വതത്തോളം ഉയർന്ന് അഗ്രത്തിൽ നിൽക്കുമ്പോഴാണ് പിതാവും റെക്ടറച്ചനും കടന്നു വന്നത്. ചിരി വന്നില്ലെങ്കിലും നിർബന്ധിച്ച് ചുണ്ടുകളെകൊണ്ട് ചിരിപ്പിച്ച് ഞാൻ എഴുന്നേറ്റിരുന്നു. എനിക്ക് സംസാരിക്കാൻ കഴിയില്ലായെന്ന് പിതാവിനറിയാമായിരുന്നു. നെറ്റിയിൽ കുരിശ്ശുവരച്ച് സ്ലീബാ കൊണ്ട് അനുഗ്രഹിച്ചിട്ട് പിതാവ് പറഞ്ഞു.

'പേടിക്കയൊന്നും വേണ്ട ഞാൻ ഡോക്ടറെ കണ്ടിരുന്നു. അസുഖമൊക്കെ പെട്ടെന്ന് ഭേദമാകും. മരുന്നുകളൊക്കെ കൃത്യ സമയത്ത് കഴിക്കണം. ഞാൻ പപ്പയോടും അമ്മയോടും പറഞ്ഞിട്ടുണ്ട്, നന്നായിട്ട് നോക്കണമെന്ന്. അവര് നോക്കിക്കൊള്ളും. ഹോസ്പിറ്റലിൽ ചികിത്സ കഴിയുമ്പോൾ വീട്ടിലേയ്ക്ക് പോകണം, പിന്നെ വീട്ടിൽ റസ്റ്റ് എടുത്താൽ മതി. ഒരു മാസത്തെ അവധി ഞാൻ മേജർ സെമിനാരി റെക്ടറച്ചനോട് ചോദിച്ചിട്ടുണ്ട്. ഒരു മാസം കഴിയുമ്പോൾ തിരിച്ചു സെമിനാരിയിൽ

www.malankaralibrary.com

വരണം. തോറ്റ വിഷയങ്ങൾ ആദ്യമെ തന്നെ എഴുതിയെടുക്കണം. അടുത്ത വർഷം ഓർഡിനേഷൻ ആണെന്ന് അറിയാമല്ലോ, ഞാൻ പ്രാർത്ഥിച്ചോളം എല്ലാം പെട്ടെന്ന് ശരിയാകും കേട്ടോ'.

പിതാവും റെക്ടറച്ചനും തിരിഞ്ഞു നടക്കുമ്പോൾ ഞാൻ കണ്ണുനീരിൽ കുതിർന്ന മുഖത്തെ തലയിണയിൽ ചേർത്ത് വച്ച് ചോദിച്ചു

'ദൈവമേ മണ്ടനായ എന്നെ ഇനിയും നിനക്ക് എന്തിനാണ്?'

■

www.malankaralibrary.com

# തണുത്ത താഴ്‌വരയിലെ പൊടിപിടിച്ച ഓർമ്മകൾ

**ഞാ**ൻ നിന്നോട് എത്ര പ്രാവശ്യം പറഞ്ഞു എനിക്ക് മുംബൈയിലെ ജോലി വേണ്ടാ, വേണ്ടാന്ന്. നീ അതു കേട്ടില്ല, എന്നിട്ട് എന്നെ നീ നിർബന്ധിച്ച് അങ്ങോട്ടു പറഞ്ഞുവിട്ടു. മക്കളുടെ ഭാവിയും നിന്നെയും ഓർത്തുമാത്രമാണ് ഞാനന്ന് മുംബൈയിൽ പോയത്. അവിടെ ചെന്നപ്പോഴോ, താമസിക്കാൻ സ്ഥലമില്ലാ, കുടിക്കാൻ വെള്ളമില്ല, കമ്പനിയാണെങ്കിൽ വൃത്തിയില്ലാത്തതും. ഭക്ഷണത്തിന്റെ കാര്യം പിന്നെ പറയുകയേ വേണ്ട. നിന്നെ എത്രപ്രാവശ്യം ഫോൺ വിളിച്ച് പറഞ്ഞു. എനിക്കിവിടെ പറ്റുന്നില്ല ഞാൻ തിരികെവരുവാണെന്ന്. അന്നൊക്കെ ലോകത്തില്ലാത്ത ഉപദേശവും മക്കളുടെ ഭാവിയും പറഞ്ഞ് നീ എന്നെ അവിടെ നിർത്തി. ഒരു വർഷം ഞാനെങ്ങനെയെങ്കിലും പിടിച്ചു നിന്നു. ഒരു വർഷം കൊണ്ട് ആകെ സമ്പാദിച്ച മലേറിയായും കൊണ്ട് ഞാൻ വീട്ടിൽ വന്നപ്പൊൾ, നീയാണ് എന്നെ ശുശ്രൂഷിച്ചത്. ശരിയാണ്, പക്ഷെ എത്ര പ്രാവശ്യം നിന്നോട് ഞാൻ പറഞ്ഞിരുന്നു, എനിക്ക് ഈ ജോലി വേണ്ടാ ഞാൻ തിരികെ വരുവാണെന്ന്. അന്നൊന്നും നീ കേട്ടില്ല. ഞാൻ എത്ര ദേഷ്യപ്പെട്ടാലും ഒന്നുകിൽ നീ നിന്റെ കള്ള ചിരി ചിരിക്കും അല്ലേൽ കുറെ ആശ്വാസവാചകങ്ങൾ കൊണ്ട് നീ എന്നെ മയക്കും.

മലേറിയയൊക്കെ മാറി വന്നപ്പോൾ നീ വീണ്ടും എനിക്കിട്ട് പണി തന്നു. നിന്റെ ആങ്ങളയെക്കൊണ്ട് എനിക്ക് ദുബായിയിൽ ഒരു ജോലി ശരിയാക്കിപ്പിച്ചു. എനിക്ക് അറിഞ്ഞുകൂടാത്തത് കൊണ്ട് ചോദിക്കുവാ; നീയെന്റെ ഭാര്യയാണോ അതോ പെങ്ങളാണോ? എല്ലാ ഭാര്യമാരും ഭർത്താക്കന്മാര് തങ്ങളുടെ അടുത്തുണ്ടാവണമെന്ന് ആഗ്രഹിക്കുമ്പോൾ നീ മാത്രം എന്നെ ദൂരെ പറഞ്ഞു വിടുന്നു. എനിക്ക് കൂടുതലിഷ്ടം പുറത്ത് പോകുന്നതിനെക്കാൾ ഇവിടെ നിൽക്കുന്നതാണെന്ന്

www.malankaralibrary.com

പറഞ്ഞപ്പോൾ, നീ നിന്റെ ഉപദേശങ്ങളുടെ ഭാണ്ഡം എന്റെ മുന്നിൽ വീണ്ടും തുറന്നു വച്ചു. എന്നാൽ പിന്നെ നീ കൂടെ എന്റെയൊപ്പം വരാൻ പറഞ്ഞാൽ അത് അപ്പനെയും അമ്മയേയും നോക്കാൻ ആളില്ലെന്ന് പറഞ്ഞ് നീ ഒഴിയും. അതുകൊണ്ടാണ് വീട്ടിൽ പച്ചവെള്ളം പോലും കുടിക്കാതെ ഞാൻ നിരാഹാരം കിടന്ന് നിന്റെ തീരുമാനം മാറ്റിച്ചത്. നിനക്ക് വാശിയുണ്ടെങ്കിൽ എനിക്കും വാശിയുണ്ടെന്ന് ഞാൻ തെളിയിച്ചു. അങ്ങനെ ദുബായിയിൽ പോക്ക് അവസാനിച്ചു.

ദാബായ് ജോലി വേണ്ടാന്ന് വച്ചപ്പോൾ ഞാനൊന്ന് ആശ്വസിച്ചു ഇനിയെങ്കിലും ജനിച്ചുവളർന്ന ഈ നാട്ടിൽ നിൽക്കാല്ലോന്ന്. പക്ഷെ അവിടെയും നീ എന്നെ തോല്പിച്ചു. നിന്റെ ദില്ലിയിലെ അങ്കിളിനെ കൊണ്ട് ജോലി അന്വേഷിച്ച് കണ്ടുപിടിച്ച് ശരിയാക്കിപ്പിച്ചു. നീ ഇപ്രാവശ്യം ബുദ്ധിപൂർവ്വമാണ് കരുക്കൾ നീക്കിയത്. എനിക്ക് ആ റിട്ടയേർഡ് പട്ടാള അങ്കിളിനെ പേടിയാണെന്ന് നിനക്കറിയാമായിരുന്നു. നിന്റെ ശ്വാസം മുട്ടിക്കലും പട്ടാള അങ്കിളിന്റെ ആക്രോശവും കാരണം എനിക്ക് പോകാതിരിക്കാൻ പറ്റാതെയായി. ഒടുവിൽ ഞാൻ ഇതുവരെയും കണ്ടിട്ടില്ലാത്ത ദില്ലിയിലെ ഒരു സ്വകാര്യ കമ്പനിയിൽ സൂപ്പർവൈസറായി ജോലിയിൽ കയറി.

നിനക്കറിയോ, ഞാൻ എത്രപ്രാവശ്യം ആ മൊട്ടത്തലയൻ മാനേജറിന്റെ വായിൽ നിന്ന് നല്ല ഹിന്ദിയിൽ പുളിച്ച തെറി കേട്ടിട്ടുണ്ടെന്ന്. എന്നും ഒരു ദിവസം തുടങ്ങുന്നതും അവസാനിക്കുന്നതും അയാളുടെ തെറി വിളി കേട്ടുകൊണ്ടാണ്. തലേ ദിവസത്തെ ഓരോ കാര്യം പറഞ്ഞ് രാവിലെ വന്നാലുടൻ അയാളുടെ തിരുവാതുറന്ന് അലറും. വൈകുന്നേരമാകുമ്പോഴേക്കും അന്ന് ചെയ്ത ഓരോ കാര്യം പറഞ്ഞമറും. അങ്ങനെ ഞങ്ങൾ മലയാളികൾ എല്ലാം കൂടിചേർന്ന് അയാൾക്കൊരു പേരിട്ടു. ഡോബർമാൻ, കാരണം മനുഷ്യരെ കാണുമ്പോൾ കുരയ്ക്കുന്ന ഏകജീവി പട്ടിയാണല്ലോ. ഏകദേശം ഒരുവർഷം ആകാറായപ്പോഴേയ്ക്കും ഫ്ളോറിൽ കാലൊന്ന് സ്ലിപ്പായിട്ട് കാലിന്റെ ആങ്കിൾ തിരിഞ്ഞു. കമ്പനിക്കാര് തന്നെ എന്നെ തിരിച്ചു നാട്ടിലേക്കയച്ചു. അങ്ങനെ തിരിച്ച് ജോലിയിൽ നിന്നും എനിക്കു മോചനം ലഭിച്ചു.

രണ്ട് മാസം എന്നെ പ്ലാസ്റ്ററിട്ട് കിടത്തിയപ്പോൾ നിനക്ക് സാമാധാനമായി കാണുമല്ലോ? അല്ലേലും എല്ലാപെണ്ണുങ്ങളും ഇങ്ങനെയാ, സ്വന്തം സുഖം മാത്രമേ അന്വേഷിക്കാറുള്ളൂ. ഭർത്താവ് സന്തോഷിക്കുന്നുണ്ടോ, സുഖമാണോയെന്ന് അവർക്കറിയണ്ട. ഞാൻ അന്നേ നിന്നോട് പറഞ്ഞതാ എനിക്ക് ദില്ലിയിൽ പോകണ്ട ഇവിടെ ജോലിമതീന്ന്. അന്ന് ഞാൻ പറഞ്ഞത് നീ കേട്ടില്ല. അല്ലേലും എനിക്കിവിടെ ഒരു വിലയുമില്ലല്ലോ.

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

രണ്ട് മാസം കഴിഞ്ഞ് പ്ലാസ്റ്റർ മാറ്റിയപ്പോൾ, എന്നോട് പോലും പറയാതെ എറണാകുളത്ത് നിന്റെ പപ്പായുടെ ചേട്ടനെ കൊണ്ട് വീണ്ടും എനിക്കൊരു ജോലി തരപ്പെടുത്തി. ഞാൻ ഒരു കാര്യം ചോദിക്കട്ടെ വീട്ടിൽ കാര്യങ്ങൾ തീരുമാനിക്കേണ്ടത് നീയാണോ ഞാനാണോ? ഞാനൊരു പെൺകോന്തനാണെന്ന് നിനക്കൊരു വിചാരമുണ്ട്. ഞാനൊരു ആണാണ്. കാര്യങ്ങൾ തീരുമാനിക്കേണ്ട പ്രായവും പക്വതയും എനിക്കും വന്നിട്ടുണ്ട്. കുറഞ്ഞത് നിനക്കെന്നോട് പറയാമായിരുന്നു നീ നിന്റെ പപ്പായുടെ ചേട്ടന്റെയടുത്ത് ജോലി ശരിയാക്കാൻ പറഞ്ഞിട്ടുണ്ടെന്ന്. നിന്നോട് പറഞ്ഞിട്ടെന്ത് കാര്യം എല്ലാം എന്നെ പറഞ്ഞാൽ മതിയല്ലോ. അന്നേ അമ്മ പറഞ്ഞതാ അവൾ അഹങ്കാരിയും തന്നിഷ്ടക്കാരിയുമാണെന്ന്, നീ അവളെ കെട്ടേണ്ടെന്ന്. ഞാൻ അന്നത് കേട്ടിരുന്നെങ്കിൽ ഇത് വല്ലതും സംഭവിക്കുമായിരുന്നോ?

വീണ്ടും നിന്റെ വേദോപദേശം കേട്ട് സത്യത്തിൽ സഹിക്കാൻ വയ്യാഞ്ഞിട്ടാണ് നാട്ടിലാണല്ലോ എന്ന ഒറ്റ കാരണത്താൽ ഞാൻ എറണാകുളത്ത് ജോലിക്ക് പോയത്. ഒരു വർഷത്തിൽ കൂടുതൽ പിടിച്ചു നിന്ന ഏകജോലിയിതാണ്. ജോലിക്ക് പോയി തുടങ്ങിയതിനു ശേഷം  നീയെനിക്ക് മനസ്സമാധാനം തന്നിട്ടില്ല. ജോലി കഴിഞ്ഞ് താമസിച്ചു വന്നാൽ പിന്നെ ആയിരം ചോദ്യങ്ങൾ കേട്ടുവേണം അന്ന് കിടന്നുറങ്ങാൻ. ഒരു ദിവസം പോലും കമ്പനിയുടെ ആഘോഷ പാർട്ടികൾക്ക് നീയെന്നെ വിട്ടിട്ടില്ല. കൂട്ടുകാരുടെ കൂടെ പോകാനോ അവരെ വീട്ടിൽ കൊണ്ടു വരാനോ നീ സമ്മതിച്ചിട്ടില്ല. കല്ല്യാണം കഴിക്കുന്നതും ജയിലിൽ കിടക്കുന്നതും തമ്മിൽ ഒരു വ്യത്യാസവും ഇല്ലാന്ന് എനിക്കിപ്പോഴാണ് മനസ്സിലായത്.

നിന്റെ ഏതെങ്കിലും ആഗ്രഹത്തിന് ഞാനിന്നേവരെ തടസ്സം നിന്നിട്ടുണ്ടോ? നീ ഷോപ്പിംഗിന് പോകണമെന്ന് പറയുമ്പോൾ ഞാൻ എന്നെങ്കിലും എതിർത്തു പറഞ്ഞിട്ടുണ്ടോ? സാരി വേണമെന്ന് പറയുമ്പോൾ സാരി വാങ്ങി തന്നിട്ടുണ്ട്. അടുക്കളയിൽ സാധനങ്ങൾ തീരുമ്പോൾ ഞാനതെല്ലാം വാങ്ങി തന്നിട്ടുണ്ട്. വളയ്ക്ക് വളയും , മാലയ്ക്ക് മാലയും,കമ്മലിനു കമ്മലും ഞാൻ വാങ്ങി തന്നിട്ടില്ലേ? നിനക്ക് എന്തേലും കുറവ് ഞാൻ വരുത്തിയിട്ടുണ്ടോ? നിനക്ക് നാല് നേരം കഴിക്കാനിവിടെ ഭക്ഷണമില്ലേ? ബോറടിക്കുമ്പോൾ കാണാൻ ടി.വി യില്ലേ ചൂടെടുക്കുമ്പോൾ തണുപ്പിക്കാൻ ഏസിയില്ലേ? പിന്നെ നീ പറഞ്ഞതെല്ലാം ഞാൻ അനുസരിച്ചിട്ടില്ലേ? മുംബൈയിൽ പോകാൻ പറഞ്ഞു ഞാൻ പോയി. ദില്ലിയിൽ പോകാൻ പറഞ്ഞു ഞാൻ പോയി. ആകെ അനുസരിക്കാത്തത് ദുബായിയിൽ പോകാൻ പറഞ്ഞത് മാത്രമാണ്. ഒരു ഭർത്താവ് എന്ന നിലയിൽ സകല കാര്യങ്ങളും ഞാൻ നിനക്ക് ചെയ്തു തന്നിട്ടുണ്ട്. ഇനി ഞാൻ നിനക്ക് എന്താണ് ചെയ്തു തരേണ്ടത് പറ.

www.malankaralibrary.com

പിന്നെ നീയെനിക്ക് വേണ്ടി ചെയ്ത വലിയൊരു കാര്യമുണ്ട്. നമ്മുടെ മോളെ ലാളിച്ച് ലാളിച്ച് വഷളാക്കി വച്ചത്. ഞാൻ പലയാവർത്തി നിന്നോട് പറഞ്ഞു. അതിരു കടന്ന് മോളെ ലാളിക്കരുതെന്ന്. അത് നീ കേട്ടതായിപ്പോലും ഭാവിച്ചില്ല. നീ പലപ്പോഴും മോളുടെ താളത്തിനൊത്ത് തുള്ളി. അവൾ ചെയ്ത തെറ്റുകളുടെ മുന്നിൽ നീ കണ്ണടച്ചു. അവൾ സ്കൂളിൽ പോകുമ്പോൾ ഭക്ഷണം കൂടാതെ, പൈസയും ഞാനറിയാതെ നീ കൊടുത്തുവിട്ടു. അവൾ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ നീ അവൾക്ക് മൊബൈൽ ഫോൺ വാങ്ങികൊടുത്തു. ഈ കൊച്ചു പ്രായത്തിൽ അവൾക്കെന്തിനാ മൊബൈൽ ഫോണെന്ന് ചോദിച്ചതിന് നീ എന്നെ ചാടി കടിക്കാൻ വന്നു. മോളെ നശിപ്പിച്ചതിന് നീ വലിയൊരു പങ്കുവഹിച്ചു. ഞാൻ വരച്ച അതിരുകളെ നീ മോൾക്ക് വേണ്ടി മാറ്റി വരച്ചു. ഞാനിത് തുറന്നു പറയുന്നത് കൊണ്ട് നീ എന്ത് വിചാരിച്ചാലും എനിക്കൊന്നുമില്ല. മോള് നമ്മുടെ അനുവാദമില്ലാതെ മറ്റൊരുത്തന്റെ കൂടെ വീട് വിട്ടിറങ്ങി പോയതിന് കാരണം നീയൊരുത്തി മാത്രമാണ്.

വേലക്കാരിക്ക് അമിത സ്വാതന്ത്ര്യം കൊടുക്കരുത് അവളെ നിറുത്തേണ്ടിടത്ത് നിർത്തണമെന്ന് നിന്നോട് ഞാൻ പറഞ്ഞതിന് കൈയ്യും കണക്കുമില്ല. നീയത് ഒരിക്കലെങ്കിലും കേട്ടിരുന്നെങ്കിൽ അവൾ അലമാരിയിൽ നിന്ന് പൈസയെടുത്തുകൊണ്ട് പോകുമായിരുന്നോ? വേലക്കാരിയുടെ ഭർത്താവിന് വയ്യ, അമ്മയ്ക്ക് വയ്യ എന്നൊക്കെ വന്ന് കള്ളം പറയുന്നതിനൊക്കെ നീ അവൾക്ക് കൈയയച്ച് പൈസ കൊടുത്തു. അവൾ അവധി വേണമെന്ന് പറയുന്ന ദിവസങ്ങളിലൊക്കെ നീ അവൾക്ക് അവധി കൊടുത്തു. മാസത്തിൽ പത്ത് ദിവസം ജോലിയും ഇരുപത് ദിവസം അവധിയും. എന്നാ പിന്നെ ആ പത്ത് ദിവസം കൂടി നീ അങ്ങ് ജോലി ചെയ്തിരുന്നെങ്കിൽ വേലക്കാരിയെ നമുക്ക് പിരിച്ചു വിടാമായിരുന്നു. നീ മാത്രം അറിയാത്തൊരു സത്യമുണ്ട്. നിന്നെ ഈ ലോകത്തിലെ ഏതൊരു പൊട്ടനും പറ്റിക്കാം. അത്ര നിഷ്കളങ്കയായി പോയി നീ. സത്യത്തിൽ നീ പൊട്ടിയാണോ അതോ പൊട്ടിയായിട്ട് അഭിനയിക്കുവാണോ? എന്തു പറഞ്ഞാലും കണ്ണും നനച്ച് തല കുനിച്ച് നിന്ന് കേൾക്കുന്നതിന് ഒരു മടിയുമില്ല.

കഴിഞ്ഞ ആഴ്ച നിന്റെ അപ്പൻ, അതായത് എന്റെ പുന്നാര അമ്മായിയപ്പൻ ജോലി സ്ഥലത്ത് വന്ന് എന്നെ കുറേ തെറി വിളിച്ചു. അവസാനം എനിക്ക് ഭ്രാന്താണെന്ന് പറഞ്ഞിട്ട് പോയി; അങ്ങേരുടെ വീട്ടിൽ ചെല്ലാത്തതിന്. അച്ചി വീട്ടിൽ പോകേണ്ട ഗതികേടൊന്നും നമുക്കില്ല. കഴിഞ്ഞയാഴ്ച വികാരിയച്ചൻ വന്ന് കുറേ ഉപദേശിച്ചു. എനിക്കാണെങ്കിൽ ഇപ്പോൾ ഉപദേശം കേൾക്കുന്നതേ ഇഷ്ടമില്ല. ഞാൻ ഇങ്ങനെ സെമിത്തേരി ചുറ്റിപ്പറ്റി രാത്രി നിൽക്കുന്നത് സെമിത്തേരി സൂക്ഷി

www.malankaralibrary.com

പ്പുകാരന് ബുദ്ധിമുട്ടാണെന്ന്. ഞാനെന്റെ ഭാര്യയുടെ അടുത്തല്ലേ നിൽക്കുന്നത്, അല്ലാതെ വല്ലവന്റെയും വീട്ടിലല്ലല്ലോ. എനിക്ക് സ്നേഹിക്കാനും അടികൂടാനും തെറിവിളിക്കാനും നീ മാത്രമല്ലേയുള്ളൂ......

പിന്നെ ....... നിന്നെ ഇങ്ങനെ കെട്ടി പിടിച്ച് കിടക്കുമ്പോൾ മാർബിൾ കഷ്ണത്തിലൂടെയാണെങ്കിലും ഞാൻ അറിയുന്നുണ്ട് നിന്റെ ശരീരത്തിന്റെ ചൂട്.

■

www.malankaralibrary.com

# എനിക്ക് നിന്നെ അറിയില്ല

ആഡംബരങ്ങളുടെ നെറുകയിൽ ജനിച്ച് ആർഭാടജീവിതം നയിച്ച് ആനന്ദത്തിന്റെ ഉച്ചകോടിയിൽ ജീവന്റെ പുസ്തകം മടക്കി വച്ചിട്ട് തിരികെ ചെന്നപ്പോൾ ഞാൻ എന്നെത്തന്നെ ഒരു കണ്ണാടിയിലൂടെയെന്ന പോലെ കണ്ടു. ജീവിതം സമ്മാനിച്ചത് പല വർണ്ണങ്ങൾ നിറഞ്ഞ സുന്ദരമായ ചില നിമിഷങ്ങളായിരുന്നു. സൗന്ദര്യ പൂരിതമായ ജീവിതത്തെ ഞാൻ സ്വാർത്ഥതയുടെ കൊടുമുടിയിൽ കൊണ്ട് പോയി തളച്ചിട്ടു. ഒരാളെപ്പോലും എന്റെയടുത്ത് വരുവാൻ അനുവദിച്ചില്ല, അവരുടെ അടുത്തേയ്ക്ക് പോകാൻ ഞാൻ തയ്യാറായതുമില്ല. എനിക്ക് കൂട്ടായി സ്വാർത്ഥതയും സ്വാർത്ഥതയ്ക്ക് കൂട്ടായി ഞാനും. അങ്ങനെ ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് താമസിച്ചു. ഇടയ്ക്ക് അഹങ്കാരവും അസൂയയും അതിഥികളായി വരുന്നതല്ലാതെ ഞങ്ങൾ വേറാരെയും സ്വീകരിക്കുകയോ ക്ഷണിക്കുകയോ ചെയ്തിരുന്നില്ല. ഇതൊക്കെ മുകളിൽ നിന്നൊരാൾ രേഖപ്പെടുത്തുന്നുണ്ടെന്ന് അറിയാമായിരുന്നെങ്കിലും അതൊരു കാര്യമായി പരിഗണിച്ചില്ല. ഇന്ന് മറകളില്ലാതെ എന്റെ പച്ചയായ ജീവിതത്തെ കാണുമ്പോൾ ഞാൻ തന്നെ ലജ്ജിച്ച് തല താഴ്ത്തുന്നു.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ, സാക്ഷരതയുടെ പൂർണ്ണത അവകാശപ്പെട്ട് അഹങ്കരിച്ചിരുന്ന കേരളത്തിൽ തലയ്ക്ക് സ്ഥിരതയില്ലാത്ത ഒരു മുപ്പതു വയസ്സുകാരനെ, അവന്റെ വിശപ്പു ശമിപ്പിക്കാൻ വേണ്ടി വെറും ഇരുന്നൂറു രൂപയുടെ സാധനങ്ങൾ കട്ടതിന്റെ പേരിൽ നാട്ടുകാർ കെട്ടിയിട്ട് ഒരു മൃഗത്തെ കൊല്ലുന്നതുപോലെ തല്ലികൊന്നെന്നു കേട്ടപ്പോൾ, എന്റെ കണ്ണിൽ നിന്ന് ഒരിറ്റ് കണ്ണുനീർപോലും പൊടിഞ്ഞില്ല കാരണം അയാൾ എന്റെ തന്നെ അതേ ചോരയിൽ പിറന്ന സഹോദരനല്ല......

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

ജമ്മു കാശ്മീരിൽ പ്രാർത്ഥനാപൂർവ്വം വിശുദ്ധിയോടെ ഭക്തജനങ്ങൾ കാത്ത് സൂക്ഷിക്കുന്ന അമ്പലത്തിൽ, നാടിനെ സംരക്ഷിക്കേണ്ട നിയമ പാലകനും ചേർന്ന് ഏഴുപേർ നിഷ്കളങ്കയായ ഒരു പിഞ്ചുബാലിക യെ മതത്തിന്റെ പേരിൽ അതിദാരുണമായി പലപ്രാവശ്യം പീഡിപ്പിച്ച് കൊന്നുവെന്നറിഞ്ഞപ്പോൾ ഒരല്പം പോലും എന്റെ ഹൃദയത്തിന് വ്യഥ തോന്നിയില്ലാ കാരണം അവൾ എന്റെ സ്വന്തം കുഞ്ഞിപെങ്ങളല്ല.......

കിഴക്കേ ആൻഡമാൻ കടലിൽ രൂപപ്പെട്ട കൊടുങ്കാറ്റ് ഇന്ത്യയിലെ യും ശ്രീലങ്കയിലെയും പല ഭവനങ്ങളെ പറിച്ചെറിയുകയും, ഒത്തിരി ജീവിതങ്ങളെ ഭൂമുഖത്ത് നിന്ന് തുടച്ച് നീക്കുകയും, അനേകം കുടും ബങ്ങളെ അനാഥമാക്കുകയും ചെയ്തെന്ന് വായിച്ചപ്പോൾ എന്റെ ഉള്ള് ലവലേശം പോലും തേങ്ങിയില്ല, കാരണം അവരാരുമെന്റെ സ്വന്തം ബന്ധുക്കളോ കൂട്ടുകാരോ ആയിരുന്നില്ല.....

അനന്തപുരിയുടെ ഹൃദയഭാഗത്തിൽ ഒരു ഇരുപത്തിമൂന്ന് വയസ്സു കാരൻ എൻജിനിയറിംഗ് വിദ്യാർത്ഥി തന്റെ അമ്പത്തിയൊന്ന് വയസ്സു ള്ള അമ്മയെ കൊന്ന് ചവറുകൂനയിലിട്ട് പെട്രോളൊഴിച്ച് കത്തിച്ചിട്ട് അന്ന് രാത്രി ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ ഐസ്ക്രീം കഴിച്ചെ ന്നറിഞ്ഞപ്പൊൾ, എന്റെ ഹൃദയത്തിന്റെ അടരുകളിൽ നിന്ന് ചോര പൊടിഞ്ഞില്ല കാരണം ആ സ്ത്രീയെ എനിക്കറിയില്ല.....

ഇന്നലെ ബസ്സ്റ്റാന്റിൽ ആരൊക്കെയോ ചവിട്ടിയും തുപ്പിയും വൃത്തികേടാക്കിയ സ്ഥലത്ത് കല്ലിനെ തലയിണയാക്കിവച്ച് കിടന്നു റങ്ങിയ ആ പന്ത്രണ്ട് വയസ്സുകാരൻ ചെളിയുറഞ്ഞ ഷർട്ടും തുള കൂടുതലുള്ള നിക്കറുമിട്ട്, അടുത്ത് വന്ന്, ഒരു ചായ കുടിക്കാൻ കാശ് ചോദിച്ചപ്പോൾ ദാരിദ്ര്യം ഒരു ദാക്ഷണ്യവുമില്ലാതെ വേട്ടയാടിയ അവ ന്റെ വാടിയ മുഖത്ത് രൂക്ഷമായി ഒന്ന് നോക്കിയിട്ട് ഞാൻ മുഖം തിരിച്ച് നടന്നു കാരണം അവനെന്റെ കുഞ്ഞനുജനല്ല.......

ഒരു നരച്ച താടിക്കാരനായ മധ്യവയസ്കൻ; മുറിച്ചുകളഞ്ഞ കാലിന്റെ പകുതിയുമായി. ഒരു മുളംതണ്ടിന്റെ സഹായത്തോടെ ജലാം ശം തീണ്ടിയിട്ടില്ലാത്ത മുടിയും, കാലം സമ്മാനിച്ച കീറലോടുകൂടിയ കുപ്പായവുമണിഞ്ഞ്, പട്ടിണി കീഴടക്കിയ ശരീരവുമായി മുന്നിൽ വന്ന് നിന്ന് ദയനീയമായി കൈനീട്ടിയപ്പോൾ നാണമില്ലല്ലോ വല്ല പണി യും ചെയ്ത് ജീവിച്ചുകൂടെ എന്ന് പറഞ്ഞ് ഞാൻ തിരിഞ്ഞു നടന്നു കാരണം അയാൾ എന്റെ അപ്പനല്ല........

ദേഹമാസകലം പഴുത്തൊലിക്കുന്ന വ്രണങ്ങളുടെ വേദന സഹിക്കാ നാവാതെ റോഡരികിൽ ആരുടെയെങ്കിലും സഹായം പ്രതീക്ഷിച്ചിരി ക്കുന്ന ഒരു പാവം സ്ത്രീ, ചുടു ചോരയുടെ നനവ് തങ്ങി നിൽക്കുന്ന സാരിത്തുമ്പു വീശി ഈച്ചയകറ്റിക്കൊണ്ട് ഒരു നേരത്തെ വിശപ്പടക്കാൻ

www.malankaralibrary.com

വേണ്ടി ഭിക്ഷയാചിച്ചപ്പോൾ ഞാൻ മൂക്കും പൊത്തിപ്പിടിച്ച് കടന്നു പോയി കാരണം അത് ഞാൻ സ്നേഹിക്കുന്ന എന്റെ അമ്മയല്ല.

ഒടുവിൽ പ്രിസ്തായുടെ താളുകൾ അവസാനിച്ചപ്പോൾ ഞാൻ ഇതുവരെയും ആരോട് ദേവാലയത്തിൽ പോയി എന്റെ സന്തോഷങ്ങളും സങ്കടങ്ങളും വിജയങ്ങളും വേദനകളും പങ്കുവെച്ചോ, അവൻ മുഖം തിരിച്ച് നടന്നിട്ട് പറഞ്ഞു.

'എനിക്ക് നിന്നെ അറിയില്ല......'

■

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

# നിങ്ങളെന്നെ ദൈവമാക്കി

**പ**ത്താം ക്ലാസ് തോറ്റത് മുതൽ അമ്മയെനിക്ക് ഇരിക്കപ്പൊറുതി തന്നിട്ടില്ലാ. എന്നൊക്കെ അതിരാവിലെ എഴുന്നേറ്റ് അമ്പലത്തിൽ തൊഴാൻ പോയോ, അന്നൊക്കെ എന്നെയും വിളിച്ച് കൊണ്ട് പോകുമായിരുന്നു. ഉറക്കത്തിൽ വിളിച്ചുണർത്തിയതിന്റെ ദേഷ്യമുണ്ടായിരുന്നെങ്കിലും, വെളുപ്പാൻ കാലത്ത് കുളിച്ച് ഈറനണിഞ്ഞ മുടിയുമായി തൊഴാൻ വരുന്ന പെൺകുട്ടികളെ കണ്ട് കണ്ണുകളെ കുളിരണിയിപ്പിക്കാമെന്നതായിരുന്നു ആകെയുള്ള സന്തോഷം. തൊഴാൻ ഒട്ടും താല്പര്യമില്ലാതിരുന്നിട്ടും നിർബന്ധത്തിനു വഴങ്ങി തൊഴാൻ വരുന്ന എന്നെ കണ്ട് എല്ലാവരും പറഞ്ഞു. ഞാൻ നല്ലവനാണെന്ന്, ഭാവിയിൽ വലിയവനാകുമെന്ന്.

പെൺകുട്ടികളുടെ മുന്നിൽ നിന്ന് അവരുടെ കൈകളിൽ സ്പർശിക്കാമെന്നയൊറ്റ സന്തോഷം ലഭിക്കുന്നതിനു വേണ്ടി വാർദ്ധക്യത്തിലെത്തിയ പൂജാരിയുടെ കൈകളിൽ നിന്ന് പ്രസാദം വാങ്ങി എല്ലാവർക്കും ഞാൻ നൽകിയപ്പോൾ സ്ത്രീകളെല്ലാം പരസ്പരം അടക്കം പറഞ്ഞു.

'നോക്കടീ വയസ്സായ പൂജാരിയെ ആ ചെറുക്കൻ സഹായിക്കുന്നത്. ഇന്നത്തെ കാലത്ത് വേറെയാരിത് ചെയ്യും, അവൻ നല്ല മനസ്സുള്ളവനാ'.

പിന്നീടുള്ള പഠനങ്ങൾ മുഴുവൻ പരാജയവും ജോലിചെയ്യാൻ താത്പര്യമില്ലായ്മയുമായപ്പോൾ സദാസമയം അമ്പലത്തിലെ ആൽചുവട്ടിലിരുന്ന് കൂട്ടുകാരുടെ കൂടെ പെൺകുട്ടികളെ വായിൽ നോക്കി വെള്ളമിറക്കലായി എന്റെ പണി. എന്റെയുള്ള് അഴുക്ക് ചാലുകൾ നിറഞ്ഞതാണെങ്കിലും പുറമേ കണ്ടാൽ ഒരു നിഷ്കളങ്കനായ സന്ന്യാസിയാണെന്നേ തോന്നുകയുള്ളൂ. എന്റെ വ്യാപാരം മുഴുവൻ അമ്പലം ചുറ്റിപ്പറ്റിയായപ്പോൾ ചിലരെങ്കിലും സംശയിച്ചു. എനിക്ക്

www.malankaralibrary.com

വല്ല ദർശനവും കിട്ടിയിട്ടാണോയെന്ന്. പ്രേമം സിനിമാ സ്റ്റൈൽ അനുകരിച്ച് താടിയും മുടിയും നീട്ടി വളർത്തിയപ്പോൾ പലരും എന്റെയടുത്ത് വന്ന് കാല് പിടിച്ച് അനുഗ്രഹിക്കണമെന്ന് യാചിച്ചു. വായിൽ നോക്കാൻ ഒരു പെൺകുട്ടിപോലും ഇല്ലാതായപ്പോൾ കൂട്ടുകാരാരും ഇല്ലാതിരുന്ന നേരത്ത് ഞാൻ ചമ്രം പടഞ്ഞിരുന്ന് ആൽമരത്തിൽ ചാരിയിരുന്ന് ഉറങ്ങി. ഞാൻ ഉറങ്ങുന്നത് കണ്ട നിങ്ങൾ വിചാരിച്ചു, ഞാൻ ധ്യാനനിമഗ്നനായി ഇരിക്കുകയാണെന്ന്.

ഓരോ ദിനവും കടന്നു പോകുമ്പൊഴും ജോലിക്ക് പോയി പണം സമ്പാദിക്കാനുള്ള വീട്ടുകാരുടെ സമ്മർദ്ദം കൂടി കൂടി വന്നു. അങ്ങനെ സമ്മർദം ചെലുത്തികൊണ്ടിരുന്ന ഒരു വൈകുന്നേരമാണ് അമ്പലത്തിലെ കാണിക്കവഞ്ചിയുടെ ദൃശ്യം മനസ്സിൽ തെളിഞ്ഞത്. എന്നും ദൈവത്തെ ദർശിക്കാൻ വരുന്നവർ കാണിക്കവഞ്ചിയിൽ തങ്ങളുടെ നേർച്ചകൾ സമർപ്പിച്ചാണ് മടങ്ങാറ്. അന്ന് ഞങ്ങൾ, സൂര്യനസ്തമിച്ച് എല്ലാവരും അവരവരുടെ കൂരകളിൽ അന്തിയുറങ്ങുമ്പോൾ കാണിക്കവഞ്ചി മോഷ്ടിക്കാൻ തീരുമാനിച്ചു. എല്ലാ പദ്ധതിയും ആസൂത്രണം ചെയ്ത് അവിടെ ചെല്ലുമ്പൊൾ ആരൊക്കെയോ രണ്ട് മൂന്ന് പേർ ചേർന്ന് കാണിക്കവഞ്ചി കുത്തിപ്പൊട്ടിക്കുന്നു. ഞങ്ങളുടെ ദേഷ്യവും സങ്കടവും കാൽപാദത്തിൽനിന്ന് ഉച്ചിയിലേയ്ക്ക് ഇരച്ചുകയറിയപ്പോൾ ഞങ്ങളവരെ ആക്രമിച്ച് കാണിക്കവഞ്ചി കൈക്കലാക്കാൻ ശ്രമിച്ചു. പക്ഷെ അടി നടക്കുന്നതിന്റെ ബഹളം കേട്ട് നാട്ടുകാർ ഓടിക്കൂടി. നാട്ടുകാരെ കണ്ടപ്പോൾ എന്റെ കൂട്ടുകാരും കള്ളന്മാരും ഓടി രക്ഷപ്പെട്ടു. ഞാൻ രക്ഷപ്പെടാൻ ശ്രമിക്കുമ്പൊഴേയ്ക്കും നാട്ടുകാർ എന്നെ വളഞ്ഞിരുന്നു. കൈയിൽ കാണിക്കവഞ്ചിയും പിടിച്ച് നാട്ടുകാരുടെ നടുവിൽ തല്ലും പ്രതീക്ഷിച്ച് നിൽക്കുമ്പൊൾ ഒരു പ്രായമുള്ള അപ്പച്ചൻ അടുത്ത് വന്ന് പറഞ്ഞു.

'നീ പാവങ്ങൾ സമർപ്പിച്ച കാഴ്ചയാണ് രക്ഷിച്ചത്. ദൈവത്തിന്റെ അഭിമാനത്തെയാണ് കാത്തത്, നീ ദൈവത്തിന്റെ കാവൽക്കാരനാണ്'.

എല്ലാവരും നിർത്താതെ എനിക്ക് വേണ്ടി കൈയടിച്ച്, വീട്ടിലേയ്ക്ക് മടങ്ങി. എന്റെ കാല് പിടിച്ച് അനുഗ്രഹം ചോദിച്ചതും ഞാൻ ദിവ്യനാണെന്ന് പറഞ്ഞതും ഞാൻ ദൈവത്തിന്റെ കാവൽക്കാരനാണെന്ന് പറഞ്ഞതും ഒന്നും എന്റെ ജീവിതത്തിന് സാരമായ മാറ്റം വരുത്തിയില്ല. പക്ഷെ ആ സംഭവം എന്റെ ജീവിതത്തെ തലകീഴായി മറിച്ചിട്ടു. അന്ന് ഞാൻ വൈകുന്നേരം അമ്പലകുളിക്കടവിൽ സ്ത്രീകൾ കുളിക്കുന്നത് കണ്ടാസ്വദിച്ചുകൊണ്ട് നിൽക്കുകയായിരുന്നു തലേ ദിവസം തോരാതെ പെയ്ത മഴയിൽ കടവിൽ നല്ല ഒഴുക്കുണ്ടായിരുന്നു. കുളിക്കുന്നതിനിടയിൽ കാല് തെറ്റിവീണ് ഒരു പെൺകുട്ടി ഒഴുക്കിൽ പെട്ടു, കൂടെയുണ്ടായിരുന്നവരെല്ലാം ഉറക്കെ നിലവിളിക്കാൻ

www.malankaralibrary.com

തുടങ്ങി. എന്റെ കാര്യം കുഴപ്പത്തിലാകുമെന്ന് എനിക്ക് മനസ്സിലായി. ഓടി കൂടുന്നവരിൽ എല്ലാവരും കണ്ടില്ലെങ്കിലും ചിലരെങ്കിലും എന്നെ കാണും അവർ പിന്നെ പലരോടായി പറയും.

വീട്ടുകാരെയും ബന്ധുക്കളെയും ആലോചിച്ചപ്പോൾ ഉള്ളിൽ പേടിയിരട്ടിച്ചു. രക്ഷപ്പെടാൻ വേറെ വഴിയില്ലെന്ന് മനസ്സിലായപ്പോൾ രണ്ടും കല്പിച്ച് ഞാൻ പുഴയിലേയ്ക്ക് എടുത്തു ചാടി. നല്ല ഒഴുക്കിനടിയിലേയ്ക്ക് അവൾ താഴ്ന്ന് തുടങ്ങിയെങ്കിലും എന്റെ ശ്രമകരമായ പ്രയത്നത്താൽ കുളിക്കടവിൽ നിന്നും കുറച്ചകലെയായി അവളെ കരയ്ക്കടുപ്പിച്ചു. അത് പൂജാരിയുടെ മകളായിരുന്നു. അവളൊത്തിരി വെള്ളം കുടിച്ച് വയറ് വീർത്തിരുന്നു. പലരും പറഞ്ഞു അവൾ രക്ഷപ്പെടില്ലാന്ന് അവരുടെ നാവിന് കടിഞ്ഞാണിട്ടുകൊണ്ട് ഞാനറിയാതെ പറഞ്ഞുപോയി അവൾക്കൊന്നും സംഭവിക്കില്ലാന്ന്.

ഞാൻ പറഞ്ഞത് പോലെ അവൾക്കൊന്നും സംഭവിച്ചില്ല. പിന്നീടുള്ള ദിവസങ്ങളാണ് എന്റെ ജീവിതത്തിന്റെ ഒഴുക്കിന് വ്യതിയാനം വരുത്തിയത്. ഓരോ ദിവസം ചെല്ലുന്തോറും എന്നെ കുറിച്ച് പുതിയ പുതിയ കഥകൾ ഇറങ്ങി തുടങ്ങി. അതിലൊരെണ്ണം ഇങ്ങനെയാണ്. ഞാൻ കണ്ണുകളടച്ച് ആൽമരച്ചുവട്ടിൽ ധ്യാനിക്കുകയായിരുന്നു. പെട്ടെന്നെനിക്കൊരു ദർശനം കിട്ടി പൂജാരിയുടെ മകൾ പുഴയിൽ അപകടത്തിലാണെന്ന്. പെട്ടെന്ന് ഞാൻ ഓടിച്ചെന്ന്, ജീവൻ പണയം വച്ച് ആ കൊച്ചിനെ രക്ഷിച്ചു. ഇതെല്ലാം കണ്ടു നിന്ന രാവുണ്ണിയാണ് ഇത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

പിന്നീടുള്ള എന്റെ വളർച്ച വിവരിക്കാനും വർണ്ണിക്കാനും കഴിയുന്നതിനപ്പുറമാണ്. ഞാൻ തൊട്ടവർക്കൊക്കെ രോഗസൗഖ്യം കിട്ടിയെന്ന് പലരും അവകാശപ്പെട്ട് തുടങ്ങി. എന്റെ ദിവ്യത കാട്ടുതീ പോലെ നാടെങ്ങും പരന്നു. എന്നെ കാണാൻ ആൾക്കാർ തിക്കും തിരക്കും കൂട്ടി തുടങ്ങി. എന്റെ ശിഷ്യരാകാൻ നാടായ നാട്ടിൽ നിന്നൊക്കെ ആൾക്കാർ വന്നു തുടങ്ങി. ഒരു അത്ഭുത ലോകത്ത് എത്തിയവനെപ്പോലെ ഞാനെല്ലാം ഇങ്ങനെ നോക്കി നിന്നു. എന്നെക്കാൾ അത്ഭുതമായിരുന്നു എന്റെ അച്ഛനും അമ്മയ്ക്കും. പരീക്ഷയ്ക്ക് പല വിഷയങ്ങൾക്കും പൂജ്യം വാങ്ങിയവൻ ഇന്ന് നാടറിയുന്ന നാട്ടുകാരറിയുന്ന കാവി വസ്ത്രധാരിയായ ദിവ്യനായിരിക്കുന്നു..

എന്റെ പ്രശസ്തി ലോകത്തിന്റെ നാല് കോണുകളിലുമെത്തി. പുറം രാജ്യങ്ങളിൽ നിന്നു പോലും എന്നെ കണ്ടനുഗ്രഹം വാങ്ങാൻ ആൾക്കാർ വന്നു തുടങ്ങി. ആൾക്കാർ കൂടുന്നതിനൊപ്പം ഡോളറും യൂറോയും പൈസായും കൂടി കൂടി വന്നു. കാശ് കൂടുന്നതിനൊപ്പം ശിഷ്യന്മാരും വർദ്ധിച്ചു. എന്റെ പൊട്ട പ്രസംഗം കേൾക്കാൻ പതിനാ

www.malankaralibrary.com

യിരങ്ങൾ കൂടുമായിരുന്നു. അത് ലൈവായി ലോകമെങ്ങും സംപ്രേക്ഷണം ചെയ്യുമായിരുന്നു.

പിന്നീടുള്ള എന്റെ ജീവിതം ഈ ലോകത്തിലെ ഒരു മനുഷ്യനും സങ്കൽപ്പിക്കാൻ കൂടി പറ്റാത്തതായിരുന്നു. താമസം കൊട്ടാര തുല്യമായ മാളികയിൽ, സദാസമയം ശുശ്രൂഷിക്കാൻ ദാസിമാര്, ഓരോ ദിവസവും കിടക്കപങ്കിടുന്നത് ഓരോ ദാസിമാരോടൊപ്പം, എന്റെ സുരക്ഷയ്ക്ക് കേന്ദ്ര സർക്കാരിന്റെ തോക്കുധാരികളായ ഭടന്മാർ, യാത്രകൾക്ക് വില കൂടിയ ആഡംബരകാറുകൾ. എന്റെ പേരിലുള്ള വസ്തുവകകൾ എനിക്ക് തന്നെ കൃത്യമായി നിശ്ചയമില്ലാ. കേരള സംസ്ഥാനം മുഴുവൻ വാങ്ങാനുള്ള കാശ് ഇന്ന് എന്റെ കൈയിലുണ്ട്.

ഞാൻ ദൈവമാണെന്നും ദൈവത്തിന്റെ അവതാരമാണെന്നും ദേവനാണെന്നുമുള്ള പുതിയ കഥകൾ പലതും വ്യാപിച്ചു തുടങ്ങി. രാജ്യത്തിന്റെ പലഭാഗത്തായി എന്റെ പേരിൽ അമ്പലങ്ങൾ പണിതു. എന്റെ രൂപത്തിലുള്ള വിഗ്രഹത്തിനവർ പാലും തേനുമൊക്കെ നേർച്ചയായി നൽകി. ഭക്ത സാഗരം എന്നെ തേടി നേരിട്ട് വരുന്നതിതു പകരം എന്റെ ജീവനില്ലാത്ത പ്രതിമയുടെ പുറകേ പോയി. ശത്രുദോഷം മാനഹാനി ധനനഷ്ടം തുടങ്ങിയവയ്ക്കൊക്കെ അവർ വഴിപാടുകൾ നടത്തി.

എനിക്ക് പുറത്തിറങ്ങി സ്വതന്ത്രമായി നടക്കാൻ പറ്റാത്ത അവസ്ഥയായി. പുറത്തിറങ്ങിയാൽ ഉടനെ ആൾക്കാർ എന്നെയൊന്ന് തൊടാൻ വേണ്ടി തിരക്കു കൂട്ടും. റോഡിന് പുറത്തിറങ്ങിയാൽ എവിടെ നോക്കിയാലും എന്റെ പത്താൾ പൊക്കത്തിലുള്ള ഫ്ളെക്സുകൾ മാത്രം. രാജ്യത്തിന്റെ പ്രധാന പരിപാടികൾക്കെല്ലാം വിശിഷ്ടാതിഥി ഞാനായി. ലോകത്തിന്റെ ഏത് കോണിൽ എന്ത് സംഭവിച്ചാലും ആദ്യം മാധ്യമങ്ങൾ അഭിപ്രായം ആരായുന്നത് എന്നോടാണ്. രാജ്യത്തിന്റെ സകല മന്ത്രിമാരും ബിസിനസ്സുകാരും എന്നോട് ചോദിച്ചിട്ടാണ് അവരുടെ ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യാറ്.

അങ്ങനെ നിങ്ങളെല്ലാവരും കൂടെ ആകാശത്തിനപ്പുറം പ്രപഞ്ചത്തിന്റെ അങ്ങെയറ്റം വരെ എന്നെ ഉയർത്തി. നിങ്ങളാരോടും ഞാൻ പറഞ്ഞിട്ടില്ലാ ഞാൻ ദിവ്യനാണെന്ന്. ഞാൻ ഒരാളോട് പോലും പറഞ്ഞിട്ടില്ല ഞാൻ ദൈവമാണെന്ന്. ഞാനെനിക്ക് വേണ്ടി അമ്പലങ്ങൾ പണിയാൻ നിങ്ങളാരോടെങ്കിലും ആവശ്യപ്പെട്ടായിരുന്നോ? നിങ്ങൾ ഒരാളുടെയടുത്തുപോലും ഞാൻ പൈസ ചോദിച്ചിട്ടില്ല. നിങ്ങൾ നിർബന്ധിച്ച് എന്നെ പൈസയേൽപ്പിച്ചു. ഞാൻ അങ്ങോട്ട് വന്ന് ആരേയും ഉപദേശിച്ചിട്ടില്ല. എന്റെ പ്രസംഗത്തിനു ഒരാളെ പൊലും ഞാൻ ക്ഷണിച്ചിട്ടില്ല. എന്റെ ദാസിയാകാൻ ഒരു പെൺകുട്ടിയോട് പോലും ഞാൻ പറഞ്ഞിട്ടില്ലേ. എന്റെ ശിഷ്യരാകാൻ ഒരാളെപോലും ഞാൻ വിളിച്ചിട്ടില്ല.

www.malankaralibrary.com

എന്നോട് പറയാതെ നിങ്ങളെന്നെ ദൈവമെന്ന് വിളിച്ചു. എന്റെ അനുവാദമില്ലാതെ നിങ്ങളെന്റെ പിന്നാലെ കൂടി. എന്നിട്ട് ഇന്നലെ വരെ ദൈവമെന്ന് വിളിച്ച അതേ നാവ് കൊണ്ട് ഇന്ന് നിങ്ങളെന്നെ കള്ളനെന്നും പെണ്ണുപിടിയനെന്നും വിളിക്കുന്നു.

ജയിലിലെ ഇരുണ്ട മുറികളിലൊന്നിൽ മലർന്ന് കിടക്കുമ്പോൾ എന്റെ മുന്നിൽ ഒരു ചോദ്യം മാത്രം തെളിഞ്ഞു കാണാം.

'ഞാൻ ആരാണ്?'

ഉത്തരം കൊടുക്കാൻ എനിക്ക് കഴിയുന്നില്ല. ഇനി നിങ്ങൾ തന്നെ പറയണം ഞാൻ ആരാണെന്ന്.

'ദൈവമോ അതോ കള്ളനോ?'

■

www.malankaralibrary.com

# ഹൃദയകോവിലിന്റെ വികാരി

**പാ**റമല പള്ളിക്കാര് ഇന്ന് അരമനയിൽ അഭിവന്ദ്യ പിതാവിനെ കാണാൻ പോകുകയാണ്. കാരണം മാറിവരുന്ന പുതിയ അച്ചൻ വയസ്സനാണ്.

ഇരുന്നൂറിലേറെ വീട്ടുകാരുള്ള ഇടവകയാണ് പാറമല ഇടവക. പള്ളിയിലെ സെക്രട്ടറിയും ട്രസ്റ്റിയും പിന്നെ ഇടവകയിലെ പ്രമുഖ രായ വ്യക്തികളും ചേർന്നാണ് പിതാവിനോട് അവരുടെ ആവശ്യം ഉന്നയിക്കാൻ എത്തിയിരിക്കുന്നത്. എല്ലാം മണത്തറിഞ്ഞ പിതാവ് എല്ലാവരേയും ചായകുടിക്കാൻ ക്ഷണിച്ചു. ചായകുടിക്കുന്നതി നിടയിൽ പിതാവ് ചോദിച്ചു.

'പാറമല പള്ളിയിൽ എന്തൊക്കെയുണ്ട് പുതിയ വിശേഷങ്ങൾ?'

എല്ലാവർക്കും വേണ്ടി പള്ളിസെക്രട്ടറി എഴുന്നേറ്റു നിന്ന് തന്നെ പറഞ്ഞു തുടങ്ങി.

'അഭിവന്ദ്യ പിതാവേ പള്ളിയിൽ എല്ലാവരും സന്തോഷത്തോടെയി രിക്കുന്നു. പിതാവേ, ഞങ്ങളൊരു ആവശ്യം ഉന്നയിക്കാനാണ് വന്നി രിക്കുന്നത്. പിതാവിന് അറിയാവുന്നത് പോലെ രൂപതയിൽ എല്ലാ കാര്യങ്ങൾക്കും ഒന്നാം സ്ഥാനത്ത് നിൽക്കുന്ന പള്ളിയാണ് പാറമല പള്ളി. അത് കാലാകാലങ്ങളായി മാറിവരുന്ന അച്ചന്മാരുടെ നേതൃത്വം കൊണ്ടുതന്നെയാണ്, പിന്നെ പള്ളിക്കാരുടെ സഹകരണവും.

ഞങ്ങൾ കഴിഞ്ഞ ദിവസം വേദനിപ്പിക്കുന്ന ഒരു വാർത്തയറിഞ്ഞു. അതായത് ഞങ്ങളുടെ ഇപ്പൊഴത്തെ അച്ചൻ മാറി പുതിയതായി ഒരു വയസ്സൻ അച്ചൻ വരുന്നെന്ന്.

www.malankaralibrary.com

പിതാവേ ഞാൻ സംസാരിക്കുന്നത് ഞങ്ങളുടെ പള്ളിക്കാർക്കെല്ലാവർക്കും വേണ്ടിയിട്ടാണ്, പിതാവിന് ദയവുണ്ടായി ഒന്നുകിൽ ഞങ്ങളുടെ പഴയ അച്ചനെ തുടരാൻ അനുവദിക്കണം അല്ലെങ്കിൽ പുതിയതായി ഒരു കൊച്ചച്ചനെ ഞങ്ങൾക്ക് തരണം. ഞങ്ങളെല്ലാവരുടേയും അഭിപ്രായത്തിൽ പ്രായമായ അച്ചനെ ആർക്കും വേണ്ട'.

പിതാവ് അല്പനേരം മൗനത്തിലായിരുന്നിട്ട് ശാന്തമായി പറഞ്ഞു തുടങ്ങി.

'പഴയ അച്ചൻ പുതിയ പള്ളി ഏറ്റെടുത്തിട്ട് ഒരാഴ്ച ആയതേയുള്ളൂ അതുകൊണ്ട് അച്ചനെ ഉടനെ മാറ്റാൻ കഴിയില്ല. എനിക്ക് നിങ്ങളുടെ വികാരം മനസ്സിലാവും, നിങ്ങളുടെ ആവശ്യവും മനസ്സിലാവും, നമ്മുടെ രൂപതയിലെ അച്ചന്മാരുടെ കുറവ് നിങ്ങൾക്കറിയാവുന്നതാണ്. എനിക്ക് എന്ത് ചെയ്യാൻ പറ്റും'.

പിതാവ് വീണ്ടും അല്പനേരമൊന്ന് ആലോചിച്ചിട്ട് പറഞ്ഞു.

'തല്ക്കാലത്തേയ്ക്ക് നമുക്കൊരു കാര്യം ചെയ്യാം; അതായത് കുറച്ച് നാളത്തേയ്ക്ക് പ്രായമായ അച്ചൻ നിങ്ങളുടെ വികാരിയായിരിക്കട്ടെ, അത് കഴിഞ്ഞ് ഞാൻ പുതിയ സംവിധാനം ഉണ്ടാക്കാം, ആറ് മാസത്തിനുള്ളിൽ പുതിയ അച്ചന്മാർ ഇറങ്ങുമല്ലോ'.

എല്ലാവരും മനസ്സില്ലാ മനസ്സോടെയാണെങ്കിലും പിതാവ് തല്ക്കാലത്തേയ്ക്കെന്ന് പറഞ്ഞതുകൊണ്ട് മാത്രം സമ്മതിച്ചു.

പഴയ അച്ചന്റെ യാത്രയയപ്പ് ആഡംബരം ഒട്ടും കുറയ്ക്കാതെ തന്നെ നടത്തി. എല്ലാവരുടേയും സ്നേഹത്തിനു പാത്രമായ അച്ചന് ഒരു പുതിയ ആഡംബര കാർ സമ്മാനമായി നല്കി. അച്ചൻ സന്തോഷത്തോടെ യാത്രയായി. തല്ക്കാലത്തേയ്ക്ക് വേണ്ടി മാത്രം പുതിയതായി വന്ന വയസ്സനച്ചനെ ആഘോഷങ്ങൾ ഒന്നും തന്നെയില്ലാതെയാണ് സ്വീകരിച്ചത്. അന്നേ ദിവസം പ്രായമുള്ള കുറച്ച് അപ്പച്ചന്മാരും, അമ്മച്ചിമാരും അല്ലാതെ വേറാരും പള്ളിയിലില്ലായിരുന്നു.

ഇടവക സെക്രട്ടറി മരണവീട്ടിൽ സ്വാഗതം ചെയ്യുന്നത് പോലെ ചുരുങ്ങിയ വാക്കുകളിൽ ആരുടെയൊക്കെയോ നിർബന്ധത്തിനു വഴങ്ങിയെന്നതുപോലെ അച്ചനെ സ്വാഗതം ചെയ്തു. മറുപടി പ്രസംഗത്തിന്, അച്ചൻ വിറയലാർന്ന കരങ്ങളിൽ മൈക്ക് മുറുകെ പിടിച്ചിട്ട് നിറഞ്ഞ പുഞ്ചിരിയോടെ ഓരോ മുഖങ്ങളെയും മാറി മാറി നോക്കിയിട്ട് പറഞ്ഞു.

'നിങ്ങളെ കാണാൻ സാധിച്ചതിൽ എനിക്കൊത്തിരി സന്തോഷമുണ്ട്. നിങ്ങളുടെ വികാരിയാകാൻ കഴിഞ്ഞതിൽ ഞാൻ ദൈവത്തോട് നന്ദി പറയുന്നു. എന്നെ സ്വീകരിക്കാൻ ഇടവകയിലെ തലമൂത്ത കാരണവർ വന്നതിൽ ഒത്തിരി സന്തോഷമുണ്ട്. നിങ്ങളുടെ ആത്മീയ ആവശ്യ

www.malankaralibrary.com

ങ്ങൾക്ക് എന്നെ നിങ്ങൾക്ക് ഏത് പാതിരാത്രിയിലും വിളിച്ചുണർത്താം അത് നിങ്ങളുടെ അവകാശമാണ്. നമുക്കൊരുമിച്ച് ഈ ഇടവകയേയും നാടിനെയും ദൈവത്തിലേയ്ക്ക് അടുപ്പിക്കാം. ദൈവം നമ്മെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ'.

പിറ്റെ ദിവസത്തെ പരിശുദ്ധ കുർബാനയിൽ സാധാരണ വരുന്നതിലും വിശ്വാസികൾ കുറവായിരുന്നു. പിന്നീടുള്ള ഓരോ ഞായറാഴ്ചകളിലും വിശ്വാസികൾ കുറഞ്ഞ് കുറഞ്ഞ് വന്നു. പലർക്കും കാരണം പറയാൻ ഒന്നേ ഉണ്ടായിരുന്നുള്ളൂ.

'അച്ചന്റെ പരിശുദ്ധ കുർബാന കേൾക്കാൻ ഇമ്പമുള്ളതല്ല. അച്ചന്റെ ശബ്ദം പാറയിലിട്ട് കല്ല് ഉരയ്ക്കുന്നത് പോലെയാണ്. അതുകൊണ്ട് ഞങ്ങൾ വേറെ പള്ളിയിൽ പോകുന്നു'.

കാര്യമറിഞ്ഞ അച്ചന്റെ മനസ്സ് വല്ലാതെ തളർന്നു. ഒരു വശത്ത് വാർദ്ധക്യം വച്ചു നീട്ടുന്ന വേദനകൾ. മറുവശത്ത് ഇടവക ജനങ്ങൾ ഏല്പ്പിക്കുന്ന നീറ്റലുകൾ. എന്തു ചെയ്യണമെന്നറിയാതെ ആശയങ്ങളുടെ നടുവിൽ അച്ചൻ ഒറ്റപ്പെട്ടുനിന്നു. ഒടുവിൽ അച്ചൻ ഈ വിഷയം സമർപ്പിച്ച് ഉപവസിച്ച് പ്രാർത്ഥിക്കാൻ തീരുമാനിച്ചു. ആദ്യം എന്നും പ്രഭാതത്തിൽ പരിശുദ്ധ കുർബാനക്ക് മുമ്പായി ഒരു മണിക്കൂർ പരിശുദ്ധ കുർബാന എഴുന്നള്ളിച്ച് വച്ച് ആരാധന നടത്തി. ജപമാല ചൊല്ലി ചൊല്ലി അച്ചൻ ഇടവകയിലെ ഓരോ വീടും കയറിയിറങ്ങി അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. വാർദ്ധക്യം ശരീരത്തെ വരിഞ്ഞ് മുറുക്കുന്നുണ്ടെങ്കിലും അച്ചൻ പ്രാർത്ഥനയിൽ നിന്നും ഉപവാസത്തിൽ നിന്നും മുട്ടിന്മേൽ നിന്നുള്ള ജപമാലയിൽ നിന്നും പിന്മാറിയില്ല.

അച്ചന്റെ കഠിനമായ പ്രാർത്ഥനയും ഉപവാസവും പാറമല പള്ളിയിൽ മാറ്റങ്ങൾക്ക് തിരിതെളിയിച്ചു. അച്ചൻ തലയിൽ കൈവച്ച് പ്രാർത്ഥിച്ചവർക്കൊക്കെ അത്ഭുതകരമായ രോഗസൗഖ്യം ലഭിച്ചു. പിശാച് ബാധയേറ്റ പലരും അച്ചൻ പ്രാർത്ഥിച്ച് ആശീർവദിച്ച വെള്ളത്തിന്റെ ശക്തിയാൽ വിടുതൽ പ്രാപിച്ചു. അച്ചന്റെ ഞായറാഴ്ചകളിലെ പ്രഭാഷണങ്ങൾ എല്ലാം തന്നെ മാനസാന്തരത്തിന്റെ സുവിശേഷമായിരുന്നു. കുമ്പസാര കൂട്ടിൽ നിന്ന് നിറഞ്ഞ മിഴികളോടയല്ലാതെ പോകുന്നവർ വിരളമായിരുന്നു. കടുത്ത മദ്യപാനികൾ പോലും കുടി നിർത്തി ദൈവവിശ്വാസമുള്ളവരായി.

അച്ചന്റെ കൈകളിലൂടെ ദൈവം ഒഴുക്കിയ അനുഗ്രഹങ്ങൾ പാറമല ഇടവകയിൽ മാത്രമല്ല ഒതുങ്ങി നിന്നത് അക്രൈസ്തവരും അതിൽ പങ്കാളികളായി. നാട്ടിലെ ഒരു വീട്ടിൽ പ്രശ്നമുണ്ടെന്നറിഞ്ഞാൽ ആ വീട്ടിൽ ആദ്യമെത്തുന്നത് അച്ചനായിരിക്കും. മദ്യപാനികളുടെ പേടിസ്വപ്നമായിരുന്നു അച്ചൻ. അച്ചനൊന്ന് തലയിൽ കൈവച്ച്

www.malankaralibrary.com

പ്രാർത്ഥിച്ചാൽ ഏത് വിട്ട് മാറാത്ത രോഗവും വിട്ടുമാറിയിരുന്നു. പാറമല ഇടവക കൂടാതെ പാറമല എന്ന നാടും വിശുദ്ധന്മാരുടെ നാടായി മാറി. കള്ളന്മാരും കവർച്ചക്കാരും കള്ളുകുടിയന്മാരും ഇല്ലാത്ത നാടായി പാറമല. അച്ചന്റെ നിരന്തരമായ പ്രാർത്ഥന കൊണ്ടും പരിത്യാഗ പ്രവൃത്തികൾ കൊണ്ടുമാണ് ഇതെല്ലാം സംഭവിച്ചത്.

വയസ്സനായ അച്ചന്റെ ആരോഗ്യമെല്ലാം ക്ഷയിച്ചുതുടങ്ങി. വേച്ച് വേച്ചാണ് അച്ചൻ നടക്കുന്നത്. എങ്കിലും അച്ചന്റെ പഴയ ദിനചര്യകളിൽ നിന്ന് അല്പം പോലും പിന്മാറിയിട്ടില്ല. വീടുസന്ദർശനത്തിനും പ്രാർത്ഥനകൾക്കും ക്ഷീണവും തളർച്ചയും അച്ചന് ഒരു തടസ്സമേ ആയിരുന്നില്ല.

പാറമല എന്ന നാട്ടിൽ അച്ചനറിഞ്ഞുകൂടാത്തവരും അച്ചനെയറിയാത്തവരുമായി ഇന്ന് ആരും തന്നെയില്ല. അച്ചന്റെ അഹോരാത്രമുള്ള കഠിന പ്രയത്നം കൊണ്ട് അനേകം പേര് ക്രിസ്തുവിനെയറിഞ്ഞു. അതിലുപരി വിട്ടുപോയ ഇടവകക്കാരെല്ലാം തിരികെ വന്നത് അച്ചന് ഒത്തിരി സന്തോഷം നല്കി. വയസ്സായ അച്ചനെ ഞങ്ങൾക്ക് വേണ്ടാന്ന് പറഞ്ഞവരെല്ലാം അഭിവന്ദ്യപിതാവിനെ പോയി കണ്ട് അച്ചനെ മാറ്റരുതെന്ന് ആവശ്യപ്പെട്ടു. ജീവിക്കുന്ന വിശുദ്ധനെന്ന് ഇടവകക്കാരും നാട്ടുകാരും അച്ചനെ വിളിച്ചു. ഇരുന്നൂറ് വീട്ടുകാരുണ്ടായിരുന്ന പാറമല ഇടവക കുറച്ച് മാസങ്ങൾകൊണ്ട് ഇരുന്നൂറ്റിയമ്പത് വീട്ടുകാരായി ഉയർന്നു.

വയസ്സായ അച്ചൻ വികാരിയായി സ്ഥാനമേറ്റിട്ട് ഒരു വർഷം പിന്നിടുമ്പോൾ ഇടവകക്കാർക്കെല്ലാം ആത്മീയവും ഭൗതീകവുമായ മുന്നേറ്റത്തിന്റേയും ഉയർച്ചയുടേയും വളർച്ചയുടേയും കഥകൾ മാത്രമേ സംസാരിക്കാനുള്ളൂ. പക്ഷെ വളർച്ചയുടെ കുത്തൊഴുക്കിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് അന്നത് സംഭവിച്ചു.

എല്ലാ ദിവസവും പരിശുദ്ധ കുർബ്ബാനയ്ക്ക് എല്ലാവരും വരുന്നതിനു മുമ്പ് വരുന്ന അച്ചൻ പരിശുദ്ധ കുർബ്ബാന തുടങ്ങേണ്ട സമയം കഴിഞ്ഞിട്ടും കാണാത്തത് കൊണ്ട് കപ്യാര് മുറിയിൽ പോയി നോക്കുമ്പോഴാണ് കാണുന്നത്. കട്ടിലിനു താഴെ അച്ചൻ മരിച്ച് കിടക്കുന്നത്. പാറമല പള്ളിക്കാരും നാട്ടുകാരും ഞെട്ടലോടെയാണ് ആ വാർത്തയറിഞ്ഞത്. കേട്ടവർ കേട്ടവർ പള്ളിയിലേയ്ക്ക് പറന്നെത്തി. നിമിഷനേരം കൊണ്ട് പള്ളിയും പരിസരവും ജനസാഗരത്താൽ നിറഞ്ഞു.

ഹൃദയാഘാതമായിരുന്നു അച്ചന്റെ മരണ കാരണം. മുറിയിലെ കട്ടിലിൽ അച്ചന്റെ ശരീരത്തിൽ നിന്ന് ആത്മാവ് വേർപെടുന്നതിന്റെ സകല വേദനകളും സഹിച്ചത് വളരെ വ്യക്തമായി തന്നെ കാണാം. ഫോണിൽ നിന്ന് വേറിട്ട് തൂങ്ങിയാടുന്ന റിസീവറിൽ

www.malankaralibrary.com

നിന്ന് കൃത്യമാണ് മരണ വേദന കൊണ്ട് പുളയുന്നതിനിടയിൽ അച്ചൻ ആരെയോ ഫോൺ വിളിക്കാൻ ശ്രമിച്ചിരുന്നു. ഒരിറ്റ് വെള്ളം കൊണ്ട് നാവ് നനയ്ക്കാൻ ശ്രമിച്ചപ്പോഴാവണം കൂജ താഴെ വീണു തകർന്നു പോയത്. മരണ വെപ്രാളത്തിലും അച്ചൻ ജപമാല മുറുകെ പിടിച്ചിരുന്നു.

ശവസംസ്കാര ചടങ്ങിൽ ധാരാളം പിതാക്കന്മാരും ഒട്ടനവധി വൈദികരും സംബന്ധിച്ചു. സൂചികുത്താൻ ഇടയില്ലാത്തത്ര ജനസാഗരമായിരുന്നു പള്ളിയിലും പരിസരത്തുമായി. എല്ലാവരുടെയും കവിളിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകുകയായിരുന്നു. കൊച്ചു കുഞ്ഞുങ്ങൾക്ക് പോലും അവർക്ക് മിഠായി കൊടുത്ത അച്ചൻ മരിച്ചത് സഹിക്കാൻ കഴിയുന്നില്ലായിരുന്നു. പ്രകൃതിയും അന്നേ ദിവസം അലറി കരഞ്ഞു. തോരാതെ പെയ്യുന്ന മഴയിലും ഒരാൾ പോലും നില്ക്കുന്നിടത്തുനിന്ന് മാറിയില്ലാ. ഒടുവിൽ ശവസംസ്കാര ചടങ്ങുകൾ അവസാനിച്ചിട്ടും ആരും പോകാൻ തയ്യാറായില്ല. നേരം ഇരുട്ടി തുടങ്ങിയതിനു ശേഷമാണ് എല്ലാവരും പോയി തുടങ്ങിയത്.

പിറ്റെ ദിവസം അതിരാവിലെ ഇടവകക്കാരും അക്രൈസ്തവരും ഒരുമിച്ച് കൂടി കല്ലറയിൽ തിരിതെളിയിച്ചു. എന്നിട്ട് അതിന്റെ മുന്നിലായി ഒരു ബോർഡിൽ ഇങ്ങനെ എഴുതി.

'ഞങ്ങൾക്ക് വെളിവു പറഞ്ഞു തന്ന ദൈവത്തിന്റെ പുരോഹിതാ .... അങ്ങ് തിരികെ വരണം'.

'ഞങ്ങൾക്ക് ദൈവത്തെ പകുത്തുതന്ന ദൈവത്തിന്റെ പുരോഹിതാ ..... അങ്ങ് മടങ്ങിവരണം'.

'ഞങ്ങളുടെ മക്കൾക്ക് സദുപദേശം നൽകിയ ദൈവത്തിന്റെ പുരോഹിതാ ..... അങ്ങ് മടങ്ങിവരണം'.

'ഞങ്ങളെ ഞങ്ങളാക്കിയ ഞങ്ങളുടെ ദൈവത്തിന്റെ പുരോഹിതാ..... അങ്ങയെ ഞങ്ങൾക്കിനിയും വേണം, അങ്ങ് വേഗം മടങ്ങി വരണം'.

■

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

# സ്വാതന്ത്ര്യം

യൗവനത്തിന്റെ പച്ചപ്പിലേയ്ക്ക് കാലെടുത്ത് വയ്ക്കുമ്പോഴാണ് രഘുവിനെ സ്വാതന്ത്ര്യം എന്ന വാക്ക് പിന്നാലെ ചെന്ന് കീഴടക്കുന്നത്. രഘുവിനെ ചുറ്റിവരിഞ്ഞ സ്വാതന്ത്ര്യം എന്ന വാക്കിനെ അഴിച്ചെടുക്കാൻ അതിന്റെ അർത്ഥതലങ്ങൾക്ക് മാത്രമേ കഴിയൂ എന്ന് മനസ്സിലാക്കിയപ്പോൾ രഘു അതിന്റെ അർത്ഥങ്ങളെ തേടിയലഞ്ഞു.

ആദ്യം സ്വന്തം വീട്ടിൽ നിന്ന് തന്നെ രഘു അന്വേഷണം തുടങ്ങി. സ്വർണ്ണക്കമ്പികൾ വളച്ചു മെനഞ്ഞ കൂട്ടിൽ, പ്ലാസ്റ്റിക്ക് പാത്രത്തിൽ നിന്ന് ഗോതമ്പ് കൊത്തി കുറിക്കുന്ന കുഞ്ഞി കുരുവിയോട് രഘു ചോദിച്ചു.

'എന്താണ് സ്വാതന്ത്ര്യം?'

കുഞ്ഞിക്കുരുവി കുറുകി പറഞ്ഞു.

'എന്നെ വലയം ചെയ്തിരിക്കുന്ന ഈ സ്വർണ്ണക്കമ്പികളാണ് എന്റെ സ്വാതന്ത്ര്യം'.

കുഞ്ഞിക്കുരുവിയുടെ ഉത്തരത്തിന്റെ അപൂർണ്ണത രഘുവിനെ വീണ്ടും മുന്നോട്ട് അന്വേഷിക്കാൻ പ്രേരിപ്പിച്ചു.

വയലിൽ, ഭുഖണ്ഡങ്ങളും സമുദ്രങ്ങളും മലകളും മരുഭൂമികളും താണ്ടി പറന്നെത്തി കതിരു കൊത്തി പറിക്കുന്ന ദേശാടന പക്ഷികളോട് രഘു ചോദിച്ചു.

'എന്താണ് സ്വാതന്ത്ര്യം?'

പക്ഷികൾ കലപില ചിലച്ചുകൊണ്ട് പറഞ്ഞു.

www.malankaralibrary.com

'ഈ ആകാശവും വയലുമാണ് ഞങ്ങളുടെ സ്വാതന്ത്ര്യം'.

ദേശാടന പക്ഷികളുടെ ഉത്തരത്തിനും രഘുവിന്റെ ചോദ്യത്തെ തൃപ്തിപ്പെടുത്താൻ കഴിയാത്തത് കൊണ്ട് രഘു വീണ്ടും അന്വേഷണം തുടർന്നു.

ഒരു വീടിന്റെ ഉമ്മറപടിയിലെ തൂണിൽ പൂട്ടപ്പെട്ട ചങ്ങല കൈയിലെടുത്ത് അതിന്റെ കഴുത്ത് പടിച്ച് ഞെരിച്ചു കളിക്കുന്ന അയാളോട് ദൂരെ നിന്ന് രഘു വിളിച്ചു ചോദിച്ചു.

'എന്താണ് സ്വാതന്ത്ര്യം?'

ആദ്യം ഒരു പൊട്ടിച്ചിരിയും അതിന്റെ പിന്നാലെ ഒരുത്തരവും വന്നു.

'ഈ ചങ്ങലയെ കോർക്കുന്ന കണ്ണികളാണ് സ്വാതന്ത്ര്യം'.

പിന്നീട് രഘു ചെന്നെത്തിയത് സുന്ദരമായൊരു മണിമാളികയുടെ മുന്നിലാണ്. നീന്തൽ കുളത്തിൽ കുളിക്കുകയും, ഡെബിറ്റ് കാർഡും ക്രെഡിറ്റ് കാർഡും മെനഞ്ഞ കട്ടിലിൽ കിടക്കുകയും രണ്ടായിരത്തിന്റെ നോട്ടുകൾ കൊണ്ട് രൂപപ്പെടുത്തിയ പുതപ്പ് മൂടുകയും ചെയ്യുന്നയാളോട് രഘു ചോദിച്ചു.

'എന്താണ് സ്വാതന്ത്ര്യം?'

'ഹൃദയമില്ലാത്ത യന്ത്രങ്ങൾ താമസിക്കുന്ന ഈ കാരാഗൃഹവും എത്ര കൂട്ടിയാലും മതിവരാത്ത ബാങ്ക് ബാലൻസുമാണ് എന്റെ സ്വാതന്ത്ര്യം'.

അതൃപ്തികരമായ ഉത്തരം വീണ്ടും രഘുവിനെ മുന്നോട്ട് പോകാൻ പ്രേരിപ്പിച്ചു.

പുറത്ത് റോന്തുചുറ്റുന്ന പാറാവുകാരുടെ കാവലിൽ, കമ്പികൾ ഉരുക്കി ചേർത്ത വാതിലിനുള്ളിലെ ചുവരുകൾക്കുള്ളിൽ കിടക്കുന്നവരോട് കമ്പിക്കുള്ളിൽ തലയിട്ട് രഘു ചോദിച്ചു.

'എന്താണ് സ്വാതന്ത്ര്യം?'

അല്പം കനത്തതും പരുക്കവുമായൊരു ശബ്ദം ആദ്യം പരിഹസിച്ചെങ്കിലും മറുപടി പറഞ്ഞു.

'സദാസമയം തളം കെട്ടി കിടക്കുന്ന അന്ധകാരവും ഞാൻ ഇതുവരെ കണ്ടിട്ടില്ലാത്ത ഈ ചുവരുമാണ് എന്റെ സ്വാതന്ത്ര്യം'.

അതിനുശേഷം രഘു അലക്കി തേച്ചു മിനുക്കിയ യൂണിഫോമിട്ട കറുത്തതെങ്കിലും തിളങ്ങുന്ന ഷൂ അണിഞ്ഞ, തലയിൽ തൊപ്പിയും അരയിൽ ഉണ്ടകൾ നിറച്ച തോക്കും, സദാസമയം കൈയിൽ വടിയും പിടിച്ചിരിക്കുന്ന സാറിനോട് ചോദിച്ചു.

www.malankaralibrary.com

'എന്താണ് സ്വാതന്ത്ര്യം?'

അല്പം പോലും അമാന്തിക്കാതെ സാറ് പറഞ്ഞു.

'പുറത്ത് കിടക്കുന്ന ജീപ്പും അകത്ത് കിടക്കുന്ന കള്ളന്മാരുമാണ് എന്റെ സ്വാതന്ത്ര്യം'.

പൂർണ്ണ ഉത്തരം ഒരിടത്തും കിട്ടാതായപ്പോൾ ഒടുവിൽ ചുരുളഴിയാത്ത രഹസ്യം പോലെ ഗതി കിട്ടാതലയുന്ന സ്വാതന്ത്ര്യം തന്നെ ഉത്തരം പറഞ്ഞു.

'നീയാണ് സ്വാതന്ത്ര്യം നിന്നിലാണ് സ്വാതന്ത്ര്യം'.

അവസാനം സ്വാതന്ത്ര്യം എന്താണെന്നറിഞ്ഞപ്പോൾ, സ്വാതന്ത്ര്യവും രഘുവും കൂട്ടുകാരായപ്പോൾ സ്വാതന്ത്ര്യം രഘുവിനോട് പറഞ്ഞു.

'കൂട്ടിലെ കിളികളെയും ആകാശത്ത് പറക്കുന്ന പക്ഷികളെയും, തടവറയിൽ കഴിയുന്നവരെയും സ്വതന്ത്രരാക്കാൻ'.

പക്ഷെ അവരുടെ സ്വാതന്ത്ര്യം രഘുവിനെ അതിനനുവദിച്ചില്ല.

■

www.malankaralibrary.com

# നിന്റെ ഇഷ്ടം നിറവേറട്ടെ

ഉത്തർപ്രദേശിലെ സിമിലിഗുഡാ സ്റ്റേഷൻ ഇതാണെന്ന് ബോർഡ് വായിച്ച് ഉറപ്പുവരുത്തി, ട്രെയിനിന്റെ പടികളിറങ്ങുമ്പോൾ മനസ്സിനകത്തും പുറത്തും വല്ലാത്തൊരു ഏകാന്തത. പുറത്തെ കാഴ്ചകളിലേയ്ക്ക് കണ്ണോടിച്ചപ്പോൾ ഇതൊരു റെയിൽവേ സ്റ്റേഷനാണെന്ന് പോലും തോന്നുന്നില്ല. പൊട്ടി പൊളിഞ്ഞ കോൺക്രീറ്റിൽ പണിത രണ്ട് ബെഞ്ചും പിന്നിതുടങ്ങിയ ചുമപ്പും പച്ചയും കൊടികൾ കൈയിൽ പിടിച്ചിരിക്കുന്ന ഒരു ഗാർഡും അല്ലാതെ ആ സ്റ്റേഷനിൽ ഒരു മനുഷ്യകുഞ്ഞു പോലുമില്ല. ഇറങ്ങാനും ആരുമില്ല. കയറാനും ആരുമില്ലാ. പിന്നെ എന്തിനാണ് ഇവിടെ ഒരു സ്റ്റേഷൻ എന്ന് ചോദിച്ചാൽ അറിയത്തുമില്ലാ.

ഇപ്പൊൾ ഞാൻ പൊട്ടി താഴെ വീഴുമെന്ന് പറഞ്ഞു കരയുന്ന പെട്ടിയുടെ പിടിയിൽ മുറുകെ പിടിച്ച് എങ്ങോട്ട് പോകണമെന്ന് അറിയാത്തത് കൊണ്ട് രണ്ടും കല്പിച്ച് വലത്തോട്ട് നടക്കാൻ തീരുമാനിച്ചു. അപ്പോഴാണ് പിന്നിൽ നിന്നൊരു വിളി. ആലീസ് സിസ്റ്റർ ........... ആലീസ് സിസ്റ്റർ .................പതിനഞ്ചു വയസ്സ് പ്രായം തോന്നിക്കുന്ന ചെമ്പൻ മുടിക്കാരനായ കൊച്ചു പയ്യൻ. അവൻ ഓടി വന്ന് കിതച്ചുകൊണ്ട് ഹിന്ദിയിൽ എന്തോ പറഞ്ഞ് എന്റെ കൈയിൽ നിന്ന് പെട്ടി വാങ്ങി. അവനെ കണ്ടാൽ കള്ളൻ അല്ലെന്ന് ഉറപ്പാണ്. ഞാൻ പെട്ടി കൊടുത്തു. മദർ പറഞ്ഞു വിട്ടതാവും എന്നെ പിളിച്ചു കൊണ്ടുവരാൻ. അവൻ മുന്നിലും ഞാൻ പിന്നിലുമായി നടന്നു. നടത്തം അവസാനിച്ചത് റെയിൽവേ സ്റ്റേഷന് പുറത്ത് ഒരു സൈക്കിൾ റിക്ഷായുടെ അടുത്താണ്. അവൻ എന്റെ പെട്ടി അകത്ത് വച്ചിട്ട് കയറാൻ ആംഗ്യം കാണിച്ചു. എന്നിട്ട് സർക്കസിൽ കാണുന്നതുപോലെ അവൻ സൈക്കിളിൽ ചാടി കയറി. മരങ്ങളും വീടുകളും മനുഷ്യരുമെല്ലാം ഓടി എന്റെ

www.malankaralibrary.com

പിന്നിൽ മറയാൻ തുടങ്ങി. സിമിലിഗുഡയുടെ ഭൂപ്രകൃതി ആസ്വദിക്കുന്നതിനിടയിലെപ്പോഴൊ ഓർമ ഭൂതകാലത്തിലെ പഴയ ചതുപ്പുകളിലേയ്ക്ക് വഴുതി വീണു. പണിഷ്മെന്റ് ട്രാൻസ്ഫറാണിത്. പള്ളിക്കാര് തെറ്റ് കൈയോടെ പിടിച്ചതാണ്. ഇത്രയും നാൾ സ്നേഹിച്ചവരെല്ലാം പറഞ്ഞു, സിസ്റ്ററിന് ഇതെങ്ങനെ ചെയ്യാൻ കഴിഞ്ഞു. സിസ്റ്റർ ഇട്ടിരിക്കുന്ന കുപ്പായത്തിനെങ്കിലും വിലകൊടുത്തുകൂടായിരുന്നോ. എല്ലാവരും ചുറ്റും നിന്ന് കുറ്റപ്പെടുത്തുമ്പോഴും ഒറ്റപ്പെടുത്തുമ്പോഴും ഞാൻ വീണില്ലാ. കാരണം രണ്ട് ഉറച്ച തൂണിൻമേൽ കാലുറപ്പിച്ചിട്ടുണ്ടായിരുന്നു ഞാൻ. ഒന്ന്, എന്റെ നിത്യ മണവാളനായ ക്രിസ്തുവിലും പിന്നൊന്ന്, അപ്പച്ചനിലും അമ്മച്ചിയിലും. പക്ഷെ മോളെ നിനക്കിത് എങ്ങനെ ചെയ്യാൻ തോന്നി എന്ന് അപ്പച്ചൻ ചോദിച്ചപ്പോൾ ഞാൻ വീണുപോയി.

ഇത്രയും നാൾ എന്റെ ജീവിതവും സുഖങ്ങളും മാറ്റിവച്ച് അദ്ധ്വാനിച്ച എന്റെ കോൺഗ്രിഗേഷനും എന്നെ വേണ്ടാതായി, ഈ ലോകത്ത് ആരു കൈവിട്ടാലും എന്നെ മനസിലാക്കുമെന്ന് ഞാൻ വിചാരിച്ച, എന്നെ വളർത്തി വലുതാക്കിയ അപ്പച്ചനും അമ്മച്ചിക്കും ഞാൻ വേണ്ടാത്തവളായി. പ്രാണൻ നഷ്ടപ്പെട്ട പ്രേതമാണ് ഞാനിപ്പോൾ. ഇനി ഒന്നിനും എന്നെ കുത്തി മുറിവേൽപ്പിക്കാനാകില്ല. വഴികളിലും മഠത്തിന്റെ മൂലകളിലും വിഷം പുരട്ടിയ സംസാരങ്ങൾ ഇനിയെന്നെ പൊള്ളിക്കില്ല. കൗൺസിലിന്റെ കൂർത്ത ചോദ്യശരങ്ങളുടെ മുന്നിൽ നിൽക്കുമ്പോഴും വേദന എന്നെ തീണ്ടിയില്ല. ഒടുവിൽ അധികാരികളുടെ അധികാരം എന്നെ ഉത്തർപ്രദേശിലെ സിമിലിഗുഡായിൽ എത്തിച്ചു.

ഓർമകൾ കാറ്റത്ത് ഒഴുകി നടക്കുന്നതിനിടയ്ക്ക് സൈക്കിൾ റിക്ഷ ഒരു പഴയ കെട്ടിടത്തിന്റെ മുന്നിൽ എത്തിയിരുന്നു. അവൻ സൈക്കിളിൽ നിന്ന് ചാടിയിറങ്ങി, ഞാനും ഇറങ്ങി. ഉള്ളിന്റെയുള്ളിൽ ചെറിയൊരു പേടി ജന്മമെടുക്കുന്നതുപോലെ. അമ്പത് വർഷം പഴക്കം തോന്നിക്കുന്ന കെട്ടിടം, ഒരു വശം അല്പം തകർന്നിട്ടുണ്ട്. അന്തരീക്ഷം അല്പം ഭീകരമാണ്. അവൻ അകത്ത് കയറി മദറിനെ പുറത്ത് വിളിച്ചുകൊണ്ട് വന്നു. കറുത്ത് കരിക്കട്ട പോലെയിരിക്കുന്ന ഒരു മദർ. ആരുകണ്ടാലും രണ്ടാമതൊരു പ്രാവശ്യം കൂടി ആ മുഖത്തെ നോക്കും പിന്നെ ഒരിക്കലും നോക്കാൻ തോന്നില്ല, അത്ര വിരൂപമായിരുന്നു ആ മുഖം. കെട്ടിടത്തിന്റെ  അത്രയും പ്രായം മദറിനുമുണ്ടാകും.

എന്റെ അടുത്തുവന്ന് എന്നെ ആലിംഗനം ചെയ്തുകൊണ്ട് മദർ പറഞ്ഞു. ഞാൻ മനസ്സിൽ വിചാരിച്ചു; ഇത് സ്വർഗ്ഗമോ? പായലും പൂപ്പലും പിടിച്ച ഭീകരമായ ഒരു കെട്ടിടവും കറുത്തിരുണ്ട ഭീകരിയായ ഒരു മദറും. മദർ എന്നെ ആലിംഗനം ചെയ്തപ്പോൾ മരുന്നുകളുടെ വൃത്തികെട്ട നാറ്റം കാരണം എനിക്ക് മനം മടുത്തു. മദർ എന്നെ

www.malankaralibrary.com

അകത്ത് വിളിച്ചുകൊണ്ട് പോയി ഓരോന്ന് കാണിച്ചുതന്നു. പുറത്തേതിനേക്കാൾ  അതിദാരുണമാണ് അകത്തെ ദൃശ്യങ്ങൾ. മരുന്നുകളുടെയും മല മൂത്രത്തിന്റെയും കെട്ട നാറ്റം മൂക്കിൽ ഇരമ്പി കയറുന്നു. അകത്തെ ഹാളിൽ കൊണ്ട് പോയിട്ട് നിരത്തി കിടത്തിയിരിക്കുന്ന വാർദ്ധക്യത്തിൽ എത്തിയവരേയും ബുദ്ധിമാന്ദ്യം സംഭവിച്ചവരേയും കാണിച്ച് മദർ പറഞ്ഞു. ഇവിടെ അന്തേവാസികൾ അറുപത് പേരാണ്. വഴിയോരത്ത് ഉപേക്ഷിക്കപ്പെട്ടവരെയാണ് ഇവിടെ കൊണ്ട് വരുന്നത്. ഇവരെ നോക്കാൻ ഇത്രയും നാൾ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ, പിന്നെ പാചകത്തിനു സഹായിക്കാൻ രണ്ട് സ്ത്രീകളുണ്ട്.

മദറിന്റെ അഴുക്കുപിടിച്ച കെട്ടിടത്തിന്റെ ചരിത്രവും ശാസ്ത്രവുമെല്ലാം പറഞ്ഞവസാനിപ്പിച്ചപ്പോൾ മദർ ചിരിച്ചുകൊണ്ട് ഒരു കാര്യം കൂടി പറഞ്ഞു. ഇവിടെ മുമ്പു വന്ന സിസ്റ്റർമാർ ഒരു മാസം മുഴുമിച്ചിട്ടില്ല, ചിലർ പറഞ്ഞിട്ട് പോയി. ചിലർ പറയാതെ രായ്ക്ക്രാമാനം ഒളിച്ചോടി. മദറിന്റെ ചിരിയിൽ ഞാനും പോകുമെന്നായിരുന്നു എന്ന് തോന്നുന്നു.

സദാസമയം നാറ്റം മാത്രം വമിക്കുന്ന ഈ സ്വർഗ്ഗമെന്ന നാമമുള്ള നരകത്തിൽ വന്നിട്ട് ഇന്ന് രണ്ട് ആഴ്ച തികയുന്നു. വീർപ്പുമുട്ടലിലാണ് ഞാൻ ഇപ്പോൾ പല രാത്രികളിലും ഇവിടെ നിന്ന് എവിടെയെങ്കിലും ഒടി രക്ഷപ്പെട്ടാലോയെന്ന് ആലോചിച്ചു. പക്ഷെ ധൈര്യമില്ല, ചെകുത്താനും കടലിനും നടുക്കാണ് ഞാനിപ്പോൾ.

എന്നെ ഒരേ സമയം വേദനിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്ത ഒരു സത്യം ഞാൻ വൈകിയാണ് മനസ്സിലാക്കിയത്. ഇവിടെ എല്ലാവർക്കും ഇഷ്ടം കരിഞ്ഞ മദറിനെയാണ്. ഞാൻ ചിരിച്ചാൽ പോലും ആരും തിരിച്ചു ചിരിക്കാറില്ല. പക്ഷെ കരിവണ്ടുപോലെയിരിക്കുന്ന മദറിനോട് എല്ലാവരും കളിതമാശയാണ്. നാട്ടിൽ കാണാൻ ഞാൻ സുന്ദരിയാണെന്ന് ഒത്തിരി പേര് പറഞ്ഞിട്ടുണ്ട്. എന്നോട് സംസാരിക്കാനും തമാശ പറയാനും ചിരിക്കാനും തിക്കും തിരക്കുമായിരുന്നു. ഞാൻ പോയ ഇടങ്ങളിലെല്ലാം മറ്റു സിസ്റ്റർമാരേക്കാൾ എല്ലാവർക്കും എന്നെയായിരുന്നു കൂടുതൽ ഇഷ്ടം. പക്ഷെ ഇവിടെ വിരൂപിയായ, നന്നായി സംസാരിക്കാൻ പോലും അറിഞ്ഞുകൂടാത്ത കരിഞ്ഞുപോയ മദറിനെയാണ് എല്ലാവർക്കും ഇഷ്ടം. ഇതിന്റെ രഹസ്യം തലപുണ്ണാക്കി ചിന്തിച്ചിട്ടും അറിയാൻ കഴിയുന്നില്ല. ചിലപ്പോൾ ഭാഷ വശമില്ലാത്തത് കൊണ്ടാവാമെന്ന് മനസ്സിൽ പറഞ്ഞ് ഞാനാശ്വസിച്ചു.

താത്പര്യമില്ലാതെയും ഇഷ്ടമില്ലാതെയും ഓരോ ദിവസങ്ങൾ ഞാൻ തള്ളി നീക്കി.  ആരുടെയൊക്കെയോ നിർബന്ധത്തിനു വഴങ്ങിയെന്നതുപോലെ എന്നും പതിവ് പോലെ അന്തേവാസികളുടെ മുറിവുകൾ വച്ച് കെട്ടിയും അവരെ കുളിപ്പിച്ചും കിടക്ക വിരിച്ചും ദിവസങ്ങളെ ഉന്തുക

www.malankaralibrary.com

യായിരുന്നു. ആഴ്ചയിൽ ഒരിക്കൽ മാത്രമുള്ള പരിശുദ്ധ കുർബാന, അതായിരുന്നു ഞാൻ അനുഭവിച്ചിരുന്ന ഏക സന്തോഷം. എന്തെല്ലാം പറഞ്ഞാലും മനസ്സിന്റെ അകത്തളത്തിലെവിടെയോ നിന്ന് ആരോ എന്നെ ഇവിടെ പിടിച്ചു നിർത്തുന്നു.

കൂനകൂടി കിടന്നിരുന്ന കോപത്തിന്റെ കനലുകൾ പൊടിനീക്കി പൊട്ടിത്തെറിച്ചത് പെട്ടെന്നായിരുന്നു. പതിവ് പോലെ മുറിവുള്ള വരുടെ ശരീരഭാഗങ്ങൾ മരുന്നു വച്ച് കെട്ടുകയായിരുന്നു. കാലിന്റെ അകത്തെ അസ്ഥികൾ വരെ പുറത്ത് കാണാൻ കഴിയുന്ന മുറിവുള്ള ഒരു മനുഷ്യൻ. അയാളുടെ മുറിവിൽ മരുന്ന് വച്ച് കൊണ്ടിരിക്കുമ്പോൾ അയാൾ എന്നെ പിടിച്ച് തള്ളി. എന്നിട്ട് മദറിനോട് എന്തോ ഹിന്ദിയിൽ പറഞ്ഞു, മദർ വെച്ചു കെട്ടി തന്നാൽ മതിയെന്നാണ് പറഞ്ഞതെന്ന് എനിക്ക് മനസിലായി.

എന്റെയുള്ളിൽ ഞാൻ തളച്ചിട്ടിരുന്ന കോപം ഭിത്തികൾ ഭേദിച്ച് മഴവെള്ളപാച്ചിലുപോലെ ആർത്തിരമ്പി. ഞാൻ മദറിനോട് ചോദിച്ചു.

'ഈ നരകത്തിൽ ഞാൻ വന്നത് അടിമപ്പണിചെയ്യാനും ഇവന്മാ രുടെ തല്ല് കൊള്ളാനുമല്ല. മദറിന് ഒരു വിചാരമുണ്ട് മദറിന് ഭാഷ അറിയാവുന്നത് കൊണ്ട് എന്തും ആകാം എന്ന്. എന്റെ കുറ്റം പറഞ്ഞ് കൊടുത്ത് മദർ ഇവരെ എന്നിൽ നിന്നകറ്റി. ഞാൻ വന്നിട്ട് ഒരു മാസമായി ഒരാൾ പോലും എന്നെ നോക്കി ചിരിച്ചിട്ടില്ല. എല്ലാ വരും മദറിനോട് മാത്രമേ മിണ്ടാവൂ, മദറിനോട് മാത്രമേ ചിരി ക്കാവൂ എന്ന് മദർ ഇവരോട് പറഞ്ഞു. ഞാൻ തുറന്ന് പറയുന്നത് കൊണ്ട് മദറിന് വിഷമം തോന്നരുത്. മദറിന്റെ അസൂയയും കുശുമ്പും കൊണ്ടാണ് ഇതൊക്കെ മദർ കാട്ടി കൂട്ടുന്നത്. മദറിനെക്കാളും എന്നെ കാണാൻ കൊള്ളാവുന്നത് കൊണ്ടാണ്, മദറിനെക്കാളും ഇവർ എന്നെ സ്നേഹിക്കുമോ എന്ന് ഭയന്നുമാണ് മദർ ഇവരെ എന്നിൽ നിന്ന് അകറ്റി നിർത്തുന്നത്'.

ഇത്രയും പറഞ്ഞപ്പോഴേക്കും ഒന്നും മിണ്ടാതെ മദർ അകത്തേ യ്ക്ക് പോയി. മനസ്സിന്റെ അന്തപ്പുരത്തിലെവിടെയൊ ഒരു വേദന, പറയാൻ പാടില്ലായിരുന്നു എന്നൊരു തോന്നൽ. മദർ തിരിച്ച് ദേഷ്യ പ്പെട്ടിരുന്നെങ്കിൽ വിഷമം തോന്നില്ലായിരുന്നു. പക്ഷെ ഒന്നും മിണ്ടാതെ പോയപ്പോൾ ഒരു വിഷമം. ഇത്രയും പ്രായത്തിനു മുതിർന്ന ഒരാളോട് കോപിച്ചതിന് എന്തായാലും ക്ഷമ ചോദിക്കാൻ തീരുമാനിച്ചു.

എന്റെ പ്രതീക്ഷകളെയെല്ലാം തകിടം മറിച്ച് നിറഞ്ഞ പുഞ്ചിരിയോടെ ഉടുത്തിരുന്ന മുഷിഞ്ഞ കുപ്പായം മാറ്റി മദർ പുറത്തേയ്ക്ക് വന്നു.

'സിസ്റ്റർ, നമുക്ക് കുറച്ചുനേരം പുറത്ത് പൂന്തോട്ടത്തിൽ ഇരിക്കാം. ബാക്കി തിരികെ വന്നിട്ട് മരുന്നു വെച്ച് കെട്ടാം'.

www.malankaralibrary.com

ദൈവമേ എന്റെ ശ്വാസം നിന്നു പോയിരുന്നെങ്കിൽ, എന്റെ ഹൃദയ മിടിപ്പ് നിലച്ചു പോയിരുന്നെങ്കിലെന്ന് ഞാൻ ഒരു നിമിഷം ആശിച്ചു. ഇത്രയും നല്ല ഒരു മദറിനോട് എന്ത് മോശമായാണ് ഞാൻ സംസാ രിച്ചത്. എനിക്ക് എന്നോടുതന്നെ ലജ്ജ തോന്നുന്നു.

അടുക്കും ചിട്ടയുമില്ലാത്ത പൂന്തോട്ടത്തിന്റെ ഒരു മൂലയിലൂടെ നടന്ന് ഉള്ളിലുള്ള പഴയ ഒരു ചെളി പിടിച്ച ബഞ്ചിൽ ഞങ്ങൾ ഇരുന്നു.

അല്പം താഴ്ന്ന സ്വരത്തിൽ മദർ ചോദിച്ചു.

'സിസ്റ്റർ ഇവരുടെ കണ്ണ് കണ്ടിട്ടുണ്ടോ?'

ഇല്ലാ എന്നല്ലാതെ മറ്റൊരുത്തരം പറഞ്ഞാൽ കള്ളമാകുമെന്നത് കൊണ്ട് ഞാൻ സത്യം പറഞ്ഞു.

'സിസ്റ്റർ ഇനി മുറിവുകൾ വച്ച് കെട്ടുമ്പോൾ അവരുടെ കണ്ണുകളിൽ നോക്കണം. അവരുടെ കണ്ണുകൾക്ക് സിസ്റ്ററിനോട് ഒത്തിരി കാര്യങ്ങൾ സംസാരിക്കാനുണ്ട്. അതു കേട്ടു കഴിയുമ്പോൾ, അവരുടെ നെഞ്ചി ലേയ്ക്ക് നോക്കണം, അവിടെ കൊത്തിവച്ചിരിക്കുന്നത് വായിക്കണം. പിന്നീട് സിസ്റ്ററിനോളം പ്രായം വരുന്ന അവരുടെ മുറിവുകൾക്ക് പറയാ നുള്ളത് കേൾക്കണം'.

അല്പനേരം ഒന്ന് കുമ്പിട്ടിരുന്നിട്ട് എന്തെക്കെയോ ഓർത്തെടുത്തത് പോലെ മദർ വീണ്ടും തുടർന്നു.

'ഈ സ്ഥാപനം തുടങ്ങിയ മദറിനെ ആറ് മാസം സഹായിക്കാൻ വന്നതാണ് ഞാൻ. എന്റെ വ്രതവാഗ്ദാനം കഴിഞ്ഞുള്ള ആദ്യ ദിവസം മുതലേ ഞാൻ ഇവിടെയാണ്. തുടക്കത്തിൽ സിസ്റ്ററിനെപ്പോലെ എനിക്കും ഇവരെ അറപ്പും വെറുപ്പും ആയിരുന്നു. പക്ഷേ അവരുടെ ആത്മാർത്ഥമായ സ്നേഹം മനസ്സിലാക്കിയപ്പോൾ അതിൽ ഞാൻ എന്റെ നിത്യമണവാളനായ ക്രിസ്തുനാഥനെ കണ്ടു മുട്ടിയപ്പോൾ ഞാൻ പോലും അറിയാതെ അവരെ സ്നേഹിച്ചു തുടങ്ങി. ഞാൻ വന്ന് മൂന്ന് മാസം കഴിഞ്ഞപ്പോഴേക്കും മദർ മരിച്ചു. പിന്നെ ഉത്തരവാദിത്വമെല്ലാം എന്റെ തലയിലായി. എനിക്കിനി ഇവിടെ നിന്ന് പോകാനാകില്ല. കാരണം സ്നേഹം കൊണ്ട് അവർ തീർത്ത കോട്ടയിൽ എന്നെ പൂട്ടിയിട്ടിരിക്കുകയാണ്..

പിന്നെ, സിസ്റ്ററിനെ അവർ തള്ളിയിട്ടതിനു ഞാൻ ക്ഷമ ചോദിക്കുന്നു. സിസ്റ്റർ മരുന്നു വച്ചു കെട്ടുമ്പോൾ അവനു വേദന സഹിക്കുന്നില്ലാ യിരുന്നു. അവന്റെ വേദന സഹിക്കാൻ വയ്യാതായപ്പോൾ അറിയാതെ തള്ളിയിട്ടുപോയതാണ്.

എനിക്ക് സിസ്റ്ററിനോട് ദേഷ്യമോ പരിഭവമോ ഇല്ല. കാരണം

www.malankaralibrary.com

സിസ്റ്ററിന് നന്മയുള്ളൊരു മനസ്സുണ്ട് ഇത്രയും കാലത്തെ അനുഭവത്തിൽ നിന്ന് ഞാനൊരു കാര്യം പറയട്ടെ, സ്നേഹിക്കാൻ മാത്രം അറിയാവുന്നവരാണ് ഇവർ. മുന്നിൽ വരുന്നവർക്ക് സൗന്ദര്യം ഉണ്ടോയെന്ന് ഇവർ നോക്കാറില്ല. ബുദ്ധിയുണ്ടോയെന്ന് നോക്കാറില്ല, നന്നായി സംസാരിക്കാറുണ്ടോയെന്ന് നോക്കാറില്ല. പക്ഷെ ഇവർ ഒന്ന് നോക്കും സ്നേഹിക്കാൻ മനസ്സുണ്ടോയെന്ന് നോക്കും, ആ മനസിന് വിശാലതയുണ്ടോയെന്ന് നോക്കും'.

മദർ ഓരോന്ന് പറയുമ്പോഴും അഹങ്കാരത്തിന്റെ കോണിപ്പടികൾ ഞാൻ ഓരോന്നായി ഇറങ്ങുകയായിരുന്നു. മനസ്സിനകത്ത് വല്ലാത്തൊരു ശൂന്യത. ഹൃദയത്തിന്റെ ഒരടര് ഇളകിപോയതു പോലെ.

തിരികെ മുറിയിലെത്തി തളർന്ന ആത്മാവിന്റെ ക്ഷീണമകറ്റാൻ കട്ടിലിൽ കിടന്നപ്പോഴാണ് അറിയുന്നത്. കുപ്പായം നനഞ്ഞിരിക്കുന്നു. മഴ പെയ്തിരുന്നില്ല സൂര്യന്റെ കിരണങ്ങൾക്ക് വിയർപ്പ് കണങ്ങളെ തട്ടിയുണർത്താൻ മാത്രം ശക്തിയില്ലായിരുന്നു, പിന്നെ എങ്ങനെ നനഞ്ഞു? കണ്ണാടിയുടെ മുന്നിൽ നിന്നപ്പോഴാണ് മനസ്സിലായത്, മദർ ഓരോ കാര്യവും പറഞ്ഞുകൊണ്ടിരുന്നപ്പോൾ ചാല് വെട്ടി കീറിയതുപോലെ ഇത്രയും നേരം കണ്ണിൽ നിന്ന് കണ്ണുനീർ ഒലിച്ചിറങ്ങുകയായിരുന്നെന്ന്. അന്ന് ഉറങ്ങിയില്ല ചെയ്ത തെറ്റുകളുടെ ഭാരം ചുമലിലിരിക്കുമ്പോൾ എങ്ങനെയാ ഉറങ്ങാൻ കഴിയുക?

എന്നിലെ എന്നെ എന്നിൽ തന്നെ കുഴി കുത്തി മൂടികൊണ്ടാണ് അടുത്ത ദിവസത്തെ ഞാൻ വരവേറ്റത്. പുതിയ സ്വപ്നങ്ങളും നന്മകളും കൊണ്ട് സ്വർഗ്ഗത്തെ കെട്ടിപ്പടുക്കാൻ ഞാൻ തീരുമാനിച്ചു.

പിന്നീട് വന്ന ഓരോ ദിവസവും സ്വർഗ്ഗതുല്യമായിരുന്നു. അവരുടെ ഭാഷ ഞാൻ പെട്ടെന്ന് പഠിച്ചു. ചിലരുടെ അമ്മയും വേറെ ചിലരുടെ പെങ്ങളും ബാക്കിയുള്ളവരുടെ കൂട്ടുകാരിയുമായി മാറി ഞാൻ. കെട്ടിടത്തിന്റെ പൊളിഞ്ഞ ഭാഗങ്ങൾ നീക്കി വൃത്തിയാക്കി. പ്രേതാലയം പോലെ കിടന്നിരുന്ന കെട്ടിടം മുഴുവൻ അന്തേവാസികളുടെ തന്നെ സഹായത്തോടെ പെയിന്റടിച്ചു. പൂന്തോട്ടം മുഴുവൻ വൃത്തിയാക്കി. പുതിയ ചെടികൾ നട്ടുപിടിപ്പിച്ചു. കയറി വരുന്ന വഴിക്ക് രണ്ട് വശത്തും സദാസമയം പൂവുണ്ടാകുന്ന ചെടികൾ ചട്ടിയിലാക്കി വച്ചു. നരകം പോലെ കിടന്നിരുന്ന സ്വർഗ്ഗത്തെ സ്വർഗ്ഗമാക്കിമാറ്റി ഞാൻ . അന്നാണ് ഞാൻ മനസ്സിലാക്കിയത്. ഒരാൾ വിചാരിച്ചാൽ മതി ഭൂമിയിലെ ഏത് നരകത്തെയും സ്വർഗ്ഗമാക്കാൻ കഴിയുമെന്ന്.

കരിഞ്ഞ മദർ ഉള്ള് നിറയെ വെണ്മയുള്ള മാലാഖയാണെന്നറിഞ്ഞപ്പോൾ ഞങ്ങൾ കൂട്ടുകാരായി. ഓണവും റംസാനും ദീപാവലിയും ക്രിസ്തുമസും എല്ലാം ഞങ്ങളുടെ നേതൃത്വത്തിൽ അന്തേവാസികൾ

www.malankaralibrary.com

തകൃതിയായി ആഘോഷിച്ചു. ഓരോ ദിവസവും സന്തോഷം നിറഞ്ഞ തായിരുന്നു.

ആനന്ദത്തിന്റെ അത്യുന്നതിയിലായിരിക്കുമ്പോഴാണ് നാട്ടിൽ നിന്ന് രണ്ട് കൈയും ശോഷിച്ചു പോയ അയാളുടെ വരവ്. സകല സന്തോ ഷങ്ങൾക്കും തിരശ്ശീല വീഴ്ത്തി കൊണ്ടാണ് അയാൾ വന്നത്. സ്വർഗ്ഗ ത്തിൽ നുഴഞ്ഞു കയറിയ സാത്താനെന്ന് അയാളെ വിളിക്കാനാകില്ല. പിന്നെ എന്തെന്ന് ചോദിച്ചാൽ ഉത്തരവുമില്ല.

മദർ വന്നാണ് പറഞ്ഞത് എന്നെ കാണാൻ ഒരാൾ വന്നിട്ടുണ്ടെന്ന്. എന്നെ ആയിരിക്കില്ല എന്ന് കരുതി ചെന്നപ്പോൾ അത് ചാക്കോച്ച നായിരുന്നു.

കണ്ടപാടെ ചാക്കോച്ചൻ പറഞ്ഞു.

'കാല്പിടിച്ച് മാപ്പ് ചോദിക്കണമെന്നുണ്ട്. പക്ഷെ ചെയ്ത തെറ്റിന് ദൈവം എന്റെ കൈയുടെ ചലനത്തെ തിരികെയെടുത്തു. സിസ്റ്റർ എന്നോട് ക്ഷമിക്കണം. ഞാനാണ് സിസ്റ്ററിനെ ചതിച്ചത്. വികാരിയച്ചൻ പറഞ്ഞിട്ട് ധ്യാനിക്കാൻ കഴിഞ്ഞ ആഴ്ച പോയിരുന്നു. ദൈവത്തോട് മാപ്പ് അപേക്ഷിക്കാനായിരുന്നില്ല. സ്വപ്നത്തിൽ പോലും വിചാരിക്കാൻ പാടില്ലാത്ത മഹാപരാധം ചെയ്തതിന് ഇനിയും ശിക്ഷ ചോദിച്ചു വാങ്ങാൻ. ധ്യാന കേന്ദ്രത്തിലെ അച്ചനാണ് പറഞ്ഞത് സിസ്റ്ററിനെ നേരിട്ട് കണ്ട് മാപ്പ് ചോദിക്കണമെന്ന്.'

ചാക്കോച്ചൻ പറഞ്ഞുകൊണ്ടിരിക്കുന്നതിന് ഇടയിൽ കയറി ഞാൻ പറഞ്ഞു.

'സാരമില്ല ചാക്കോച്ചാ, എനിക്ക് ദേഷ്യം ഒന്നുമില്ല. കഴിഞ്ഞ തെല്ലാം കഴിഞ്ഞു ചിലപ്പോൾ ദൈവം എന്നെ ഈ മദറിന്റെ അടുത്ത് എത്തിക്കാൻ വേണ്ടി ചെയ്തതാവും. പിന്നെ ചാക്കോച്ചന്റെ കൈയ്ക്ക് എന്താ പറ്റിയത്?'

മരിച്ച രണ്ട് കരങ്ങളെയും നോക്കിയിട്ട് ചാക്കോച്ചൻ പറഞ്ഞു.

'ഞങ്ങൾ ഉച്ചഭക്ഷണത്തിനായി പണിസ്ഥലത്ത് നിൽക്കുകയാ യിരുന്നു. പൊട്ടിവീണ ലൈൻ കമ്പി എന്റെ കൈകളിൽ മാത്രം വീണു. പെട്ടെന്ന് ആശുപത്രിയിൽ എത്തിച്ചെങ്കിലും ശരിയാക്കാൻ കഴിഞ്ഞില്ല'.

ഇതെല്ലാം പറയുമ്പോഴും ചാക്കോച്ചന്റെ കവിളിലൂടെ കണ്ണുനീർ തുള്ളികൾ ഉരുളുകയായിരുന്നു. അതിന്റെ നിറം ചുവപ്പായിരുന്നോ യെന്നൊരു സംശയം.

ചാക്കോച്ചന്റെ ദുരന്താവസ്ഥ കേട്ടു കഴിഞ്ഞപ്പോഴേക്കും തകർന്നതു ഞാനായിരുന്നു. അയാളുടെ കവിളിലൂടെ ഉരുണ്ട കണ്ണുനീർ കണങ്ങൾ

www.malankaralibrary.com

ഉൽക്കപോലെ പതിച്ചത് എന്റെ ഹൃദയത്തിലായിരുന്നു. സങ്കടം എന്റെ മനസ്സു മുഴുവൻ പൊതിഞ്ഞു. ഞാൻ കരയുന്നത് അയാൾ കാണാതിരിക്കാൻ ഞാൻ അയാളോട് പറഞ്ഞു.

'ചാക്കോച്ചൻ ഇവിടെയിരിക്ക് ഞാനിപ്പോൾ വരാം'.

ഇത്രയും പറഞ്ഞ് പുറത്തിറങ്ങി ഞാൻ ചാപ്പലിലോട്ട് ഓടി. അൾത്താരയുടെ പിന്നിൽ മൂന്ന് ആണികളിൽ നിൽക്കുന്നവന്റെ കാലിൽ പിടിച്ച് ഞാൻ പൊട്ടിക്കരഞ്ഞു. കരഞ്ഞ് കരഞ്ഞ് തലയുയർത്തി നോക്കുമ്പോൾ ക്രിസ്തുവും കരയുന്നുണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ച് എത്രനേരം കരഞ്ഞെന്ന് അറിയില്ല. പിന്നിൽ നിന്ന് മദർ വിളിക്കുമ്പോഴാണ് ഞാൻ ഉണർന്നത്. മദർ അടുത്തു വന്നപ്പോൾ കണ്ണുനീർ തുടച്ച് കൊണ്ട് ഞാൻ ചോദിച്ചു.

'ചാക്കോച്ചൻ എന്തിയെ മദറേ?'

വൈഷമ്യം തിങ്ങി നിറഞ്ഞ മുഖം താഴ്ത്തികൊണ്ട് മദർ പറഞ്ഞു.

'യാത്രചോദിക്കാൻ വേണ്ടി കുറച്ച് നേരം കാത്ത് നിന്നു. കാണാത്തത് കൊണ്ട് ട്രെയിനിന് സമയമായെന്ന് പറഞ്ഞ് അയാൾ പോയി'.

മുഖത്തിന്റെ ഭാവം അല്പം ഭേദഗതി വരുത്തി മദർ തുടർന്നു.

'ജനറാൾ അമ്മ വിളിച്ചിരുന്നു കുറച്ചു മുമ്പ്. സിസ്റ്ററിന്റെ നിരപരാധിത്വം തെളിഞ്ഞൂന്ന്. ഒരു സന്തോഷ വാർത്ത കൂടിയുണ്ട്. ജനറാൾ അമ്മയുടെ പുതിയ സെക്രട്ടറിയായി സിസ്റ്ററിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. എത്രയും പെട്ടെന്ന് തിരികെ ചെല്ലാനും പറഞ്ഞു'.

ഇത്രയും പറഞ്ഞ് മദർ ഒരു ഭാവവ്യത്യാസവുമില്ലാതെ തിരികെ നടന്നു. എനിക്കൊരു സന്തോഷവും തോന്നിയില്ല. രണ്ട് വർഷം മുമ്പായിരുന്നു എങ്കിൽ മനസ്സിനു കുളിർമ നൽകുന്നതായിരുന്നു, മദർ പറഞ്ഞ വാചകങ്ങൾ. കാരണം ഏതൊരു കൊച്ചു സിസ്റ്ററിന്റെയും മോഹങ്ങളിൽ ഒന്നാണ്, ജനറാൾ അമ്മയുടെ സെക്രട്ടറി ആകുകയെന്നത്. പക്ഷെ ഇന്ന് ഇവിടം വിട്ട് പോകുകയെന്ന് പറയുമ്പോൾ ശരീരത്തിൽ നിന്ന് ഹൃദയത്തെ പറിച്ചു മാറ്റുന്നത് പോലാവും.

ജനറാൾ അമ്മയെ അനുസരിക്കാതിരിക്കാനും കഴിയില്ല, ഇവിടെ നിന്ന് പോകാതിരിക്കാനും കഴിയില്ലാ. ഉറക്കമില്ലാത്ത രാത്രികളിൽ ഒന്നായിരുന്നു അന്നും. ശരീരം കട്ടിലിൽ കിടക്കുകയായിരുന്നെങ്കിലും മനസ്സ് ഇടതടവില്ലാതെ പ്രാർത്ഥിക്കുകയായിരുന്നു.

'ദൈവമേ നിന്റെ ഇഷ്ടം ഏതാണോ അത് ചെയ്യാൻ എന്നെ അനുവദിക്കണമെ'.

www.malankaralibrary.com

പിറ്റേ ദിവസവും പതിവ് പോലെ എല്ലാവരും ഉണരുന്നതിനു മുമ്പേ ഉണർന്ന് പൂന്തോട്ടം വൃത്തിയാക്കി, ചെടികളെല്ലാം നനച്ച്, മുറ്റമെല്ലാം അടിച്ചുവാരി. അപ്പോഴേക്കും സൂര്യൻ കൺവെട്ടത്തെത്തിയിരുന്നു. പിന്നെ ഓരോരുത്തരെയായി വിളിച്ചുണർത്തി പല്ല് തേയ്പ്പിച്ച് ഭക്ഷണം നൽകി അവരുടെ മുറിവുകൾ വച്ചു കെട്ടി...

■

www.malankaralibrary.com

# യജമാനൻ വരുമന്നേരത്ത് ഉണർവ്വുള്ളോർ

'സ്വർഗാധിപതേ ദേവാ, നിന്നുടെ ആലയമതിനുൾ
പൂകിയിതാ ഞാൻ സിംഹാസനസവിധേ വന്ദിപ്പൂ
ലംഘനമെല്ലാം മോചിച്ചെൻ
പാപമശേഷം മായ്ക്കേണം'.

'ദേവസ്യേ, നിന്റെ പാട്ടൊന്ന് നിർത്താമോ, രാവിലെ തന്നെ തൊണ്ട തുറന്നോളും'.

അമ്മ പറഞ്ഞതൊന്നും ദേവസ്യ കേട്ടില്ല. ദേവസ്യ പാട്ട് പാടിക്കൊണ്ട് തന്നെ നിന്നു. കാരണം മത്തായിച്ചൻ പ്രത്യേകം പറഞ്ഞതാണ്, ഞായറാഴ്ച മുതൽ എന്നും ദേവസ്യയാണ് പരിശുദ്ധ കുർബാനയ്ക്ക് പാട്ടുകൾ തുടങ്ങുന്നതെന്ന്.

എന്നും വൈകുന്നേരം മത്തായിയച്ചന്റെയടുത്ത് പരിശീലനത്തിനായി ദേവസ്യാ പോകുന്നുണ്ട്. പാട്ട് മാത്രമല്ല പരിശീലനം, ഹാർമോണിയവും അച്ചൻ പഠിപ്പിക്കുന്നുണ്ട്.

ദേവസ്യാ പാട്ടുകളെല്ലാം പെട്ടെന്ന് പഠിച്ചു. പാടിയും തുടങ്ങി. ഹാർമോണിയവും വായിച്ചാണ് ദേവസ്യാ പാട്ട് പാടുന്നത്. ദേവസ്യായുടെ വിരലുകൾ ഹാർമോണിയത്തിലൂടെ ഒഴകി നടക്കുന്നത് കാണാൻ ഒരു കൗതുകം തന്നെയാണ്. പലരും അത് അവനോട് പറഞ്ഞു. ഇതെല്ലാം മത്തായിയച്ചൻ പഠിപ്പിച്ചതാണെന്ന് ദേവസ്യാ പറയും.

മത്തായിയച്ചൻ വയോധികനായ വൈദികനാണ്. അച്ചൻ തുടങ്ങിയ പള്ളിയാണ് കുഞ്ഞുമല പള്ളി. പാവപെട്ടവരായ അഞ്ച് വീട്ടുകാർ മാത്രമാണ് ഇടവകാംഗങ്ങൾ. പക്ഷെ പള്ളിയിൽ എല്ലാം നന്നായി നടക്കണമെന്ന് അച്ചന് നിർബന്ധമാണ്. അങ്ങനെയാണ് അച്ചൻ

www.malankaralibrary.com

ദേവസ്യയെ പാട്ടു പഠിപ്പിച്ചതും ഹാർമോണിയം പഠിപ്പിച്ചതും.

സദാസമയം പള്ളിയും പാട്ടുമെന്ന ഒറ്റവിചാരം മാത്രമേ ദേവസ്യാ യ്ക്കുള്ളൂ. പാട്ടു പഠിക്കാനും ഹാർമോണിയം പഠിക്കാനും മാത്രം തീക്ഷ്ണത കാണിച്ച ദേവസ്യാ പത്താം ക്ലാസ് തോറ്റു. വീട്ടുകാരും മത്തായിയച്ചനുമെല്ലാം ദേവസ്യായെ പൊതിരെ വഴക്ക് പറഞ്ഞു. അപ്പോഴും ദേവസ്യാ പാട്ടുപാടികൊണ്ട് തന്നെയിരുന്നു. ഹൃദയത്തി ലായിരുന്നെന്ന് മാത്രം.

ഒരു ദിവസം വൈകുന്നേരം ദേവസ്യായുടെ അപ്പൻ തോമാച്ചൻ ദേവസ്യായെയും കൊണ്ട് മത്തായിയച്ചന്റെ അടുത്ത് വന്ന് ഇവനെ ഇനിയെന്ത് ചെയ്യണമെന്ന് ചോദിച്ചു. മത്തായിയച്ചൻ നിറഞ്ഞ മന സ്സോടും പൂർണസന്തോഷത്തോടും പറഞ്ഞു. ഇവന് ഇഷ്ടമാണെങ്കിൽ എന്റെ കൂടെ നിൽക്കട്ടെ. തോമാച്ചന് സന്തോഷമായി. തൊട്ടടുത്ത് ദിവസം തന്നെ ട്രങ്ക് പെട്ടിയിൽ തുണിയെല്ലാം എടുത്തുവച്ച് ദേവസ്യാ മത്തായിയച്ചന്റെ മേടയിൽ വന്ന് താമസം തുടങ്ങി. അത് കഴിഞ്ഞു വന്ന ആദ്യത്തെ ഞായറാഴ്ച പരിശുദ്ധ കുർബാനയുടെ അവസാനം ദേവസ്യയുടെ പാട്ട് കഴിഞ്ഞപ്പോൾ അറിയിപ്പുകളുടെ കൂട്ടത്തിൽ അച്ചൻ പറഞ്ഞു. ഇനി മുതൽ നമ്മുടെ പള്ളിയിൽ കപ്യാര്, ദേവസ്യാ ആയിരിക്കുമെന്ന്.

അങ്ങനെ വെറും ദേവസ്യാ കപ്യാര് ദേവസ്യായായി. പള്ളി വൃത്തി യാക്കിയും പരിശുദ്ധ കുർബാനയ്ക്ക് സഹായിച്ചും പാട്ടു പാടിയും അച്ചന്റെ കാര്യങ്ങൾ നോക്കിയും ദേവസ്യാ ജോലി തുടങ്ങി.

സമയം ആർക്കുവേണ്ടിയും കാത്ത് നിൽക്കാതെ, ഒരിക്കൽ പോലും ഒന്ന് തിരിഞ്ഞു നോക്കാതെ മുന്നോട്ട് കുതിച്ചു കൊണ്ട് തന്നെയിരുന്നു. ഇതിനിടയിൽ പല അച്ചന്മാർ മാറി മാറി വന്നു. അഞ്ചു വീട്ടുകാരിൽ തുടങ്ങിയ പള്ളി അൻപതായി പിന്നെയത് നൂറും ഇരുന്നൂറുമായി. രണ്ടു വട്ടം പള്ളി പൊളിച്ചു പണിതു. അച്ചന്മാർക്കും പള്ളിക്കും വീട്ടു കാർക്കും മാറ്റം വന്നു. എങ്കിലും കപ്യാര് ദേവസ്യാ ഇപ്പോഴും കപ്യാര് ദേവസ്യാ തന്നെയാണ്. ഹാർമോണിയം വായിച്ച് ഇന്നും കുഞ്ഞുമല പള്ളിയിൽ പാട്ട് തുടങ്ങുന്നത് ദേവസ്യാ തന്നെയാണ്.

പള്ളിക്ക് വേണ്ടി മാത്രം ജീവിച്ച ദേവസ്യാ സ്വന്തം കാര്യത്തെ കുറിച്ച് ഒരിക്കൽ പോലും ചിന്തിച്ചിട്ടില്ല. പലരും ദേവസ്യായോട് പറഞ്ഞു. നീയൊരു കല്യാണം കഴിക്കണമെന്ന്. ദേവസ്യാ അതൊ ന്നും കേട്ടതായി പോലും ഭാവിച്ചില്ല. ചിലരോടൊക്കെ ദേവസ്യാ പറഞ്ഞു. കല്യാണം കഴിച്ചാൽ അവളുടെയും പിള്ളേരുടേയും കാ ര്യം നോക്കാനേ സമയമുണ്ടാകൂ. ഞാൻ പോയാൽ പള്ളിക്കാര്യങ്ങൾ ആര് നോക്കും? പള്ളിയിൽ ആര് പാട്ട് പാടും? അത്കൊണ്ട് അതൊ

www.malankaralibrary.com

ന്നും വേണ്ട. പലയാവർത്തി തോമാച്ചൻ വിവാഹ ദല്ലാളുമായി വന്ന് കല്ല്യാണത്തെ കുറിച്ച് ദേവസ്യായോട് സംസാരിച്ചു. പാറപോലത്തെ ഉറച്ച തീരുമാനത്തെ ഒന്ന് ഇളക്കാൻ പോലും തോമാച്ചന് കഴിഞ്ഞില്ല. ഒടുവിൽ എല്ലാവരും അന്ന് വികാരിയായിരുന്ന ജോസഫച്ചനോട് വിവരം പറഞ്ഞു. അങ്ങനെ ജോസഫ് അച്ചൻ ദേവസ്യായോട് സംസാരിച്ചു. ഏത് കൊടുങ്കാറ്റിലും പേമാരിയിലും കോട്ടം സംഭവിക്കാത്ത തീരുമാനത്തെ മാറ്റാനോ മറിക്കാനോ സാധിക്കില്ലായെന്ന് ജോസഫച്ചനും മനസ്സിലായി.

കാലചക്രം ഉരുണ്ട് കൊണ്ട് തന്നെയിരുന്നു. ദേവസ്യായ്ക്ക് പ്രായം നാല്പത്തിയഞ്ചേ ആയിട്ടുള്ളൂ എങ്കിലും ജോലി ഭാരം ശരീരത്തെ ക്ഷീണിപ്പിച്ച് എഴുപതോളം പ്രായം തോന്നിപ്പിച്ചു. ഇന്ന് കുഞ്ഞുമല പള്ളി നാട് മുഴുവൻ അറിയപ്പെടുന്ന പള്ളിയാണ്. മുന്നൂറ് വീട്ടുകാരുണ്ട്, പതിനഞ്ച് അച്ചന്മാരുണ്ട്, മുപ്പത്തിരണ്ട് കന്യാസ്ത്രീകളുണ്ട്. കലാ മത്സരങ്ങൾക്കും കായിക മത്സരങ്ങൾക്കും പള്ളി ഒന്നാമതെത്തി. എല്ലാ സംഘടനകളും ശക്തമാണ്. കുഞ്ഞുമല പള്ളിയിൽ വികാരിയാകാൻ അച്ചന്മാരുടെ ഇടയിൽ തന്നെ ഒരു മത്സരമുണ്ട്. അങ്ങനെ പള്ളി വളർന്ന് കൊണ്ട് തന്നെയിരുന്നു. അതിൽ കപ്യാര് ദേവസ്യായ്ക്കും ചെറുതല്ലാത്തൊരു പങ്കുണ്ട്.

മഴയിൽ നനഞ്ഞ് തണുത്ത ഒരു ഞായറാഴ്ചയിൽ ദേവസ്യായുടെ മിഴികളെ ഈറനണിയിച്ച ഒരു സംഭവമുണ്ടായി. അന്ന് പൊതുയോഗമായിരുന്നു. ആരോ ഒരാൾ തുടക്കമിട്ടു പിന്നെയെല്ലാവരും ഏറ്റു പിടിച്ചു. വികാരിയച്ചന് ഉത്തരം മുട്ടി. കുറച്ച്പേർ കയർത്ത് സംസാരിച്ചു. മറുപടി അടുത്താഴ്ച പറയാമെന്ന് വികാരിയച്ചൻ പറഞ്ഞു. എല്ലാവരും ശാന്തമായി പിരിഞ്ഞു പോയി. അന്ന് വൈകുന്നേരം ചായ കൊടുക്കുമ്പോൾ അച്ചൻ ശ്രദ്ധിച്ചിരുന്നു. ദേവസ്യായുടെ മിഴികൾ ഈറനണിഞ്ഞിട്ടുണ്ടായിരുന്നു. കൈകൾ ആലില പോലെ വിറയ്ക്കുന്നുണ്ടായിരുന്നു. ചായ കൊടുത്ത വിറയാർന്ന ദേവസ്യായുടെ കൈയിൽ പിടിച്ച് അച്ചൻ പറഞ്ഞു.

'ദേവസ്യേ, നമുക്കിനിയതു വേണ്ട നീയങ്ങ് മാറിക്കൊടുക്ക്'.

ഒരു ഞെട്ടലോടെയാണ് ദേവസ്യയത് കേട്ടത്. ചങ്കിനകത്ത് മഹാവിസ്ഫോടനമായി അത് പതിച്ചപ്പോഴും അതിന്റെ പ്രതിധ്വനി മുഖഭാവത്തിൽ വരാതിരിക്കാൻ ദേവസ്യാ പ്രത്യേകം ശ്രദ്ധിച്ചു. പക്ഷെ അതിരുപൊട്ടിയൊഴുകുന്ന വെള്ളം കണക്കെ ദേവസ്യായുടെ കണ്ണുനീർ അണപൊട്ടിയൊഴുകി. കവിളിലെ വടിവിലൂടെ ചാലുവെട്ടി കീറിയത് പോലെ മിഴിനീര് ഒഴുകിയിറങ്ങുന്നതിനിടയിൽ വിക്കിയാണെങ്കിലും ദേവസ്യാ പറഞ്ഞൊപ്പിച്ചു.

www.malankaralibrary.com

'സാരമില്ലച്ചാ ഞാൻ മാറിക്കൊടുക്കാം'.

ഇത് പറഞ്ഞവസാനിക്കുന്നതിനു മുമ്പ് തന്നെ ദേവസ്യാ മുറിയിലെത്തിയിരുന്നു. ചോദ്യങ്ങളുടെ അലകൾ ഒന്നുമാറി ദേവസ്യായുടെ നെഞ്ചിൽ ഇരമ്പി വന്നു. ഒരു ചോദ്യത്തിന്റെ മുന്നിലും അടിയറവു പറയാതെ ദേവസ്യാ സ്വയം ആശ്വസിച്ച് മനസ്സിലെന്നോണം പിറുപിറുത്തു.

'വർഷം പത്ത് മുപ്പതായി ഹാർമോണിയപെട്ടിയും കുത്തിപിടിച്ച് കൊണ്ട് തൊണ്ട കീറാൻ തുടങ്ങിയിട്ട്. പള്ളിക്കാരുടെ ആഗ്രഹം അതാണെങ്കിൽ പുതിയ പിള്ളേർക്ക് വേണ്ടി മാറിക്കൊടുക്കാം. പക്ഷെ ബാബുക്കുട്ടിച്ചായൻ പള്ളിയിൽ പൊതുവായി എഴുന്നേറ്റു നിന്ന് പറഞ്ഞത് നെഞ്ച് കോടാലി കൊണ്ട് വെട്ടിപ്പിളർന്നതുപോലെയായിരുന്നു. പാട്ട് എന്റെ കുത്തകയാണെന്ന്'.

പലരുടേയും മനസ്സിൽ താനൊരു കരടായി വളരുകയായിരുന്നെന്ന് ദേവസ്യാ അറിഞ്ഞിരുന്നില്ല. എഴുന്നേറ്റ് നിന്ന് ദേവസ്യായുടെ പാട്ടിനെതിരെ ശബ്ദമുയർത്തിയവരാരും തന്നെ ഓർത്തില്ല. അല്ലാ, ഓർക്കാൻ ശ്രമിച്ചില്ല. ദേവസ്യായുടെ പാട്ടു മാത്രമാണ് ഒരു കാലത്ത് ഈ പള്ളിയിൽ ഉണ്ടായിരുന്നതെന്ന്. ദേവസ്യയാണ് ഈ തലമുറയെ പാട്ട് പഠിപ്പിച്ചതെന്ന്.

പാട്ടിനും പള്ളിക്കും വേണ്ടി മാത്രം ഒരു ജീവിതത്തെ മാറ്റി വച്ച ദേവസ്യായെ ആരും കണ്ടില്ല. ഭാര്യയും കുടുംബവും വേണ്ടായെന്ന് വച്ച് പള്ളിക്ക് വേണ്ടി അദ്ധ്വാനിച്ച ദേവസ്യായെ ആരും കണ്ടില്ല. അപ്പനെയും അമ്മയെയുംകാൾ പാട്ടിനെയും പള്ളിയെയും സ്നേഹിച്ച ദേവസ്യായെ ആരും കണ്ടില്ല.

അതിനു ശേഷം വന്ന ഞായറാഴ്ചയിലെ പരിശുദ്ധ കുർബ്ബാനയ്ക്ക് പുതിയ പിള്ളേര് കീ ബോർഡ് ഉപയോഗിച്ച് പാട്ടുകൾ പാടി.

'അൻപുടയോനെ നിൻ വാതിൽ ഹലേലുയ്യ

മുട്ടുന്നു ദാസൻ നാദം  കുറിയേലായിസോൻ'

അന്ന് ദേവസ്യാ നോക്കുകുത്തിയെപ്പൊലെ മദ്ബഹായിൽ പരിശുദ്ധ കുർബ്ബാനയ്ക്ക് സംബന്ധിച്ചു. പുതിയ പിള്ളേരുടെ താളവും പാട്ടും രണ്ട് ദിശകളിലേക്ക് ചലിച്ചുകൊണ്ടിരിക്കുമ്പോൾ, നാട്ടിയ കഴുക്കോൽ കണക്കെ നിന്ന ദേവസ്യായുടെ വിരലുകൾ പാട്ടിന്റെ താളത്തിനൊത്ത് തന്നെ വായുവിൽ ഒഴുകുകയായരുന്നു.

പിരിമുറുക്കത്തിന്റെയും വീർപ്പുമുട്ടലിൻയെും ആധിക്യം ഘനത്തപ്പോൾ ദേവസ്യാ അന്ന് വൈകുന്നേരം അച്ചനോട് കയറി പറഞ്ഞു.

www.malankaralibrary.com

'അച്ചാ, പുതിയ പിള്ളേര് കറന്റിൽ കുത്തുന്ന ഹാർമോണിയം വായിക്കുമ്പോൾ മൈക്കില്ലാതെ ഞാനും എന്റെ ഹാർമോണിയപ്പെട്ടിയുടെ വിരലുകളിൽ മൃദുവായി തടവികൊള്ളട്ടെ'.

ദേവസ്യായുടെ കണ്ണുകളിൽ നിഴലിച്ചു നിന്ന ദയനീയതയും നിസ്സഹായാവസ്ഥയും അച്ചന്റെ അധരങ്ങളെ വേണ്ടാ എന്ന് പറയുന്നതിൽ നിന്ന് വിലക്കി.

വികാരിയച്ചന്റെ അനുവാദത്തോടെ ദേവസ്യാ പരിശുദ്ധ കുർബ്ബാനയ്ക്ക് കീബോർഡിനൊപ്പം ഹാർമോണിയവും വായിച്ച് പാട്ട് പാടി. കീബോർഡിന്റെ ശബ്ദഗാംഭീര്യത്തിൽ ആരും തന്നെ ദേവസ്യായുടെ ഹാർമോണിയത്തിൽ നിന്നുയർന്ന സംഗീതവും ദേവസ്യായുടെ പാട്ടും കേട്ടില്ല.

ദിവസം ചെല്ലും തോറും ദേവസ്യായുടെ മനസ്സിനൊപ്പം ശരീരവും ക്ഷീണിച്ചു തുടങ്ങി. ശാസ്ത്രം കണ്ടുപിടിച്ചിട്ടില്ലാത്ത പല അസുഖങ്ങൾക്ക് വരെ ദേവസ്യാ ഉടമയായി. ക്ഷീണിച്ച ശരീരവും വലിച്ചുകൊണ്ട് നടന്നു പള്ളിയുടെ പണിചെയ്യുന്നതിനിടയിലെപ്പോഴോ ദേവസ്യായുടെ കാലിലെ തൊലി ചെറുതായിട്ടൊന്ന് ഇളകി. അത് കാര്യമായി ഗൗനിക്കാതിരുന്നതിനാൽ വലിയ വ്രണമായി. അത് പഴുത്തൊലിക്കാനും തുടങ്ങി. വികാരിയച്ചൻ ദേവസ്യായെ ആശുപത്രിയിൽ കാണിച്ചു. ഷുഗർ കൂടിയതിനാൽ മുറിവ് കരിയില്ലത്രേ. കാല് മുറിച്ച് മാറ്റണം. പല ആശുപത്രികൾ മാറിമാറി കാണിച്ചു. ആശുപത്രിയിലെ പല ഡോക്ടർമാരെയും മാറി കാണിച്ചു. എല്ലാവർക്കും പറയാൻ ഒന്നേ ഉണ്ടായിരുന്നുള്ളൂ. കാല് മുറിച്ച് മാറ്റണം.

ദേവസ്യായുടെ ശരീരവും മനസ്സും ഒരുപോലെ അവശയായിരുന്നതിനാൽ ഇത് കേട്ട് ദേവസ്യാ തെല്ലും കുലുങ്ങിയില്ല. എങ്കിലും ദേവസ്യാ നെഞ്ചിൽ കൈവച്ച് മിഴികളെ സ്വർഗ്ഗത്തിലേയ്ക്കുയർത്തി ഇത്രമാത്രം പറഞ്ഞു. ദൈവമേ ആരേയും ബുദ്ധിമുട്ടിക്കാതെ നീ എന്നെ വേഗം വിളിക്കണമേ.

കാല് മുറിക്കുന്നതിന് ദിവസം നിശ്ചയിച്ചു. ദേവസ്യയുടെ കാല് മുറിക്കാൻ പോകുവാണെന്നറിഞ്ഞ്, ദേവസ്യായ്ക്ക് വേണ്ടി സംസാരിച്ചവരും ദേവസ്യായ്ക്ക് എതിരെ സംസാരിച്ചവരും വന്ന് കണ്ട് കണ്ണീർ പൊഴിച്ച് മടങ്ങി. എല്ലാവരുടെ മുന്നിലും ഒരു പ്രാർത്ഥന വസ്തുവായി ദേവസ്യാ നിന്നു കൊടുത്തു.

അങ്ങനെ ആ ദിവസം വന്നു. സകല പരിശോധനകൾക്കും ശേഷം ഡോക്ടർമാർ വിധിയെഴുതി. ദേവസ്യായുടെ ആരോഗ്യനില വഷളായതുകൊണ്ട് കാല് മുറിക്കാൻ വേണ്ടി അനസ്തേഷ്യ കൊടു

www.malankaralibrary.com

ക്കാൻ കഴിയില്ല. അനസ്തേഷ്യ കൊടുത്താൽ ചിലപ്പോൾ ദേവസ്യാ മരണപ്പെടാനുള്ള സാധ്യത കൂടുതലാണ്. കൂടാതെ അനസ്തേഷ്യ കൊടുക്കാതെ കാല് മുറിച്ചാൽ അതിന്റെ വേദന മനുഷ്യഭാവനകൾക്ക് വിവരിക്കാൻ പറ്റാത്തതിനും ആയിരം മടങ്ങ് വലുതാണ്. അതുപോലെ ജീവൻ രക്ഷപ്പെടാനുള്ള സാദ്ധ്യത നാല്പത് ശതമാനം മാത്രമേയുള്ളൂ. പഴുത്തൊലിക്കുന്ന വ്രണം വച്ചിരുന്നാലും അപകടമാണ്. ഡോക്ടർമാർ ആശയകുഴപ്പങ്ങൾക്ക് വശംവദരായപ്പോൾ ഇതെല്ലാം കേട്ടു കൊണ്ട് കിടന്നിരുന്ന ദേവസ്യാ പറഞ്ഞു.

'എല്ലാം സഹിക്കാനുള്ള മനസ്സ് ദൈവം എനിക്ക് തന്നിട്ടുണ്ട്. നിങ്ങൾ കാല് മുറിച്ച് കൊള്ളുക'.

കൂട്ടത്തിൽ ദേവസ്യാ ഒരു കാര്യം കൂടെ ആവശ്യപ്പെട്ടു.

'എന്റെ കാല് നിങ്ങൾ മുറിക്കുമ്പോൾ വേദന മറക്കാൻ വേണ്ടി എന്നെ ഉറക്കെ പാട്ട് പാടാൻ അനുവദിക്കണം'.

ദേവസ്യാ പാട്ട് തുടങ്ങി, അവർ കാല് മുറിക്കാനും.

'യജമാനൻ വരുമന്നേരത്തുണർവുള്ളോരായ്തൻ

മുന്തിരിത്തോപ്പിൽ പണിയായി കാൺമോരോ ധന്യരാം

പകലെല്ലാം തൻ കൂടെ പണിതോർ–

ക്കവനരകെട്ടി– പരികർമ്മിച്ചീടും

താതനിരുത്തും മേ....ക്കായ് പരി.....ക്കും സു.....

റൂ........റക്കലീ.......മുട.........ടി

ഹാ............. ചൂ.............മകുട................

...........................'

■

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

# ശരീരം ഒരോർമ്മയാണ്

**ജീ**വിതത്തിന്റെ ചക്രങ്ങൾ തടസ്സങ്ങളില്ലാതെ കറങ്ങി തുടങ്ങുന്നത് ഇരുപത്തിനാലാമത്തെ വയസ്സിലാണ്. അപ്പോഴേയ്ക്കും യാത്ര അവസാനിച്ചിരുന്നു....

സ്കൂളിൽ പഠിക്കുമ്പോൾ ഒരു ശരാശരി വിദ്യാർത്ഥിയായിരുന്നു. അധികം പ്രശ്നത്തിനൊന്നും പോകാതെ, ടീച്ചർമാരുടെ കണ്ണിലൊന്നും പിടികൊടുക്കാത്ത ഒരു ചെറുക്കൻ. വീടിന്റെ കഷ്ടപ്പാടുകൾ ചെറിയതോതിലെങ്കിലും മരിക്കുമ്പോൾ അപ്പൻ അവന്റെ തോളിൽ വച്ച് കൊടുത്തിരുന്നു. പത്താം ക്ലാസിലെ തോൽവിയും അപ്പന്റെ മരണവും ഒന്നിച്ചായിരുന്നു. ഏതിനെ കുറിച്ചോർത്താണ് ആദ്യം സങ്കടപ്പെടേണ്ടത് എന്ന് കുറച്ചുനേരത്തെങ്കിലും നേരിയ ആശയകുഴപ്പമുണ്ടായിരുന്നു.

അപ്പന്റെ അടക്കത്തിനുശേഷം രണ്ട് ദിവസം കഴിഞ്ഞ് വീട്ടുടമസ്ഥൻ അവനെ വിളിച്ച് പറഞ്ഞു. രണ്ട് മാസത്തെവാടക തരാനുണ്ട്, അത് തരുന്നില്ലെങ്കിൽ, വീട് വിട്ടൊഴിഞ്ഞു തരണം. അത് അമ്മയോട് പറഞ്ഞപ്പോൾ കിട്ടിയ മറുപടി നാല് തുള്ളി കണ്ണുനീരായിരുന്നു. അവന് മൂത്തത് ചേട്ടനാണ്. ചേട്ടൻ ജോലി ചെയ്യുന്ന കാശ് വെള്ളമടിച്ചും ഭക്ഷണം കഴിച്ചും നശിപ്പിക്കും. പിന്നെയൊരു അനിയനാണ്, അവൻ അഞ്ചാം ക്ലാസ് ആയതേയുള്ളൂ.

അങ്ങനെ പതിനഞ്ചാം വയസ്സിൽ അവൻ കുടുംബത്തിന്റെ ഉത്തരവാദിത് വങ്ങൾ തോളിൽ പേറി. പകലുകളെ രാത്രിയുമായി കൂട്ടിമുട്ടിക്കാൻ വേണ്ടി അമ്മയും മകനും കൂടെ പാറമടയിൽ ജോലി ചെയ്തു. പതിനഞ്ചു വയസ്സുകാരനെ പാറമട വേദനിപ്പിച്ചത് ചെറുതൊന്നുമല്ല. പാറ ചുമന്നും പാറപൊട്ടിച്ചും ഓരോ സൂര്യാസ്തമയത്തിലും കൈ

www.malankaralibrary.com

നീട്ടി പൈസവാങ്ങുന്നത് ചോരയൊലിക്കുന്ന പിഞ്ചുകരങ്ങളിലാണ്. ജീവിതത്തിന്റെ പച്ചയായ സത്യങ്ങളോട് മല്ലയുദ്ധം ചെയ്യുമ്പോഴും പ്രതീക്ഷയുടെ ഇളം ചൂട് അവനിൽ വറ്റിയിരുന്നില്ല.

അമ്മയുടെ ശമ്പളം അമ്മ വീട്ടുകാര്യങ്ങൾക്ക് വേണ്ടി ചിലവിട്ടപ്പോൾ മകൻ ശമ്പളം മുഴുവൻ ശേഖരിച്ച് വച്ചു. പാറമടയിലെ ജോലികൾക്കിടയിൽ ഒരു ഇടവേള സമയത്ത് അമ്മ പറഞ്ഞു.

'നീ സ്കൂളിൽ പോയി പഠിക്ക് ഞാൻ കുടുംബത്തിന്റെ കാര്യം നോക്കികൊള്ളാം'.

അവൻ മുഖംതിരിച്ച് അവിടെ നിന്ന് എഴുന്നേറ്റ് പോയതല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല. യൂണിഫോം ഇടണമെന്നും, സ്കൂളിൽ പോകണമെന്നും ആഗ്രഹമില്ലാഞ്ഞിട്ടല്ല. അമ്മയെ കൊണ്ട് അന്നന്നത്തെ കാര്യങ്ങൾ തള്ളി നീക്കാവുന്നതിലപ്പുറം മറ്റൊന്നും ചെയ്യാൻ കഴിയില്ലാന്ന് ബോധ്യമുള്ളതുകൊണ്ടാണ്. ചേട്ടന്റെ വഴിവിട്ട ജീവിതവും അനിയന്റെ പഠിത്തവും അമ്മയുടെ തളർന്ന ശരീരവും കാണുമ്പോൾ ജോലിക്ക് പോകാതിരിക്കാൻ അവനു കഴിയില്ലായിരുന്നു.

അപ്പന്റെ മരണശേഷം നാല് കൊല്ലം കഴിഞ്ഞാണ് നാട്ടിൽ ഒന്ന് തലയുയർത്തി നടക്കാൻ കഴിഞ്ഞത്. നാല് കൊല്ലം എല്ല് മുറിയെ പണിയെടുത്തത് ഒരുമിച്ചുകൂട്ടി ഒരു സ്ഥലം വാങ്ങി അവിടെ വീട് പണിയാരംഭിച്ചു. രണ്ട് വർഷത്തെ കഠിന പരിശ്രമങ്ങൾക്കൊടുവിൽ വീടിന്റെ പണി പൂർത്തിയായി. ഇടയ്ക്ക് കാശ് തികയാതെ വരുമെന്ന സാഹചര്യം വന്നപ്പോൾ രാത്രിയെ പകലാക്കിയും പാറമടയിൽ അവന് ജോലി ചെയ്യേണ്ടിവന്നു. നീണ്ട അലച്ചിലുകൾക്കൊടുവിൽ കയറി താമസിക്കാൻ ഇന്നൊരു വീടുണ്ട്. അമ്മയുടെയും അനിയന്റെയും മുഖത്ത് സന്തോഷമുണ്ടെങ്കിലും ചേട്ടന്റെ വഴിവിട്ട ജീവിതം അവരുടെ സന്തോഷത്തിനു മങ്ങലേൽപ്പിച്ചിട്ടുണ്ട്.

കാലചക്രത്തിന്റെ മുന്നോട്ടുള്ള കുതിപ്പിനിടയിലെ ഒരു ദിവസം രാത്രി മുറിയിൽ കിടന്ന ചേട്ടൻ അലറി വിളിക്കാൻ തുടങ്ങി. ഓടി ചെന്ന് നോക്കുമ്പോൾ വയറും പൊത്തിപ്പിടിച്ച് ഞാനിപ്പോൾ മരിക്കും എന്ന് പറഞ്ഞ് നിലവിളിക്കുകയാണ്. പെട്ടെന്ന് ചേട്ടനെയും കൊണ്ട് ആശുപത്രിയിൽ പോയി. പരിശോധനയൊക്കെ കഴിഞ്ഞ് വേദനയുടെ ഇൻജെക്ഷൻ കൊടുത്തുകൊണ്ട് ഡോക്ടർ പറഞ്ഞു. അപ്പെന്റിസൈറ്റിസാണ് പുറത്ത് ഹോട്ടലുകളിൽ നിന്ന് അധികം ഭക്ഷണം കഴിക്കുന്നവരിലാണ് അധികമായി ഇത് കാണാറ്, അല്ലാതെയും വരാം. ഉടൻ തന്നെ സർജറി ആവശ്യമാണ്.

www.malankaralibrary.com

അന്ന് രാവിലെ തന്നെ ചേട്ടന്റെ സർജറി നടത്തി. ഒരാഴ്ച ഹോസ്പിറ്റലിൽ കിടക്കേണ്ടിവന്നു. ആ ഒരാഴ്ച കൊണ്ട് അപ്രതീക്ഷിതമായി ചേട്ടന് എന്തെന്നില്ലാത്ത മാറ്റം വന്നു. ചേട്ടന്റെ കൂട്ടുകാർ ആരും തന്നെ ഹോസ്പിറ്റലിൽ കാണാൻ വന്നില്ല. ജോലി സ്ഥലത്തുള്ളവർ ഫോൺ വിളിച്ചുപോലും ചോദിച്ചില്ല. അങ്ങനെ ഒരു ഉച്ച കഴിഞ്ഞ ദിവസം ഹോസ്പിറ്റലിൽ കിടക്കുമ്പോൾ ചേട്ടൻ അമ്മയുടെ കൈയിൽ പിടിച്ച് കരഞ്ഞ്, ചെയ്ത് പോയ മഹാപരാധങ്ങൾക്ക് മാപ്പ് അപേക്ഷിച്ചു.

ഒരാഴ്ച കഴിഞ്ഞ് ചേട്ടൻ സുഖം പ്രാപിച്ച് തിരികെ വീട്ടിൽ വന്നു. അങ്ങനെ ആദ്യമായി വീട് സ്വർഗ്ഗമാണെന്ന് തോന്നി. അന്ന് രാത്രി, ചേട്ടനെ തിരികെ ലഭിച്ചതിന്റെ സന്തോഷത്തിൽ മതിമറന്ന് കിടക്കുമ്പോൾ ഹൃദയം അറിയാതെ ദൈവത്തോട് മന്ത്രിച്ചു. ദൈവമേ ജീവിതത്തിന്റെ ചക്രങ്ങൾ തടസ്സങ്ങളില്ലാതെ കറങ്ങി തുടങ്ങുന്നത് ഇരുപത്തിനാലാമത്തെ വയസ്സിലാണ്. ഇനിവേണം ഒന്ന് ഉള്ള് തുറന്ന് ചിരിക്കാനും സമാധാനത്തോടെ അലച്ചിലുകളില്ലാതെ ജീവിക്കാനും.

അന്ന് രാത്രി ദൈവം അവനെ വിളിച്ചുണർത്തി പറഞ്ഞു.

'വാ നമുക്ക് ആകാശത്ത് ഒന്ന് ചുറ്റി സഞ്ചരിക്കാം'.

ദൈവം അവന്റെ കൈയും പിടിച്ച് നടന്നു. ഉറക്കച്ചടവോടെ അവൻ ദൈവത്തോടൊപ്പം നടന്നു. ഉറക്കച്ചടവൊക്കെ മാറി എന്തെന്നില്ലാത്ത സന്തോഷം പേമാരിയായി പെയ്തിറങ്ങിയപ്പോൾ അവൻ വാതോരാതെ ദൈവത്തോട് സംസാരിച്ചു തുടങ്ങി. ജീവിതം വച്ചു നീട്ടിയ വേദനകളിൽ നിന്നും നൊമ്പരങ്ങളിൽ നിന്നുമൊക്കെ ഓടി രക്ഷപ്പെടാൻ നേരത്ത് കാലം ഇടം കാലിട്ട് തള്ളിയിട്ടതും, വേദനകളിൽ നിന്ന് ഇഴഞ്ഞ് കരകയറിയതും, ഒരു കുഞ്ഞ് അപ്പനോട് വിവരിക്കുന്നത് പോലെ അവൻ ദൈവത്തോട് വിവരിച്ചു.

അവൻ ഇതുവരെ ആരോടും പറഞ്ഞിട്ടില്ലാത്ത ഒരു സത്യം കൂടെ ദൈവത്തോട് പറഞ്ഞു. മിനി, അതാണവളുടെ പേര്. പാറമടയിൽ അമ്മയോടൊപ്പം അവളും എന്നും പാറപൊട്ടിക്കാൻ വരും. ആരും കാണാതെ തലേ ദിവസം അമ്മ വാങ്ങി കൊടുത്ത മിഠായി അവന് കൊടുക്കും, പാറപൊട്ടിയതു പോലെ വിണ്ടുകീറിയിരിക്കുന്ന അവന്റെ കൈപ്പത്തിയിൽ അവൾ മെല്ലെ തലോടും. കൈകോർത്ത് പിടിച്ച് പാറമടയിലെ വെള്ളക്കെട്ടിൽ കല്ലെടുത്തെറിയും. ജീവിതത്തിൽ അന്ധകാരം കനത്തപ്പോൾ അവളാണ് ഇത്തിരി വെട്ടം പകർന്നത്. ഒന്നും ഉരിയാടാതെ അവന്റെ ഓരോ വാക്കുകളും ദൈവം കേട്ടു.

പാറമടയിൽ ജോലി കഴിഞ്ഞ് വന്ന്, പകൽ സമ്മാനിച്ച വേദനയിൽ ബോധമറ്റ് ഉറങ്ങുമ്പോൾ കള്ള് കുടിച്ചു വന്ന് പുറം കാല് കൊണ്ട് ചേട്ടൻ തൊഴിച്ചതിന്റെ പാട് അവൻ ദൈവത്തെ കാണിച്ചു. ചേട്ടൻ

www.malankaralibrary.com

വീട്ടിൽ കാണിച്ചുകൂട്ടിയ കുരുത്തക്കേടുകളും, അമ്മയെയും അവനെയും അനിയനെയും വേദനിപ്പിച്ചതുമെല്ലാം അവൻ ദൈവത്തോട് വിശദീകരിച്ചു. അമ്മ അനുഭവിച്ച വേദനകളും, അനിയന്റെ നിഷ്കളങ്കതയും അപ്പൻ മരിക്കുമ്പോൾ അവൻ വാവിട്ട് കരഞ്ഞതുമെല്ലാം അവൻ ദൈവത്തോട് വിവരിച്ചു.

ഒടുവിൽ ചേട്ടനെ തിരികെ തന്നതിനും വീടിനെ പഴയ സന്തോഷത്തിലേക്ക് കൊണ്ടുവന്നതിനുമൊക്കെ അവൻ ദൈവത്തോട് നന്ദി പറഞ്ഞു.

ഇങ്ങനെ ഓരോ കാര്യങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുമ്പോഴാണ് അവനൊരു കാര്യം ഓർത്തത്. അവൻ അവന്റെ ശരീരം എടുക്കാൻ മറന്നു പോയിരുന്നു. പെട്ടെന്ന് ദൈവത്തോട് പറഞ്ഞപ്പോൾ, ഇത്രയും നേരം ഒന്നും മിണ്ടാതെ അവൻ പറയുന്നതു മാത്രം കേട്ടുകൊണ്ടിരുന്ന ദൈവം പറഞ്ഞു.

'നിനക്ക് അത് ഇനി വേണ്ട'.

എന്തെന്നില്ലാത്ത വിഷമം അവനിൽ അണപൊട്ടിയൊഴുകി. അവൻ പറഞ്ഞു.

'ദൈവമേ, ഇത്രയും നാൾ സന്തോഷം എന്തെന്നറിഞ്ഞിട്ടില്ലാ ഞാൻ, ഇത്രയും നാളും സുഖം എന്തെന്ന് ഞാനനുഭവിച്ചിട്ടില്ല, ഇത്രയും നാളും സമാധാനം എന്താണെന്ന് അറിയില്ലായിരുന്നു'.

ഒന്നുകൂടി ദയനീയമായി ദൈവത്തെ നോക്കിയിട്ട് അവൻ തുടർന്നു.

'വീട്ടിൽ സമാധാനത്തോടെ, സന്തോഷത്തോടെ കിടന്നുറങ്ങിയ രാത്രി ഇന്നലെ മാത്രമായിരുന്നു. അതുകൊണ്ട് എനിക്ക് തിരിച്ചു പോകണം'.

അവന്റെ സങ്കടം അലകളായി വീണ്ടും വീണ്ടും ശക്തിയായി തന്നെ ഹൃദയതീരത്തേയ്ക്ക് ആഞ്ഞടിച്ചു. എന്ത് പറഞ്ഞിട്ടും ദൈവം ഒന്നും ഉരിയാടാതിരുന്നപ്പോൾ അവൻ പറഞ്ഞു.

'ദൈവമേ, ഞാൻ വാക്ക് കൊടുത്ത, എനിക്ക് വേണ്ടി കാത്തിരിക്കുന്ന ഒരു പെണ്ണുണ്ട്. അവളെ ഓർത്തെങ്കിലും എന്നെ തിരികെ പോകാൻ അനുവദിക്കണം'.

ദൈവം അവനെ ചേർത്ത് പിടിച്ച്, അവന്റെ കണ്ണുനിര് ഒപ്പിയിട്ട് പറഞ്ഞു.

'വേണ്ട മോനെ, നിനക്ക് വേണ്ടി നിന്റെ വരവിനായി ഒത്തിരി പേര് കാത്തിരിപ്പുണ്ട്'.

അവന്റെ വിഷമം മാറിയപ്പോൾ അവൻ മെല്ലെ താഴേയ്ക്ക്

www.malankaralibrary.com

നോക്കി അവന്റെ ചലനമറ്റ ശരീരത്തിന്റെ മുന്നിൽ കണ്ണുനീരിൽ കുളിച്ചു നിൽക്കുന്ന അമ്മ, ആരും കാണാതെ മാറി നിന്ന് വിതുമ്പുന്ന ചേട്ടൻ, വിഷാദം മുഖത്ത് പുരട്ടി നിൽക്കുന്ന നാട്ടുകാർ, ആരും കേൾക്കാതെ മുറിയിൽ കിടന്ന് അലറി വിളിച്ച് കരയുന്ന അവന്റെ എല്ലാമെല്ലാമായ പെണ്ണ്.

അവൻ അവസാനമായി ഒന്നുകൂടി ജീവനറ്റ അവന്റെ ശരീരത്തിലേയ്ക്ക് നോക്കി. അങ്ങനെ നോക്കി നിൽക്കുമ്പോൾ അവൻ ഓർത്തു. വേദനകളുടെ പാരമ്യത്തിൽ ചില നേരത്തെങ്കിലും ശരീരത്തിന്റെ ആരോഗ്യത്തെ ഓർത്ത് നേരിയ തോതിൽ അഹങ്കരിച്ചിട്ടുണ്ട്. സൂര്യന്റെ പൊള്ളിക്കുന്ന കിരണങ്ങൾ യൗവ്വന ചർമ്മത്തെ കറുപ്പിക്കുന്നുണ്ടെന്ന് വ്യസനപ്പെട്ടിട്ടുണ്ട്. അവൻ ആരൊടെന്നില്ലാതെ പറഞ്ഞു.

'ഇനിമുതൽ ശരീരം ഒരോർമയാണ്, വെറും ഒരോർമ്മ'.

അവൻ ദൈവത്തോടൊപ്പം കൈയും പിടിച്ച് ഒരു വാതിലിനുള്ളിൽ പ്രവേശിച്ചു.

■

www.malankaralibrary.com

# മുല്ലപ്പൂചൂടിയ ആകാശം

**'മോ**ളെ ഞാനൊന്ന് പുറത്തോട്ട് ഇറങ്ങുവാ'.

പറഞ്ഞത് അവൾക്ക് ഇഷ്ടപ്പെട്ടില്ലാന്ന് തോന്നുന്നു. മുഖത്തെ ഭാവവും നോട്ടത്തിലുള്ള പെശകും കണ്ടാൽ തന്നെയറിയാം.

മൂത്ത മകന്റെ ഭാര്യയാണ്, ഇപ്പോഴത്തെ പിള്ളേരല്ലേ നമ്മൾ അങ്ങ് ക്ഷമിക്കും.

വീട് വിട്ട് ഇറങ്ങുമ്പോൾ ഉണ്ണി മാത്രം പുറകിൽ നിന്ന് വിളിച്ച് ചോദിച്ചു.

'അപ്പച്ചൻ എവിടെപോകുവാ?'

അവന് എന്ത് ഉത്തരം കൊടുക്കണമെന്ന് എനിക്കറിയില്ല. ആ ചോദ്യം വായുവിൽ അലതല്ലി നടന്നതല്ലാതെ ഉത്തരം കൊടുക്കാൻ എനിക്കായില്ല. ആദ്യചോദ്യത്തിനു മറുപടി കിട്ടാതായപ്പോൾ അവൻ രണ്ടാമത്തെ ചോദ്യം ചോദിച്ചു.

'അപ്പച്ചാ ഞാനും വരട്ടെ?'

മനസ്സിന്റെ അറകളിലെ കോണുകളിലെവിടെയോ മറഞ്ഞിരുന്നിട്ട് പുറത്ത് ചാടിയത് പോലെ അതിന് പെട്ടെന്ന് തന്നെയുത്തരം പറഞ്ഞു.

'അമ്മ വഴക്ക് പറയും, മോൻ ഇവിടെ നിന്നോ'.

വേറെ ഒന്നും ചോദിക്കാതിരിക്കാൻ വേഗം ഒട്ടും കുറയ്ക്കാതെ നടന്നു തുടങ്ങിയപ്പോൾ പുറകിൽ നിന്നും അവൻ വീണ്ടും ചോദിച്ചു.

'അപ്പച്ചൻ എപ്പോഴാ തിരിച്ചു വരിക?'

www.malankaralibrary.com

ഞാൻ കൊണ്ട് വരുന്ന പൊതി എപ്പോൾ കിട്ടുമെന്ന് കൂടി ആ ചോദ്യത്തിന് അർത്ഥമുണ്ട്. നിനിക്ക് കടപൊതികളുമായി ഈ അപ്പ ച്ചൻ തിരികെയിനി ഒരിക്കലും വരില്ലാന്ന് എങ്ങനെയാ അവനോടൊ ന്ന് പറയുക. ഉണ്ണിയുടെ ചോദ്യത്തിന് ഉത്തരം മനസ്സ് തിരയുമ്പോഴും കാലുകളുടെ വേഗം ഒട്ടും കുറഞ്ഞിരുന്നില്ല.

തോടും കടന്ന് വരമ്പും കടന്ന് റോഡിലെത്തിയപ്പോൾ അങ്ങനെ യൊരുതോന്നൽ അവസാനമായി, കളിച്ച് വളർന്ന, ജീവിതസഖിയെകൊ ണ്ട് കയറിയ, ജീവിതവുമായി മല്ലയുദ്ധത്തിലേർപ്പെട്ട് വിജയിച്ചെങ്കിലും ഒരാൾ പോലും ജയ്‌വിളിക്കാനില്ലാതെ തോറ്റവനെപ്പോലെ കഴിയേണ്ടി വന്ന, തലമുറ കൈകളിൽ വച്ച് തന്ന, ഇന്ന് ആൾ താമസമില്ലാത്ത ആ പഴയ വീടിനെ കൺകുളിർക്കെ ഒന്ന് കാണണമെന്ന് തോന്നി.

ഉണ്ണി പഴയ വീടിന്റെ മുറ്റത്ത് നിന്ന് മണ്ണ് വാരി കളിക്കുന്നുണ്ട്, വേല ക്കാരി രമണി പശുവിന് തീറ്റകൊടുക്കുന്നു. നിറം മങ്ങിയതാണെങ്കിലും രണ്ട് നില കോൺക്രീറ്റ് കെട്ടിടത്തിനെക്കാൾ ഇന്നും എടുപ്പ് പഴയ കുമ്മായം തേയ്ച്ച വീടിനാണ്. കൺകുളിർക്കെ കണ്ടു നിന്നതിനു ശേഷം തിരിഞ്ഞു നടക്കുമ്പോൾ മനസ്സ് വല്ലാതെ വിതുമ്പി. കാരണം ആ രണ്ട് വീട്ടിലും ഇന്ന് മനുഷ്യ വാസമില്ല. തിരക്ക് പിടിച്ചോടുന്ന ചില യന്ത്രങ്ങൾ മാത്രം ആ കോൺക്രീറ്റ് കെട്ടിടത്തിലുണ്ട്.

ഒത്തിരി നാളുകളായുള്ള സ്വപ്നമാണ് രാമക്കൽ മേട് കാണണ മെന്ന്. വീടിന്റെ മുറ്റത്ത് കിടന്നിട്ടും ഒരിക്കൽപോലും ആ മല ചവിട്ടി യില്ല. ജീവിതത്തിന്റെ അറ്റങ്ങളെ കൂട്ടിമുട്ടിക്കാനും, കൂട്ടിമുട്ടിക്കലിന്റെ സമ്മർദ്ദത്തിൽ പകുതിയിൽ പൊട്ടി പോയതിനെ കൂട്ടി യോജിപ്പിക്കാ നുമുള്ള തത്രപ്പാടിൽ രാമക്കൽമേട് ചിന്തയിൽ പൊലും വന്നിട്ടില്ല. ഇന്ന് എൺപത്തിയഞ്ചാമത്തെ വയസ്സിൽ ഒരു മോഹം, രാമക്കൽമേട് കാണണം. മലയുടെ ഏറ്റവും ഉയർന്ന പാറയിൽ കയറണം. ജീവിത ത്തിൽ അവസാനമായൊന്ന് നെഞ്ചും വിരിച്ച് നിൽക്കണം.

മനസ്സിന്റെ ഇതളുകളിൽ ഓരോന്നിങ്ങനെ കോറിയിട്ട് കോറിയിട്ട് നടക്കുമ്പോഴാണ് രാമകൃഷ്ണന്റെ പിന്നിൽ നിന്നുള്ള വിളി.

‘ഇയാൾ ഇത് എങ്ങോട്ടാ ഈ സന്ധ്യയ്ക്ക്?’

ഉത്തരം തൊണ്ടയിൽ കുരുങ്ങിയെങ്കിലും ഒട്ടും വൈകാതെ തന്നെ പറഞ്ഞു.

‘ഒന്ന് നടക്കാൻ ഇറങ്ങിയതാടോ’.

പിന്നെ അയാളുടെ മോണകാണിച്ചുള്ള ചിരിക്കു പകരമായി ചെറിയ തോതിൽ ഒന്ന് ചിരിച്ചൂയെന്ന് വരുത്തിയിട്ട് നേരെ നടന്നു. അയാൾക്ക്

www.malankaralibrary.com

സംശയമുണ്ടെന്ന് വെറുതെയൊരു തോന്നൽ. കാരണം അയാളുടെ കടയിലെ ചായ കുടിക്കുന്ന നേരത്ത് സൗഹൃദ സംഭാഷണങ്ങൾക്കിടയിൽ എന്റെ ജീവിത പുസ്തകത്തെ അയാളുടെ മുന്നിൽ തുറന്ന് കാട്ടിയിട്ടുണ്ട്. എന്റെ ലക്ഷ്യത്തിനെതിരായി ഒന്നും തന്നെ സംഭവിക്കില്ലായെന്ന് മനസ്സിനെ ഉറപ്പിച്ച് ഞാനെന്റെ നടത്തത്തിന്റെ വേഗത കൂട്ടി.

സന്ധ്യയായതുകൊണ്ടാണെന്ന് തോന്നുന്നു. അധികം ട്യൂറിസ്റ്റ് ബസ്സൊന്നും വഴിയിലില്ല. എവിടെയൊക്കെയോ കറങ്ങിയിട്ട് വൈകിയെത്തിയ കുറച്ച് ചെറുപ്പക്കാരുടെ ഒരു ബസ്സുമാത്രമേയുള്ളൂ.

മുന്നോട്ട് വയ്ക്കുന്ന ഓരോ ചുവടിനെയും ഉള്ളിന്റെ ഉള്ളിലാരോ ബലപ്പെടുത്തുന്നു. ഞാൻ നടക്കുകയല്ലാ ഓടുകയാണ്. പ്രകൃതിയും അന്തരീക്ഷവുമെല്ലാം എന്റെ ലക്ഷ്യ സാക്ഷാത്കാരത്തിനായി വഴിയൊരുക്കിതരുന്നു. ദൈവം പോലും ഞാൻ ജീവിതമവസാനിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നത് പോലെ. എല്ലാം ഞാൻ ദൈവത്തോട് തുറന്ന് പറഞ്ഞിട്ടുണ്ട്. അവൻ ഒരിക്കലുമെന്നെ കുറ്റം പറയില്ല.

'എങ്ങോട്ടാ അപ്പച്ചാ ഇത്ര ധൃതിയിൽ?'

ചോദ്യം പുറകിൽ നിന്നാണ്. തിരിഞ്ഞു നോക്കിയപ്പൊൾ കോളേജ് പിള്ളേര്. ദേഷ്യം ഇരമ്പി വന്നെങ്കിലും കടിച്ചമർത്തി മുന്നോട്ട് നടന്നു.

'എന്താ അപ്പച്ചാ ഇത്ര ഗൗരവം ഭാര്യയുമായി പിണങ്ങിവന്നതാണോ?'

പുറം മോടിയിൽ മാന്യനായ ചെറുപ്പക്കാരന്റെ ചോദ്യങ്ങളാണിത്. പക്ഷെ വളർത്തു ദോഷമെന്നല്ലാതെ എന്തു പറയാൻ.

വീട്ടുകാരെ പറയിപ്പിക്കാൻ ഓരോന്ന് ഇറങ്ങിക്കൊള്ളുമെന്ന് ഇച്ചിരി ഉറക്കെ തന്നെ പറഞ്ഞുകൊണ്ട് ഞാൻ അവരെക്കാൾ ഇച്ചിരി വേഗത കൂട്ടി.

പുറകിൽ അവർ എന്തൊക്കെയോ എന്നെ കുറിച്ച് പറഞ്ഞ് പൊട്ടിച്ചിരിക്കുന്നുണ്ട്. അവരെന്തു പറഞ്ഞാലും അതെന്നെ തൊടില്ല. വീട്ടിൽ മക്കളും മരുമക്കളും ചേർന്ന് തീർത്ത തീയിലായിരുന്നു ഞാൻ ഇത്രയും നാൾ. ചെറിയൊരു വെയിലിനു എന്നെ പൊള്ളിക്കാനാകില്ല.

എത്ര വേഗത കൂട്ടിയിട്ടും അവൻമാർക്ക് എന്നെ വിടാൻ ഭാവമില്ല. അവർക്ക് കളിക്കാൻ കിട്ടിയ പന്ത് പോലെയാണ് ഞാൻ. ആധുനിക നൂറ്റാണ്ടിനോട് സഹതാപമാണ്. പ്രായമായവരെ ബഹുമാനിക്കാൻ പോലുമറിഞ്ഞുകൂടാത്ത നികൃഷ്ടന്മാരായ പിള്ളേര്. വിവരം തൊട്ട് തീണ്ടിയിട്ടില്ലാത്തവർ. അപ്പനമ്മമാരെ കാണാൻ കണ്ണില്ലാത്തവന്മാര് വൃദ്ധരെല്ലാം അവർക്ക് കളിപ്പാട്ടമാണ്. അപ്പനും അമ്മയും ശല്യമായി തുടങ്ങിയാൽ പിന്നെയവരെ പാവകളാക്കാം. ആരോ

www.malankaralibrary.com

കൊടുത്ത കീയിൽ വെറുതെ പുലമ്പികൊണ്ടിരിക്കുന്ന പാവകൾ. വീട്ടിൽ അതുപോലൊരു പാവയായിരുന്നു ഞാനും.

അമ്പത് വർഷം പിന്നിൽ ഒരു കാലമുണ്ടായിരുന്നു. മൊബൈൽ ഫോണും കംമ്പ്യൂട്ടറും ടി.വി.യുമൊക്കെ നമ്മുടെ നാട്ടിൽ വരുന്ന തിനു മുമ്പുള്ള കാലം. അപ്പനെയും അമ്മയെയും അപ്പൂപ്പനെയും അമ്മൂമ്മയെയുമൊക്കെ മക്കൾ അനുസരിച്ചിരുന്ന കാലം, അവരുടെ ഇഷ്ടങ്ങളെ ആരാഞ്ഞ് ജീവിതം ക്രമപ്പെടുത്തിയിരുന്ന കാലം, വൈകു ന്നേരങ്ങളിൽ വീടിന്റെ വരാന്തപടിയിൽ എല്ലാവരുമൊരുമിച്ചിരുന്ന് ചായ കുടിച്ച് വേദനകളും തമാശകളും പറഞ്ഞിരുന്ന കാലം, ജീവിതത്തിന്റെ ഏതവസ്തയിലും ഊണ് മേശയുടെ ചുറ്റുമിരുന്ന് സന്തോഷത്തോ ടെ ഭക്ഷണം പങ്കിട്ടെടുത്തിരുന്ന കാലം. ഓരോന്ന് ഓർക്കുമ്പോൾ കോപം ആളിക്കത്തുകയാണ്. പക്ഷേ ഹൃദയകോവിലിന്റെ വാതിൽ തുറന്ന് ആരോ പറയുന്നു. ഇന്ന് രോഷം കൊള്ളാൻ പാടില്ല, ആരോടും ദേഷ്യപ്പെടാൻ പാടില്ല. കാരണം യാത്രകളെല്ലാം സന്തോഷത്തോടെ വേണം ചെയ്യാൻ.

ഇല്ലിക്കാടുകളും കുറ്റിച്ചെടികളും നിറഞ്ഞ വഴിയിലൂടെ നടന്ന് നടന്ന് ഏകദേശം മലയുടെ മുകളിലെത്താറായി. പിള്ളേര് ഒത്ത പുറകിലാണ്. കുറച്ചകലെയായി ഒരു കുടുംബത്തെ കാണുന്നുണ്ട് കുറവനും കുറവന്റെ കൈയിലെ കോഴിയും, കുറത്തിയും അവരുടെ യൊരു മകനും. ഏതായാലും ഇതുവരെ വന്നു, അവരെക്കൂടെ കണ്ടി ട്ട് ബാക്കി മലകയറാമെന്നുറച്ചു. ഒരു ശില്പിയുടെ കഴിവ് മുഴുവൻ അയാൾ ആ പാറക്കല്ലിൽ കൊത്തിവച്ചിട്ടുണ്ട്. ആ ശില്പത്തിലേയ്ക്ക് നോക്കിയിട്ട് കണ്ണെടുക്കാൻ കഴിയുന്നില്ല. അത്ര സുന്ദരമാണ് ആ ശില്പം. ആ കുടുംബത്തെ കാണുമ്പോൾ ചിന്തകൾ പഴയ സന്തോ ഷങ്ങളും വേദനകളും കൊണ്ടു വന്ന് എന്റെ ലക്ഷ്യത്തിന് തടസ്സം നിൽക്കാൻ തുടങ്ങുമെന്ന് തോന്നിയപ്പോൾ, കാലുകളെ നിർബന്ധിച്ച് ഞാൻ തിരികെ നടത്തിപ്പിച്ചു.

തിരികെ മലമുകളിലേയ്ക്ക് നടക്കുമ്പോൾ ഞാൻ താഴോട്ട് ഒന്ന് നോക്കി ഭാഗ്യം പിള്ളേര് ഇതുവരെ എത്തിയിട്ടില്ല. ഇരുട്ടി തുടങ്ങി യതു കൊണ്ട് മലയുടെ അഗ്രത്തിൽ ഒന്നോ രണ്ടോ പേരല്ലാതെ വേറാരുമില്ലാ. ഞാനെന്റെ നടത്തം ദ്രുതഗതിയിലാക്കി. കാറ്റ് ശക്ത മായി വീശുന്നുണ്ട്. കാലം സമ്മാനിച്ച ക്ഷീണം ശരീരത്തിന്റെ ഭാരം കുറച്ചതു കാരണം ചില നേരത്തെങ്കിലും കാറ്റിന്റെ ഇഷ്ടത്തിനൊത്ത് ശരീരം ഒഴുകി പോയി. എങ്കിലും സർവ്വശക്തിയും സംഭരിച്ച് പാറകൾ ഓരോന്നായി ഞാൻ ചവിട്ടികയറി 'രാമൻ കാല് വച്ച മേടിന്റെ' അഗ്ര ത്തിലെത്തി. എവറസ്റ്റ് കീഴടക്കിയവന്റെ സന്തോഷം എന്റെയുള്ളിൽ അലതല്ലി. ഞാൻ അല്പനേരം നെഞ്ചും വിരിച്ച് തലയുയർത്തി പിടിച്ച്

www.malankaralibrary.com

നിന്നു. എൺപത്തിയഞ്ചാമത്തെ വയസ്സിലും എനിക്ക് വിജയിക്കാൻ കഴിയുമെന്ന് ഞാൻ തെളിയിച്ചു.

പിള്ളേരിവിടെ എത്തുന്നതിനു മുമ്പ് ചാടണം അവസാനമായി ഒരിക്കൽ കൂടിയെല്ലാവരെയും മനസ്സിലൊന്നോർത്തു. ഉള്ളിൽ ആരോടും പറയാതെ ചങ്ങലയ്ക്കിട്ടിരുന്ന വിഷമം ഞാൻ പോലും അറിയാതെ അധരം ആരോടെന്നില്ലാതെ പറഞ്ഞു.

മക്കളും മരുമക്കളും ഒരിക്കൽ പോലും എനിക്ക് പറയാനുള്ളത്, കേൾക്കാൻ നിന്നുതന്നിട്ടില്ല. ഞാൻ സാധാരണ നാട്ടിൻ പുറത്തുകാരനാണ്. നിങ്ങളുടെ കമ്പ്യൂട്ടറും മൊബൈൽ ഫോണും ഞാൻ കണ്ടു വളർന്നവനല്ല. പൊരിയുന്ന വെയിലത്തും, ഉരുകുന്ന മഞ്ഞിലും, കോരിച്ചൊരിയുന്ന മഴയത്തും, മണ്ണിനോട് മല്ലിട്ട് വളർന്നവനാണ്. എന്റെ ശരീരത്തിന് ചേറിന്റെ മണമുണ്ടാകും. നിങ്ങളുടെ കോട്ടും സ്യൂട്ടും എനിക്കിടാൻ അറിയില്ല. ഒറ്റ മുണ്ടും തോർത്തുമാണെന്റെ വസ്ത്രം. നിങ്ങൾ പറയുന്ന ഇംഗ്ലീഷ് പഠിക്കാൻ എന്റെ അപ്പനെന്നെ സ്കൂളിൽ വിട്ടില്ല. ദാരിദ്ര്യവും പട്ടിണിയും അപ്പനെ അതിനനുവദിച്ചില്ല. എങ്കിലും നെഞ്ചും വിരിച്ചു നിന്ന് ഈ ലോകത്തോട് ഞാൻ വിളിച്ചു പറയും. ഞാനെന്റെ മക്കളെ പഠിപ്പിച്ച് നല്ല നിലയിലാക്കിയെന്ന്.

'അപ്പച്ചോ, ആരുമില്ലാത്ത നേരത്ത് ഒറ്റയ്ക്ക് നിന്ന് ആരോടാ ഈ പ്രസംഗം?'

നാശം പിടിച്ച പിള്ളേര് വീണ്ടും വന്നു കയറിയെന്ന് മനസ്സിൽ പറഞ്ഞപ്പോൾ, മനസ്സ് വീണ്ടും ശാസിച്ചു.

അരുത്, അന്ത്യയാത്ര സന്തോഷ പൂർണ്ണമായിരിക്കണം.

അവരെ നോക്കിയൊന്ന് പുഞ്ചിരിച്ചിട്ട്, ഒരു പാറ താഴെയിറങ്ങി, അവരുടെ കൺവെട്ടത്ത് നിന്ന് മാറി നിന്നു. താഴത്തെ പാറയുടെ അഗ്രത്തിൽ ചെന്ന് നിന്നപ്പോഴും ഒട്ടും പേടി തോന്നിയില്ല. രണ്ടായിരത്തിയഞ്ഞൂറോളം അടി താഴ്ച്ചയുണ്ട്. സന്ധ്യയായതുകൊണ്ട് താഴെ ഭാഗം വ്യക്തമല്ല.

കറുത്തിരുണ്ട താഴെ ഭാഗത്തേയ്ക്ക് നോക്കുമ്പോൾ മനസ്സിൽ തെളിഞ്ഞത് നരകമാണ്. കുറ്റബോധത്തിന്റെ നേരിയ പ്രകാശം ആരോ ഹൃദയത്തിൽ തെളിയിച്ചു വച്ചു. ചെയ്യുന്നത് തെറ്റാണെന്നൊരു തോന്നൽ. ഞാൻ പാറയുടെ അഗ്രത്തിൽ നിന്ന് ഒരടി പിന്നോട്ട് വച്ചു. എന്തു ചെയ്യണമെന്നറിയാതെ ഒരു നിമിഷം ഞാൻ പകച്ചു നിന്നു. ഞാൻ എന്തിനാണ് ഇവിടെ വന്നതെന്നു കൂടി മറന്നു പോയി. അപ്പോഴേയ്ക്കും മനസ്സ് മക്കളോട് മാപ്പ് ചോദിക്കുകയായിരുന്നു.

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

ഒരു നിമിഷത്തെ ചിന്തയ്ക്ക് ശേഷം ഞാനെന്റെ മനസ്സിനു ശക്തി പകർന്നു. ഈ ലോകത്തെ ഒരു ശക്തിക്കും എന്നെ പിൻതിരിപ്പിക്കാനാവില്ല. തോറ്റോടാൻ ഞാൻ തയ്യാറല്ലാ. പിന്നോട്ട് വച്ച കാല് ഞാൻ മുന്നോട്ട് വച്ചു. മെല്ലെയെന്റെ ശരീരത്തെ പിള്ളേരു കാണാതെ ഒരു ശബ്ദവുമുണ്ടാക്കാതെ ചരിച്ചു. പിന്നെ വായുവിലൂടെ ഒഴുകി നടന്നു. ഒഴുകുന്നതിനിടയിൽ ആരോടൊന്നില്ലാതെ മനസ്സ് ഉള്ളിൽ പിറുപിറുത്തു.

മക്കളെനിക്ക് മാപ്പ് തരണം. ചിലപ്പോൾ ഈ പഴഞ്ചനപ്പന് നിങ്ങളെ മനസ്സിലാവാതെ പോയതാവും. നിങ്ങളാവും ചിലപ്പോൾ ശരി. പക്ഷെ ഇനിയൊരു ആയുഷ്കാലം മുഴുവൻ കിട്ടിയാലും ആ ശരിക്കൊപ്പ മെത്താൻ ഈ അപ്പനു സാധിക്കില്ലായെന്ന് ഉറപ്പുള്ളത് കൊണ്ടാണ്. മാപ്പ്....... മാപ്പ്.

ആരുടേയോ ആക്രോശം കേട്ടാണ് ഉണർന്നത്; ചിലപ്പോൾ സാത്താനാകും എന്റെ ആത്മാവിനുവേണ്ടി. കണ്ണുതുറക്കുമ്പോൾ മക്കളാണ് കലിതുള്ളിചാടുന്നത്. മരുമക്കൾ ഒരു മൂലയിൽ ദേഷ്യം അമർത്തിപ്പിടിച്ചിരിക്കുന്നു. ബഹളം വച്ചത് കൊണ്ട് ഡോക്ടർ വന്ന് അവരെയെല്ലാം പുറത്താക്കി.

ഡോക്ടറും ഒരു ചെറുപ്പക്കാരനും മാത്രം അകത്ത്. ഒറ്റ നോട്ടത്തിൽ തന്നെ എനിക്കവനെ മനസ്സിലായി. രാമക്കൽമേട്ടിൽ വച്ച് എന്നെ ശല്യപ്പെടുത്തിയവൻ. ഞാനുറപ്പിച്ചു. ഇവൻ തന്നെയാണ് എന്നെ രക്ഷിച്ചത്. നശിച്ചവൻ, അവൻ ഒരു കാലത്തും ഗുണം പിടിക്കില്ല. സന്തോഷത്തോടെ മരിക്കാൻ പോലും അനുവദിക്കാതെ കുത്തുവാക്കുകളെ കേൾപ്പിച്ചവനെ, ഇപ്പോൾ തന്നെ കഴുത്ത് ഞെരിച്ച് കൊല്ലണമെന്നുണ്ട്. കോപം ആളിക്കത്തി ദേഹമാസകലം ചൂടായിരിക്കുമ്പോൾ, കാലിൽ ഒരു തണുപ്പ് തലപൊക്കി നോക്കുമ്പോൾ ആ ചെറുപ്പക്കാരൻ കാലിൽ മുറുകെ പിടിച്ചിരിക്കുന്നു. എനിക്ക് അവനോടുള്ള ദേഷ്യം ഇരട്ടിച്ചതല്ലാതെ അല്പം പോലും കുറഞ്ഞില്ല. ഞാൻ മുഖം തിരിച്ച് കിടന്നപ്പോൾ അവനെന്റെ അടുത്ത് വന്ന് പറഞ്ഞു.

'അപ്പച്ചൻ എന്നോട് ക്ഷമിക്കണം. ഉള്ളിൽ ഏതു സമയത്തും പൊട്ടിത്തെറിക്കാവുന്ന ഒരു അഗ്നി പർവ്വതവുമായാണ് നടക്കുന്നതെന്ന് എനിക്ക് അപ്പച്ചനെ കണ്ടപ്പോൾ തന്നെ മനസ്സിലായി. ആ സന്ധ്യയിൽ ഒറ്റയ്ക്ക് അപ്പച്ചൻ രാമക്കൽമേട് കയറുന്നതിന്റെ ഉദ്ദേശം നല്ലതിനല്ലെന്ന് മനസ്സിലായതുകൊണ്ട് പിൻതിരിപ്പിക്കാനാണ് ഞാനങ്ങനെയൊക്കെ പറഞ്ഞത്. അപ്പച്ചനറിയാതെ അപ്പച്ചൻ കാണാതെ ഞങ്ങൾ അപ്പച്ചനെ നിരീക്ഷിക്കുകയായിരുന്നു'.

ഇതെല്ലാം കേട്ടപ്പോൾ എരിതീയിൽ എണ്ണ കോരിയൊഴിച്ചതുപോലെ എന്റെ കോപം ജ്വലിച്ചു. ആ ഡോക്ടർ ഇല്ലാതിരുന്നെങ്കിൽ

www.malankaralibrary.com

ഞാനവനെ ഒറ്റതൊഴിക്ക് കൊന്നേനേ. കോപം അടക്കിപ്പിടിച്ച് ഒന്നും ഉരിയാടാതെ കണ്ണുകളടച്ച് ഞാൻ കിടന്നു.

ഇനിയുള്ള എന്റെ ജീവിതത്തെ കുറിച്ചോർക്കുമ്പോൾ ദേഹമാസകലം ഒരു വിറയലാണ്. ബാക്കി വീട്ടിൽ ചെന്നിട്ട് പറയാമെന്ന് പറഞ്ഞാണ് മക്കൾ പോയിരിക്കുന്നത്. വീട്ടിൽ ചെല്ലുമ്പോൾ ഉറപ്പായും മക്കളും മരുമക്കളും ചോദിക്കും അപ്പന് ഇവിടെ എന്തിന്റെ കുറവാണെന്ന്? ആത്മഹത്യ ചെയ്യേണ്ട വല്ല കാര്യവും ഉണ്ടായിരുന്നോയെന്ന്. വെറുതെയിരിക്കുമ്പോൾ കാണാൻ ടി.വിയുണ്ട്, ചൂടെടുക്കാതിരിക്കാൻ മുറിയിൽ ഏ.സി യുണ്ട്, സമയാസമയത്ത് ഭക്ഷണം വച്ചു തരാൻ വേലക്കാരിയുണ്ട്, പിന്നെയെന്തിനാണ് അപ്പൻ ആത്മഹത്യയ്ക്ക് ശ്രമിച്ചത്.

അവരെല്ലാം മാറി മാറി ഇതൊക്കെ പറയുമ്പോൾ ഞാനവരോട് പലയാവർത്തി പറഞ്ഞ് തളർന്ന കാര്യം ഞാൻ എന്നോട് തന്നെ പറയും. ഈ അപ്പൻ ഒരു മനുഷ്യനാണ് പച്ച മനുഷ്യൻ, ചോരയും നീരും വികാരങ്ങളുമുള്ള മനുഷ്യൻ. എല്ലാ സൗകര്യങ്ങളും നിങ്ങൾ ഒരുക്കി തന്നപ്പോൾ ഒരു കാര്യം തരാൻ വിട്ടുപോയി, സ്നേഹം. സ്നേഹം തരാതെ വേറെ എന്ത് തന്നെന്ന് പറഞ്ഞാലും അതൊക്കെ നിരർത്ഥകമാണ്.

ഞാൻ കണ്ണുകൾ തുറന്നപ്പോൾ അവൻ അടുത്തില്ല. ഏതാനും മിനിറ്റുകൾക്കുള്ളിൽ അവൻ വീണ്ടും അകത്തേയ്ക്ക് കടന്ന് വന്നു. അകത്ത് വരുമ്പോൾ അവന്റെ കയ്യിൽ ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവൻ തലയ്ക്കരികിൽ വന്നു നിന്നുകൊണ്ട് വീണ്ടും പറഞ്ഞു തുടങ്ങി.

'ഞങ്ങളുടെ കല്യാണം കഴിഞ്ഞ മാസമായിരുന്നു. ഞങ്ങൾ രണ്ട് പേരും ഐ.ടി. കമ്പനിയിൽ ജോലി ചെയ്യുന്നു. തെരുവിലാണ് ഞങ്ങൾ രണ്ട് പേരുടേയും ജനനം അനാഥാലയത്തിലാണ് വളർന്നത്. അപ്പനെന്നും അമ്മയെന്നും വിളിക്കാൻ ഒത്തിരി കൊതിച്ചിട്ടുണ്ട്. പക്ഷെ സാധിച്ചിട്ടില്ല. അപ്പച്ചന്റെ മക്കൾ പറയുന്നതെല്ലാം ഞങ്ങൾ കേട്ടു. ചോദിക്കാൻ അനുവാദമില്ലെന്നറിയാം, പറയുന്നത് തെറ്റാണെന്നുമറിയാം, എങ്കിലും ചോദിച്ചോട്ടെ വിരോധമില്ലെങ്കിൽ ഞങ്ങളുടെ കൂടെ പോരാമോ ഞങ്ങൾ പൊന്നുപോലെ നോക്കിക്കൊള്ളാം. വീട്ടിൽ ഒരപ്പനായിട്ടല്ല....... ദൈവത്തെപ്പോലെ ഞങ്ങൾ നോക്കും'.

മറുപടി പറയാൻ കഴിയുന്നില്ല. വലിയ മഞ്ഞുമല ഒറ്റ സെക്കന്റിൽ ഉരുകി ഇല്ലാതായത് പോലെ. എന്തൊക്കെയോ കൊണ്ട് നിറഞ്ഞു നിന്നിരുന്ന മനസ്സ് ഒറ്റ നിമിഷം കൊണ്ട് ശൂന്യമായി. വാക്കുകളുടെ കലവറ ആരോ അകത്ത് നിന്ന് പൂട്ടി. ഞാനവനെ ചേർത്ത് പിടിച്ചു. പിന്നെയൊരു പൊട്ടിക്കരച്ചിലായിരുന്നു.

■

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

# പാതിരാവിൽ പെയ്തിറങ്ങിയ സംഗീതം

**അ**വൻ ആദ്യം നിലത്ത് മുട്ടുകുത്തി, പിന്നെ കുമ്പിട്ട് ഓരോ പുല്ലിനെയും ചുംബിച്ച് മാപ്പ് ചോദിച്ചു. ചെരുപ്പ് ഊരി കൈയിൽ പിടിച്ച് ആ പുല്ലുകൾക്ക് മീതെ  നടന്നു. അത്ര നിഷ്കളങ്കനായിരുന്നു ജോയി.

ജോയി എന്ന പേരിനർത്ഥം ആനന്ദമെന്നാണെങ്കിലും ദു:ഖവും ദുരിതവും ദാരിദ്ര്യവുമാണവന്റെ കൂട്ടുകാർ. പുര നിറഞ്ഞു നിൽക്കുന്ന രണ്ട് പെങ്ങന്മാർ, ക്ഷയരോഗം കൊണ്ട് ഒന്ന് ചുമയ്ക്കുവാൻ പോലും ആരോഗ്യമില്ലാതെ കിടക്കുന്ന അപ്പൻ, ജനിക്കുമ്പോൾ തന്നെ ദൈവം കൂടെ കൊടുത്തുവിട്ട ആസ്മയുള്ള അമ്മ, തലയ്ക്ക് സുഖമില്ലാത്ത ഒരനിയൻ. അങ്ങനെ എല്ലാം കൊണ്ടും സമ്പന്നമാണ് ജോയിയുടെ വീട്.

നാട്ടുകാർ മുഴുവൻ വരൾച്ചയിൽ മഴയ്ക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ ഒരിക്കലും മഴപെയ്യരുതേ എന്നാണ് അവന്റെ പ്രാർത്ഥന. പുറത്ത് മഴ പെയ്താൽ അതിലും നന്നായി വീടിനകത്ത് മഴപെയ്യും.

രണ്ട് ദിവസമായി ആ വീട്ടിൽ ആരെങ്കിലും ഭക്ഷണം കഴിച്ചിട്ട്. ആർക്കും അതിൽ പരാതിയില്ല. ആരും ഭക്ഷണം വേണമെന്ന് ചോദിക്കാറുമില്ല. അടുക്കള ഏത് ഭാഗത്താണ് എന്ന് പോലും അവർ മറന്നു തുടങ്ങി.

ഇനി എല്ലാവരുടെയും പ്രതീക്ഷ ജോയിയിലാണ്. അന്നത്തെ സന്ധ്യയിൽ ജോയി നാളെ മുതൽ ജോലിക്ക് പോകുമെന്ന് തീരുമാനിച്ചു. ഇന്നലെ അവന്റെ പതിനഞ്ചാമത്തെ പിറന്നാളായിരുന്നു. ആരും അത് ഓർത്തില്ല. എന്നോ കിട്ടിയ ശാപം പോലെ ജോയി മാത്രം അത് ഓർത്തു.

ആ രാത്രിയിൽ ഒരു സ്വപ്നം കണ്ട് ജോയി ഞെട്ടി ഉണർന്നു. അവന്റെ കിതപ്പിൽ നിന്ന് അറിയാമായിരുന്നു സ്വപ്നത്തിന്റെ ഭീകരത.

www.malankaralibrary.com

മൊന്തയിൽ നിന്ന് അല്പം വെള്ളം കുടിച്ചപ്പോൾ കിട്ടിയ ആശ്വാസത്തിൽ വിയർപ്പ് തുടച്ച് അവൻ വീണ്ടും കിടന്നു. ഉറങ്ങാൻ വേണ്ടി കൺപോളകൾ ഇറുക്കെ അടച്ച് നോക്കി, പറ്റുന്നില്ല. കൺപോളകൾ അടയാൻ വല്ലാതെ മടി കാണിക്കുന്നു. അപ്പോഴേക്കും നിദ്ര അവനെ വിട്ട് എവിടെയോ ഓടി പോയിരുന്നു. അടയാത്ത കൺപോളകൾ തുറന്ന് പിടിച്ച് അങ്ങനെ കിടക്കുമ്പോൾ അകലെ നിന്നെവിടെയോ ആരോ പാടുന്ന ഒരു പാട്ട് അവൻ കേട്ടു. ആ പാട്ടിന് വല്ലാത്ത ആകർഷണീയത ഉണ്ടായിരുന്നു. ഒന്നുകൂടി ആ പാട്ട് ശ്രദ്ധിച്ച് അവൻ കിടന്നു.

ആ പാട്ടിന്റെ ഉറവിടം തേടി പോകണമെന്ന് ആരോ മനസ്സിലിരുന്ന് പ്രേരിപ്പിക്കുന്നു. മനസ്സില്ലാ മനസ്സോടെ കാലിലെ പുതപ്പ് മാറ്റിയിട്ട് ശബ്ദമുണ്ടാക്കാതെ ജോയി വീടിനു പുറത്തിറങ്ങി. ആ സംഗീതത്തിന്റെ പിന്നാലെ അവൻ നടന്നു.

ദൂരെ കണ്ട കുടിലിൽ മങ്ങിയ വെളിച്ചമുണ്ടായിരുന്നു. പകലിന്റെ അദ്ധ്വാനം കഴിഞ്ഞ് ക്ഷീണിച്ചവശനായി കിടന്നുറങ്ങുന്ന ഗൃഹനാഥനെ വിളിച്ചുണർത്തി അവൻ ചോദിച്ചു.

'നിങ്ങൾ കേട്ടുവോ ആരെയും ആകർഷിക്കുന്ന ആ സംഗീതം?'

ശല്യപ്പെടുത്തിയത് തീരെ ഇഷ്ടപ്പെടാത്ത രീതിയിൽ ചുറ്റുപാടും ഒന്ന് ചെവി കോർത്തിട്ട് അയൾ പറഞ്ഞു.

'എന്റെ ഭാര്യയുടെയും മക്കളുടെയും ശ്വാസോച്ഛ്വാസമല്ലാതെ ഞാൻ ഒന്നും കേൾക്കുന്നില്ല'.

അയാളുടെ ഉത്തരം വിഷമിപ്പിക്കുന്നതായിരുന്നെങ്കിലും ജോയി പിന്നെയും നടന്നു, ആ സംഗീതത്തിന്റെ ഉത്ഭവം തേടി.

പാടങ്ങളും തോട്ടങ്ങളും കവലകളും താണ്ടി ജോയി ഒരു കാടിനകത്തെത്തി. അവിടെ കണ്ട നായാട്ടുകാരനോട് ചോദ്യം ആവർത്തിച്ചു. അയാളും ചുറ്റും ചെവി കൂർപ്പിച്ചിട്ടു പറഞ്ഞു.

'പേടിച്ച് ഓടുന്ന മാൻപേടകളുടെ കരച്ചിലല്ലാതെ ഞാൻ ഒന്നും കേൾക്കുന്നില്ല'.

അയാളുടെ ഉത്തരവും നിരാശനാക്കിയെങ്കിലും ജോയി തളർന്നില്ല. കാടും നദിയും മലയും കടന്ന് ജോയി വീണ്ടും നടന്നു. രാജ്യത്തിന്റെ അതിർത്തിയിൽ അതിർത്തി കാക്കുന്ന കാവൽ ഭടന്മാരോട്, ചോദ്യം ആവർത്തിച്ചു. ഒന്ന് ചെവിയോർത്തിട്ട് അവർ പറഞ്ഞു.

'ശത്രു സൈന്യത്തിന്റെ വെടിയൊച്ചകളല്ലാതെ ഞങ്ങൾ ഒന്നും കേൾക്കുന്നില്ല'.

www.malankaralibrary.com

ജോയി തോൽക്കാൻ തയ്യാറല്ലായിരുന്നു. ആ സംഗീതം ജോയിയെ അടുത്ത് വിളിക്കുന്നത് പോലെ തോന്നി. അതിന്റെ സമീപം ചെല്ലാൻ അവൻ വീണ്ടും നടന്നു. രാവും പകലും അനേകം കടന്നുപോയി, ഋതുക്കൾ പലതും മാറിവന്നു. വഴിയിൽ കണ്ടവരോടെല്ലാം ജോയി ചോദിച്ചു. ആരും കേൾക്കുന്നില്ല എന്ന് ഉത്തരം പറഞ്ഞു.

പലരും വഴിയിൽ ജോയിയെ ഭ്രാന്തനെന്ന് വിളിച്ചു. ചിലരൊക്കെ കല്ലുകൾ എടുത്തെറിഞ്ഞു. ആരൊക്കെയോ മുഖത്ത് കാർക്കിച്ച് തുപ്പി. എന്നിട്ടും ജോയി തകർന്നില്ല. തന്നെ മാടി വിളിക്കുന്ന സംഗീതത്തെ തേടി അവൻ യാത്ര ചെയ്തു.

കെട്ടിക്കാറായ പെങ്ങന്മാരെ ജോയി മറന്നു. ഒന്ന് എഴുന്നേൽക്കാൻ പോലുമാകാതെ കിടക്കുന്ന അപ്പനെയും അമ്മയെയും മറന്നു. തലയ്ക്ക് സുഖമില്ലാത്ത കുഞ്ഞനിയനെയും ജോയി മറന്നു. ഇന്ന് ജോയിക്ക് ഒറ്റ ലക്ഷ്യമേ ഉള്ളൂ ആ സംഗീതത്തെ കണ്ടെത്തണം.

നടന്നവസാനം ജോയി ഒരു സന്യാസിയുടെ അടുക്കലെത്തി. സന്ന്യാസിയോടും ജോയി ചോദ്യം ആവർത്തിച്ചു. സന്യാസിയും ജോയിയെ കൈ ഒഴിഞ്ഞു. ജോയിക്ക് സങ്കടം സഹിക്കാൻ വയ്യാതെയായി. അവൻ ഒരു കൊച്ചുകുട്ടിയെപ്പൊലെ പൊട്ടിക്കരയാൻ തുടങ്ങി.

സന്യാസി അവനെ ആശ്വസിപ്പിച്ചു. എന്നിട്ട് ഓരോ കാര്യങ്ങളും ചോദിച്ചറിഞ്ഞു. ഒരു രാത്രിയിൽ കേട്ട സംഗീതത്തെ തേടിയിറങ്ങിയ കഥ അവൻ വിവരിച്ചു. സന്യാസിക്ക് കാര്യ മനസ്സിലായി.

സന്യാസി തന്റെ ചെവി ജോയിയുടെ നെഞ്ചോട് ചേർത്ത് വച്ചു. സന്യാസിയും കേട്ടു ആ സംഗീതം. കസ്തൂരിമാനിനെപ്പോലെ സൗരഭ്യം കാത്ത് സൂക്ഷിച്ചിട്ട് പുറത്ത് അതിനെ തേടി അലയുകയായിരുന്നു നീ ഇത്രയും നാളെന്ന് സന്യാസി പറഞ്ഞപ്പോൾ ജോയി അറിയാതെ കരഞ്ഞുപോയി.

സന്യാസിയോട് നന്ദി പറഞ്ഞ് ജോയി യാത്രയായി. തെരുവിന്റെ ഒരു കോണിൽ ആരും കാണാത്ത സ്ഥലത്ത് ജോയി ചമ്രം പടഞ്ഞിരുന്നു. മെല്ലെ കണ്ണുകളടച്ചു. ആ സംഗീതത്തെ അവൻ അടുത്തറിഞ്ഞു. അതിന്റെ ദിവ്യത അവന്റെ മുഖത്തെ മഹത്വീകരിച്ചു. ആ സംഗീതത്തിൽ ജോയിയുടെ പെങ്ങന്മാരുടെ വിവാഹം നടക്കുന്നുണ്ടായിരുന്നു. പാടത്ത് അപ്പൻ ആരോടൊക്കെയോ തമാശ പറഞ്ഞ് കറ്റകൾ കൊയ്യുന്നുണ്ടായിരുന്നു. തിളച്ച് മറിയുന്ന കഞ്ഞിക്കലത്തെ കുറ്റം പറഞ്ഞ് അമ്മ തേങ്ങ ചുരണ്ടുന്നുണ്ടായിരുന്നു. സ്കൂളിൽ കുട്ടികളോടൊത്ത് ഓടിക്കളിക്കുന്ന കുഞ്ഞനുജനുമുണ്ടായിരുന്നു.

■

www.malankaralibrary.com

# എന്നെ ഒന്ന് സ്നേഹിക്കാമോ

**അ**വന്റെ നിറം കറുപ്പായിരുന്നു. അപ്പനും അമ്മയുമില്ലാത്ത അവന് സമൂഹം നൽകിയ പേര് കരുമാടികുട്ടൻ. ആരും തന്നെ അവനെ ഇഷ്ടപ്പെട്ടിരുന്നില്ല. ഒറ്റപ്പെടലുകൾ മാത്രമാണ് ലോകം അവന് സമ്മാനിച്ചത്. കാണുന്നവരോടെല്ലാം അവൻ ഒരു യാചകനെപ്പോലെ കേണു.

'എന്നെ ഒന്ന് സ്നേഹിക്കാമോയെന്ന്.......'

ആരും അവന്റെ ചോദ്യത്തിന് ചെവികൊടുത്തില്ല. അമ്മമാരോട് ചേർന്ന് സാരിത്തുമ്പും പിടിച്ചു നടക്കുന്ന മക്കളെ കാണുമ്പോൾ മുഖം പൊത്തി അവൻ പൊട്ടിക്കരയും. കൈകൾ കോർത്തു പിടിച്ച് കടൽക്കരയിൽ സല്ലപിക്കുന്ന പ്രണയിതാക്കളെ കാണുമ്പോൾ അവന്റെ ഉള്ളിൽ കൊള്ളിയാൻ മിന്നും, തമാശകൾ പറഞ്ഞു പൊട്ടിച്ചിരിക്കുന്ന കൂട്ടുകാരെ കാണുമ്പോൾ തകരുന്നത് അവന്റെ ഹൃദയമാണ്. ഭാര്യമാരെ പുറകിലിരുത്തി യാത്ര ചെയ്യുന്ന ഭർത്താക്കന്മാരെ കാണുമ്പോൾ തലനിലത്ത് മുട്ടിച്ച് അവൻ അവന്റെ അവസ്ഥയെ ശപിക്കും.

ഒരു ദിവസം പറന്നു നടന്ന ഒരു ചിത്രശലഭത്തെ പിടിച്ചശേഷം അവൻ ചോദിച്ചു.

'എന്നെ ഒന്ന് സ്നേഹിക്കാമോയെന്ന്......'

ഒന്നും പറയാതെ ചിത്രശലഭം അവനെ വിട്ടകന്നു. ആകാശത്തേയ്ക്ക് മിഴികൾ പായിച്ച് അകലെ കടലിനടിയിൽ ഒളിക്കാൻ പോകുന്ന സൂര്യനോട് തൊണ്ടപൊട്ടുമാറ് ഉച്ചത്തിൽ അവൻ വിളിച്ചു ചോദിച്ചു.

'എന്നെ ഒന്ന് സ്നേഹിക്കാമോയെന്ന്.......'

ജോസ് മുണ്ടപ്ലാവിള

www.malankaralibrary.com

ഒന്നുമുരിയാടാതെ സൂര്യനും ആഴിക്കടിയിലെവിടെയോ മറഞ്ഞു.

അവസാനം ജീവിതം അവന്റെ കൈവിട്ട് പോയി എന്ന് മനസ്സിലാക്കിയപ്പോൾ, ദൂരെക്കണ്ട മലയിൽ ഓടിക്കയറിയിട്ട്, അവിടെ നാട്ടിയിരുന്ന കുരിശിൽ തൂങ്ങിക്കിടക്കുന്ന മനുഷ്യന്റെ കാലിൽ പിടിച്ചുകുലുക്കിയിട്ട് അവൻ ചോദിച്ചു.

'എന്നെ എന്തിനാ സൃഷ്ടിച്ചത്. നേരമ്പോക്കിനായിരുന്നു ഈ ശരീരം നീ എനിക്ക് തന്നതെങ്കിൽ ഞാനിതുപേക്ഷിക്കാൻ പോകുകയാണ്. ആർക്കും വേണ്ടാത്ത ഈ വെറുക്കുന്ന ജീവിതമെനിക്കു വേണ്ട'.

അവൻ പൊട്ടിക്കരഞ്ഞു.

മുകളിൽ നിന്നു തലയിൽ വീണ ചുടുകണ്ണീർ. അവൻ തലയുയർത്തി നോക്കിയപ്പോൾ ക്രിസ്തുവും കരയുന്നു. കരച്ചിലിനിടയിൽ ക്രിസ്തു ചോദിച്ചു.

'ആരു പറഞ്ഞു നീ ആർക്കും വേണ്ടാത്തവനാണെന്ന്..........'

ക്രിസ്തുവിന്റെ സ്വരം പതറുന്നുണ്ടായിരുന്നു.

'ഇത്രയും നാളും ഈ ഉള്ളം കയ്യിലല്ലേ നിന്നെ ഞാൻ വളർത്തിയത്, നീ ഉറങ്ങുവാൻ താരാട്ടു പാടിതന്നത് ഞാനല്ലേ, നിനക്കെന്നും ചോറുവാരി തന്നത് ഞാനല്ലേ, ആരും നിന്നെ സ്നേഹിച്ചില്ലെങ്കിലും ഞാനില്ലേ നിന്റെ കൂടെ........'

അന്നു വൈകുന്നേരം അതുവഴി പോയവരെല്ലാം കണ്ടു, ക്രൂശിൽ തൂങ്ങി കിടക്കുന്ന ക്രിസ്തുവിന്റെ തോളിൽ ഒരാളെ....

■

www.malankaralibrary.com



തന്റെ ജീവിതാനുഭവങ്ങളും
ആശംസകളും കഥാരൂപത്തിൽ
പ്രസിദ്ധീകരിക്കുമ്പോൾ ദൈവോന്മുഖമായി
ചിന്തകൾ കേന്ദ്രീകരിക്കപ്പെടും
എന്നതിൽ സംശയമില്ല.
പൗരോഹിത്യത്തിന്റെ അഗ്നിശോഭയിൽ
ചുറ്റുപാടും പ്രകാശം നൽകുവാനും
വിശുദ്ധിയുടെ പരിമളം
വർഷിക്കുവാനും ഈ ശുശ്രൂഷ
ഉപകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**✝കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**



നന്മയുടെ പരിമളം ചൊരിയുന്ന,
പുഞ്ചിരി തൂകുന്ന കഥാമഞ്ജരിയാണ്
ജോസ് മുണ്ടപ്ലാവിള അച്ചന്റെ പുസ്തകം,
നേർവഴി തെറ്റിയ ജീവിതങ്ങളെ കരുണാർദ്രമായ
കണ്ണുകളോടെയാണ് ഈ യുവവൈദികൻ
നോക്കികാണുന്നത്. പ്രകാശത്തിന്റെ വഴിയിലേക്ക്
അവരെ നയിക്കാനുള്ള പ്രതിജ്ഞാബദ്ധത
എങ്ങും പ്രകടമാകുന്നു.

*ഡോ. ജോർജ്ജ് ഓണക്കൂറിന്റെ അവതാരികയിൽ നിന്ന്*



# കനലിൽ വിരിഞ്ഞ പൂവ്

**ജോസ് മുണ്ടപ്ലാവിള**

**MS PUBLICATIONS**

St. Mary's Malankara Major Seminary
Nalanchira, Thiruvananthapuram

₹ 80.00